# സത്യദൂതൻ

2018 ആഗസ്റ്റ് | ലക്കം 8

വില ₹ 30




## കേരളത്തിലെ മാർത്തോമാ നസ്രാണികളുടെ അത്യപൂർവ ശ്ലൈഹിക പാരമ്പര്യം

## രണ്ട് സഹാബിമാരുടെ സമുജ്ജ്വലമാതൃകകൾ

## കുമ്പസാരം ഒരു മുക്തി മാർഗമോ?

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons
In 15 languages

**MTA**
Watch MTA Live, view
Schedule and much more

**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2018 ആഗസ്റ്റ്
ഹി.ശ.1398 - സുഹൂർ
1439 ദുൽഖഅദ് - ദുൽഹജ്ജ്
പുസ്തകം 90 ലക്കം 8
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



മുഖ ചിത്രം: സെന്റ് തോമസ് പണിതതെന്ന് വിശ്വസിക്കപ്പെടുന്ന കൊടുങ്ങല്ലൂരിലെ ചർച്ച്.

5 **എഡിറ്റോറിയൽ**

6 **യുഗശബ്ദം**



7
ഖുത്ബ സംഗ്രഹം
**രണ്ട് സഹാബിമാരുടെ സമുജ്ജ്വലമാതൃകകൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 27-07-2018 ന് ബൈത്തുൽ ഫുത്തൂഹിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

12
**അഹ്മദികളും ഹജ്ജും**
ഹദ്റത്ത് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനി(റ)

14
**കേരളത്തിലെ മാർത്തോമാ നസ്രാണികളുടെ അത്യപൂർവ ശ്ലൈഹിക പാരമ്പര്യം**
എ. എം. മുഹമ്മദ് സലീം

19
**ജീവി പരിണാമം: ദൈവാസ്തിക്യത്തിന്റെ സമുജ്ജ്വല ദൃഷ്ടാന്തം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

24
കവിത
**നാളേക്കു വേണ്ടി**
സുലൈമാൻ കാവശ്ശേരി

25
**ആദമിന്റെ ഏദൻ തോട്ടം**
മുഹമ്മദ് നജീബ് ഖാൻ വാഴക്കാല

29
**സ്വർഗനരകങ്ങൾ ഇസ്‌ലാമിലും മറ്റു മതങ്ങളിലും**
ഫസ്ൽ അഹ്മദ്

34
**ദൈവീക ജ്ഞാനത്തിന്റെ ഹൃദയബന്ധം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

38
കുറിപ്പുകൾ
**കുമ്പസാരം ഒരു മുക്തി മാർഗമോ?**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ ഹൃദയങ്ങളിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് അവരുടെ രോഗങ്ങൾ വർധിപ്പിച്ചു. അവർ കള്ളം പറഞ്ഞു കൊണ്ടിരിക്കുന്ന കാരണത്താൽ അവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുന്നതാണ്. നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുതെന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. (2:12)





## നബിവചനം

അബൂ ഹുറൈറയിൽ നിന്നും നിവേദനം: തിരുമേനി(സ) അരുളി, ജ്ഞാനം ജനങ്ങളിൽനിന്നും നഷ്ടപ്പെടും അജ്ഞതയും കുഴപ്പവും പ്രത്യക്ഷപെടും ഹറജ് വർധിക്കും അപ്പോൾ ഒരാൾ ചേദിച്ചു. അല്ലാഹുവിന്റെ ദൂതരെ, എന്താണ് ഹറജ്? നബി(സ) കൈ അനക്കിയിട്ട് ഇങ്ങനെ ആംഗ്യം കാണിച്ചു. അത് കണ്ടപ്പോൾ തിരുമേനി (സ) കൊലയാണ് ഉദ്ദേശിച്ചതെന്ന് മനസ്സിലായി. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

# ദൈവികബന്ധവും പാപവിമുക്തിയും

പാപം യഥാർഥത്തിൽ ഒരു വിഷമാണ് . മനുഷ്യന് ദൈവത്തോടുള്ള അനുസരണവും ദൈവത്തോടുള്ള ആവേശ പൂർണമായ സ്നേഹവും സ്നേഹോദരമായ ദൈവസ്മരണയും ഇല്ലാതെ വരികയും അതിൽ ഭാഗ്യഹീനനായിത്തീരുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വൃക്ഷം ഭുമിയിൽ നിന്നും വേരോടെ കടപുഴകി വീണാൽ അതിന് ഭൂമിയിൽ നിന്നുള്ള ജലം വലിച്ചെടുക്കാൻ കഴിയുന്നതല്ല. അത് ദിനം പ്രതി വാടിയുണങ്ങിപ്പോവുകയും അതിന്റെ എല്ലാ പച്ചപ്പും അതിന് നഷ്ടപ്പെട്ടുപ്പോവുകയും ചെയ്യും. ഏതൊരു ഹൃദയവും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ നിന്നും വേരറുക്കപ്പെടുന്നുവോ അയാളുടെ നിലയും ഇത് തന്നെയാണ്. ചുരുക്കത്തിൽ ഉണക്ക വൃക്ഷത്തെപോലെയെന്നപോലെ പാപം ഒരാളുടെ ഹൃദയത്തെ അധീനപ്പെടുത്തികളയുന്നു. (സിറാജുദ്ദീൻ ഈസായി കെ ചാർ സവാലൊം കാ ജവാബ്. ഭാ. 2)



എഡിറ്റോറിയൽ

# ആത്മീയ മാനങ്ങളുള്ള ലോകസമാധാനം

ലോക സമാധാനം ഇന്ന് രാഷ്ട്രങ്ങളുടെ വിഷയമായിട്ടാണ് ചർച്ചചെയ്യപ്പെടുന്നത്. രാഷ്ട്രത്തെക്കാൾ സമാധാനത്തിന് ജൈവബന്ധമുള്ളത് വ്യക്തികളുടെ കൂട്ടായ്മയായ സമൂഹവുമായിട്ടാണ്. ഭൂമിയും അതിർത്തിയും പരമാധികാരവും പട്ടാളവുമുള്ളതാണ് രാഷ്ട്രം. സമ്മർദശേഷിയും സംഹാര ശക്തിയുമുള്ള രാഷ്ട്രം കൃത്രിമവും മനുഷ്യരാൽ നിർമിക്കപ്പെട്ട മനുഷ്യരുടെ സ്ഥാപനവുമാണ്. എന്നാൽ സമൂഹം പ്രകൃതിയുടെ ഒരു നൈസർഗിക സൃഷ്ടിയാണ്. ബലിഷ്ഠമായ സന്നാഹങ്ങളും പരമാധികാരവുമുള്ള രാഷ്ട്രങ്ങൾക്ക് ഹൃദയത്തിന്റെ ഉദാത്ത ഭാവവുമായി ബന്ധപ്പെട്ട സമാധാനം വ്യക്തിയിലോ സമൂഹത്തിലോ കൊണ്ടു വരുവാൻ സാധ്യമല്ല. മനുഷ്യന്റെ ഭൗതികക്ഷേമവും അതുമായി ബന്ധപ്പെട്ട വിഭിന്ന സത്വബോധവുമുള്ള രാഷ്ട്രങ്ങൾ സൈനിക സജ്ജരായി നിലകൊള്ളുമ്പോൾ അടുത്തടുത്ത് നിക്കുകയോ അന്യോന്യം നിൽക്കുകയോ ചെയ്യുമ്പോൾ അതിർത്തികൾ സംഘർഷഭരിതമാവുന്നു. പ്രത്യക്ഷമായ സംഘർഷത്തിന് അത് വഴി തെളിയിക്കുകയും ചെയ്യുന്നു. ഇന്ന് സമാധാനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോര. ലോകം മുഴുവൻ വലയം ചെയ്ത് നിൽക്കുന്ന വൻ ശക്തികളുടെ ആശീർവാദവും മറ്റു പല സങ്കീർണ്ണമായ ഘടകങ്ങളും അനുകൂലാവസ്ഥയും അതിനുണ്ടാവണം. സമാധാനത്തിനു വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്ര സഭയെ നോക്കുകുത്തിയാക്കികൊണ്ടും വൻശക്തികളുടെ ഇംഗിതത്തിന് അനുകൂലമാക്കിതീർത്തും ലോകത്ത് സംഘർഷം വളരുകയാണ്. അധികാരവും ശക്തിയുമുള്ള രാഷ്ട്രം മനുഷ്യന്റെ ഭൗതിക ക്ഷേമം മാത്രം മുഖ്യമായും ലക്ഷ്യമാക്കുന്നു. അത്കൊണ്ടുതന്നെ അശാന്തിയും സംഘർഷവും അതിന്റെ ഉപോൽപ്പന്നങ്ങളാണ്. സമാധാനം മറ്റൊരു ഭൂമികയിൽ നിന്നാണ് ആരംഭിക്കേണ്ടത്.

ഇസ്‌ലാമിന്റെ ഏറ്റവും പ്രിയപെട്ട ആദർശമാണ് സമാധാനം. ഇസ്‌ലാം എന്ന പദത്തിന് സമാധാനം എന്നാണ് അർത്ഥം. ദൈവസ്മരണയുള്ള മനുഷ്യ ഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്‌ലാം കാണുന്നത്. ***വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണമൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ. അറിയുക; അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളു.(13:29)*** യഥാർത്ഥ മുസ്‌ലിംകളെ പോലെ സമാധാനം കാംക്ഷിക്കുന്ന നിരവധി മനുഷ്യ സ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമികവുമായ യഥാർത്ഥ മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ മനുഷ്യ ഹൃദയത്തിലും സമൂഹത്തിലും ശാശ്വത സമാധാനം കൈവരികയുള്ളൂ എന്നവർ കരുതുന്നു.

യഥാർത്ഥത്തിൽ സമാധാനം എന്നത് മനുഷ്യന്റെ ഇഹപര ജീവിതത്തിന്റെ സമഗ്രതയിൽ സാർത്ഥകമാകുന്ന ഒരു ആശയമാണ്. സകല മനുഷ്യർക്കും അനുഭവിച്ചറിയുന്ന ഒരു അനിഷേധ്യ യാഥാർത്ഥ്യമാണ് മരണം. ക്ഷണികമായ മനുഷ്യന്റെ ഭൂമിയിലെ ജീവിത പ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നു കൊണ്ടും മൂല്യങ്ങൾ ബലികഴിച്ചു കൊണ്ടും നശ്വരമായ ഈ ലോകത്തിന് വേണ്ടി നാം എത്ര വളരെ വീര്യത്തോടെയാണ് പൊരുതുന്നത്!. യേശുവിന്റെ ഒരു ഉപമാ വചനം ശ്രദ്ധിക്കുക: ***ഭൂമിയിൽ നിക്ഷേപങ്ങൾ നിനക്കായി സംഭരിച്ചു വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്ന് കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതി വെക്കുക. കാരണം നിന്റെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിന്റെ ഹൃദയവും. (മത്താ:6:19)*** വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന ഈ ശാശ്വത സമാധാനത്തിന്റെ ചിന്തകൾ ഭൗതിക ലോകം വെട്ടിപ്പിടിക്കാനുള്ള അത്യാർത്ഥിയും അധികാരത്തിന്റെ ദുരയുമായും ബന്ധപ്പെട്ടതല്ല. ലോകസമാധാനത്തിന്റെ സ്വർഗീയ വേരുകൾ ദൈവചിന്തയുമായി ബന്ധപ്പെട്ടതാണ്. വ്യക്തികളും സമൂഹവും രാഷ്ട്രവും ഈ സത്യം മനസ്സിലാക്കി അതൊരു പ്രസ്ഥാനമായി വളർത്തിയെടുക്കുകയും വേണം. എങ്കിൽ മാത്രമേ ശാശ്വത ശാന്തി ലോകത്തിന് കൈവരിക്കാൻ സാധിക്കു. ആ ഒരു കാലത്തിനായി നമുക്ക് പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം.



ഹദ്റത്ത് അഹ്മദ് (അ)

# സ്വർഗ്ഗം:
## വിശ്വാസത്തിന്റെയും സൽക്കർമ്മങ്ങളുടെയും പ്രതിഫലനം

***മുത്തഖീങ്ങക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തിന്റെ ഉപമ ഇതാകുന്നു. (13:36)***

ഇതൊരു ഉപമയാണ്. യാഥാർത്ഥ്യമല്ല. വിശുദ്ധ ഖുർആന്റെ ഈ വാക്കുകളിൽ നിന്നും മനസ്സിലാവുന്നത് ആ സ്വർഗ്ഗം മറ്റെന്തോ ആണെന്നാണ്. ബാഹ്യവും ശാരീരികവും മൗലികവുമായ ഈ അനുഗ്രങ്ങളെ സ്വർഗ്ഗത്തിലെ അനുഗ്രഹമായി അനുമാനിക്കാൻ പാടില്ലെന്ന് ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കാരണം സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ ഒരു കണ്ണിനും കാണുവാനോ ഒരു കാതിനും കേൾക്കുവാനോ സാധിക്കുന്നതല്ല എന്ന് ഹദീസിൽ വന്നിട്ടുണ്ട്. എന്നാൽ സ്വർഗ്ഗിയാനുഗ്രഹങ്ങളെ കുറിച്ച് പറയപ്പെട്ട ഉപമകൾ (ഉദാഹരണങ്ങൾ) നമുക്ക് കാണുവാനും കേൾക്കുവാനും സാധിക്കുന്നു. ഒരു സ്ഥലത്ത് അല്ലാഹു സ്വർഗ്ഗത്തെക്കുറിച്ച് പ്രതിപാദിച്ച് കൊണ്ട് പറയുന്നു.

***സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരെ സുവിശേഷമറിയിക്കുക. അവർക്ക് സ്വർഗ്ഗവും താഴ്വാരത്തു കൂടി ഒഴുകികൊണ്ടിരിക്കുന്ന അരുവികളുമുണ്ട്. (2: 26)***

ഈ വചനങ്ങളിൽ വിശ്വാസത്തെ സ്വർഗ്ഗത്തിന്റെയും സൽക്കർമ്മങ്ങളെ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളുടെയും സ്ഥാനത്ത് ഉപമിച്ചിരിക്കുന്നു. അതായത് വിശ്വാസത്തിന്റെ ഫലം സ്വർഗ്ഗവും സൽക്കർമ്മങ്ങളുടെ ഫലം അരുവികളുമാണ്. എപ്രകാരം ഒരു ഉദ്യാനം അരുവിയും ജലസേചനവുമില്ലാതെ ശുഷ്ക്കിച്ച് പോകുകയും സ്ഥിരത ഇല്ലാതായിത്തീരുകയും ചെയ്യുന്നുവോ അതേ പ്രകാരം സൽക്കർമ്മങ്ങൾ ഇല്ലാത്ത ഈമാൻ പ്രയോചനകരമായിരിക്കില്ല. മറ്റൊരു സ്ഥലത്ത് ഈമാനെ (വിശ്വാസം) വൃക്ഷമായി സദൃശീകരിച്ചിരിക്കുകയാണ്. അതായത് ഈമാൻ വൃക്ഷമായും സൽക്കർമ്മങ്ങൾ ആ വൃക്ഷത്തിന് ജലസേചനം നൽകുന്നവയുമാണ്.

ചുരുക്കത്തിൽ ഈ വിഷയത്തിൽ എത്രകണ്ട് ഗഹനമായി ചിന്തിക്കുന്നുവോ അതിലടങ്ങിയിരിക്കുന്ന ദിവ്യജ്ഞാനങ്ങൾ ഗ്രാഹ്യമായിത്തീരുന്നതാണ്. എപ്രകാരം ഒരു കർഷകൻ ബീജാവാപം ചെയ്യുന്നുവോ അതേ പ്രകാരം ആത്മീയ കർഷകന് ആത്മീയമായ ബീജാവാപം എന്ന ഈമാന്റെ ആവശ്യമുണ്ട്. എപ്രകാരം ഒരു കർഷകൻ തന്റെ വയൽ തോട്ടം എന്നിവക്ക് ജലസേചനം നൽകുന്നുവോ അതേ പ്രകാരം ആത്മീയമായ ഉദ്യാനത്തിന് ജലസേചനത്തിനായി സൽക്കർമ്മങ്ങൾ ചെയ്യേണ്ടതുണ്ട്.

ഓർത്തുകൊള്ളുക, സൽക്കർമ്മങ്ങളില്ലാത്ത വിശ്വാസങ്ങൾ അരുവിയോ ജലസേചനമോ ഇല്ലാതെ നിഷ്ഫലവും ശുഷ്ക്കവുമായ ഉദ്യാനം പോലെയാണ്. ഒരു വൃക്ഷം എത്രതന്നെ ഉത്തമവും ശ്രേഷ്ഠവുമായിരുന്നാലും ഉത്തമമായ പഴങ്ങൾ തരുന്നതായാലും അതിന്റെ ഉടമസ്ഥൻ ജലസേചന കാര്യത്തിൽ അശ്രദ്ധ കാണിക്കുകയാണെങ്കിൽ അതിന്റെ പരിണിതഫലം എന്താണെന്ന് ആർക്കുമറിയാവുന്നതാണ്. ഇതേ അവസ്ഥ തന്നെയാണ് ആത്മീയ ജീവിതത്തിൽ ഈമാൻ എന്ന വൃക്ഷത്തിന്റേയും. ഈമാൻ ഒരു വൃക്ഷമാണ്. അതിനായി മനുഷ്യന്റെ സൽക്കർമങ്ങൾ അതിന്റെ ജലസേചനത്തിനായി ആത്മീയ രീതിയിൽ അരുവികളായി മാറിക്കൊണ്ട് ജലസേചനം നടത്തുന്നു, ആത്മീയാനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും മനോഹരമായ ഫലങ്ങൾ കരഗതമാകുന്നതിനായി വളരെയേറെയധികം തീവ്രയത്നം നടത്തേണ്ടിയിരിക്കുന്നു എപ്രകാരമെന്നാൽ അല്ലാഹു പറയുന്നു:

***നമ്മുടെ മാർഗ്ഗത്തിൽ തീവ്രയത്നം ചെയ്യുന്നവനെ നാം നമ്മുടെ മാർഗ്ഗത്തിലേക്ക് നയിക്കുന്നതാണ്. (മൽഫൂസാത്ത് 10: 394- 396)***

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 27-07-2018 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ: മൗലവി ആരിഫ് മുഹമ്മദ്

# രണ്ട് സഹാബിമാരുടെ സമുജ്ജ്വലമാതൃകകൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

സഹാബാക്കളെക്കുറിച്ചുള്ള വിവരണത്തിൽ ഇന്നു ഞാൻ രണ്ടു സഹാബികളെക്കുറിച്ചു പറയുന്നതാണ്. ആദ്യത്തേത് മുന്ദിറിബ്നു മുഹമ്മദ് അൻസാരിയാണ്. ബനൂ ജഹ്ജബാ ഗോത്രവുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. മദീനയിലെത്തിയ ശേഷം നബി(സ) തിരുമേനി ഹദ്റത്ത് മുന്ദിറിബ്നു മുഹമ്മദിനും തുഫൈൽ ബ്നു ഹാരിസിനുമിടയിൽ സാഹോദര്യം സ്ഥാപിച്ചു. ഹദ്റത്ത് സുബൈർ ബ്നു അവാം, ഹദ്റത്ത് ഹാത്തിബ് ബ്നു അബീ ബൽത: ഹദ്റത്ത്

അബൂസൈറത്ത് ബ്നു അബീ റുഹ്മ് എന്നിവർ മക്കയിൽ നിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിലെത്തിയപ്പോൾ അവർ ഹദ്റത്ത് മുന്ദിർ ബ്നു മുഹമ്മദിന്റെ വീട്ടിലായിരുന്നു താമസിച്ചത്. ബദർ യുദ്ധ ത്തിലും ഉഹ്ദ് യുദ്ധത്തിലും പങ്കെടുത്ത ഹദ്റത്ത് മുന്ദിർ 'ബിഅ്റെ മഊന' സംഭവത്തിലാണ് ശഹീദായത്. 'ബിഅ്റെ മഊന' സംഭവം ഉണ്ടായത് ഇപ്രകാരമാണ്: ഹിജ്റ 4 ന് സഫർ മാസത്തിൽ നബി(സ)തിരുമേനി മുന്ദിറി ബ്നു അംറ് അൻസാരിയുടെ നേതൃത്വത്തിൽ ഒരു സംഘ ത്തെ ഇസ്ലാമിക പ്രബോധനത്തിനു വേണ്ടി അയച്ചു. സംഘത്തിലുള്ളവരെല്ലാം പൊതുവെ അൻസാരികളായിരുന്നു. എഴുപതു പേരടങ്ങുന്ന ഖാരികൾ അതായത് വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കിയവരായിരുന്ന അവർ ഒരു കിണറിന്റെ പേരിൽ അറിയപ്പെടുന്ന ബിഅ്റെ മഊന എന്ന സ്ഥലത്ത് എത്തിയപ്പോൾ അവരിലെ അന സ്ബ്നു മാലികിന്റെ അമ്മാവൻ ഹറാമ് ബ്നു മൽഹാൻ മറ്റു സഹാബാക്കളെയെല്ലാം പിന്നിലാക്കിക്കൊണ്ട് ഇസ്ലാമികധ്യാപനങ്ങളിലേക്ക് ക്ഷണിച്ചു കൊണ്ടുള്ള നബി(സ) തിരുമേനിയുടെ സന്ദേശവുമായി ആമിർ ഗോത്രത്തലവനും അബൂ ബറാ ആമിറിന്റെ സഹോദര പുത്രനുമായ തുഫൈൽ ബ്നു ആമിറിന്റെ അടുക്ക ലേക്കു പോയി. ഹറാമ് ബ്നു മൽഹാൻ നബി(സ) തിരു മേനിയുടെ സന്ദേശവാഹകനെന്ന നിലയിൽ ആമിറ് ബ്നു തുഫൈലിന്റെയും അയാളുടെ കൂട്ടുകാരുടെയും അടുത്തെത്തിയപ്പോൾ ആദ്യമൊക്കെ കപടസ്നേഹത്തോടെ സ്വീകരിച്ചു. എന്നാൽ അദ്ദേഹം സമാധാനത്തോടെ ഇരുന്ന് തബ്ലീഗ് ചെയ്യാൻ തുടങ്ങിയപ്പോൾ അവരിലെ ചില ദുഷ്ടന്മാർ ആരെയോ ആംഗ്യം കാണിക്കുകയും അയാൾ ആ നിരപരാധിയായ ദൂതനെ പിന്നിൽ നിന്ന് കുന്തം കൊണ്ട് കുത്തി ശഹീദാക്കുകയും ചെയ്തു. ആ സമയം ഹറാമ് ബ്നു മൽഹാന്റെ നാവിൽ നിന്നു വന്ന വാക്കുകൾ ഇതായിരുന്നു: അല്ലാഹു അക്ബർ ഫുസിതു വ റബ്ബിൽ കഅ്ബ. അതായത്, "അല്ലാഹു ഏറ്റ വും വലിയവൻ, കഅ്ബയുടെ നാഥനാണെ സത്യം, ഞാനെന്റെ ലക്ഷ്യം കൈവരിച്ചു."

ആമിർ ബ്നു തുഫൈൽ നബി(സ)തിരുമേനിയുടെ ദൂതനെ വധിക്കുക മാത്രമല്ല ബനൂ സലീം ഗോത്രത്തിലെ ബനൂ റെയ്ലിനെയും സക്വാനെയും മറ്റും കൂട്ടിക്കൊണ്ട് ശേഷിച്ച നിസ്സഹായരായ സഹാബാക്കളെ ആക്രമിച്ചു വാളിനിരയാക്കി. കഅബ് ബ്നു സൈദ് എന്നു പേരുള്ള ഏക സഹാബിയായിരുന്നു രക്ഷപ്പെട്ടത്. ആ സംഘത്തി ലെ രണ്ടു പേർ അതായത് അംറ് ബ്നു ഉമയ്യ സമ്റിയും മുന്ദിറിബ്നു മുഹമ്മദും ആ സമയം ഒട്ടകത്തെ മേയ്ക്കുന്നതിന് തന്റെ സംഘത്തിൽ നിന്നകന്ന് അടുത്തെവി ടെയോ പോയതായിരുന്നു. തിരിച്ചെത്തിയ അവർ ഈ കാഴ്ച കണ്ടപ്പോൾ പറഞ്ഞു: ഞങ്ങളുടെ അമീർ മുന്ദിർ ബ്നു അംറ് ശഹീദായ സ്ഥലത്തു തന്നെ ഞങ്ങളും പൊരുതുന്നതാണ്. അങ്ങനെ മുന്ദിർ ബ്നു മുഹമ്മദും കൂട്ടുകാരനും ശത്രുക്കളോട് പൊരുതി ശഹീദാവുകയാണുണ്ടായത്.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: ഹദ്റത്ത് ഹാതിബ് ബ്നു അബീ ബൽത: ആണ് രണ്ടാമത്തെ സഹാബി. ലഖ്മ് ഗോത്രവുമായിട്ടാണ് ഇദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് ഹാതിബ് ബ്നു അബീ ബൽത:യ്ക്ക് ബനൂ അസ ദുമായി സൗഹൃദ കരാറുണ്ടായിരുന്നു. അബ്ദുല്ലാഹ് എന്ന തായിരുന്നു അദ്ദേ ഹത്തിന്റെ ഗോത്രനാമം. അദ്ദേഹം യമൻകാരനായിരുന്നു. ബദർ, ഉഹ്ദ്, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം തിരുമേനിയോടൊപ്പം പങ്കെടുത്തിട്ടുണ്ട്. നബി(സ) തിരുമേനി ഇദ്ദേഹം മുഖാ ന്തിരമാണ് ഈജിപ്തിലെ രാജാവായിരുന്ന മുഖൗഖിസി നെ ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ടുള്ള കത്ത് കൊടുത്തു വിട്ടത്. ഹദ്റത്ത് ഹാത്തിബ് നബി(സ) തിരുമേനിയുടെ വില്ലാളിവീരന്മാരിൽ ഉൾപ്പെടുന്നു. ജാഹിലിയ്യാ കാലഘട്ടത്തിൽ ഖുറൈശിലെ ഒന്നാംതരം കുതിപ്പടയാളിയും കവിയുമായിരുന്നു ഹദ്റത്ത് ഹാത്തിബ് ബ്നു അബീ ബൽത: എന്നും പറയപ്പെടുന്നു. അദ്ദേഹം ഉബൈദു ല്ലാഹ് ബ്നു ഹമീദിന്റെ അടിമയായിരുന്നെന്നും അടിമ മോചനകരാർ മുഖേന സ്വതന്ത്രനായതാണെന്നും മക്കാ വിജയ ദിവസമാണ് കരാറിന്റെ തുക നല്കിയതെന്നും ചിലർ അഭിപ്രായപ്പെടുണ്ട്. ഹദ്റത്ത് ഉമ്മെ സൽമ വിവരി ക്കുന്നു: ഹദ്റത്ത് ഹാത്തിബ് ബ്നു അബീ ബൽത: മുഖേനയാണ് നബി(സ)തിരുമേനി ഞാനുമായുള്ള വിവാഹാലോചന നടത്തിയത്. ഒരു രിവായത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് അനസ് ബ്നു മാലിക് ഹദ്റത്ത് ഹാത്തിബ് ബ്നു അബീ ബൽതയിൽ നിന്ന് ഇപ്രകാരം കേട്ടതായി വിവരിക്കുന്നു: ഉഹ്ദ് ദിവസം നബി(സ) തിരുമേനി തന്റെ ചോരപുരണ്ട മുഖം കഴുകുകയായിരുന്നു. ഹാത്തിബ് തിരുമേനിയോട് ചോദിച്ചു: അങ്ങയോട് ഇതാരാണ് ചെയ്തത്? അവിടന്ന് പറഞ്ഞു: അത്ബ ബിൻ അബീ വഖാസ് എന്റെ മുഖത്തേക്ക് കല്ലെറിഞ്ഞതാണ്. ഹദ്റത്ത് ഹാത്തി ബ് പറയുന്നു: മുഹമ്മദ്(സ) കൊല്ലപ്പെട്ടിരിക്കുന്നുവെന്ന് ഞാൻ കുന്നിന്മുകളിൽ കേട്ടുവെന്നും ഇതുകേട്ടപ്പോൾ ജീവനറ്റ അവസ്ഥയിലാണ് ഇവിടെ എത്തിയതെന്നും ഞാൻ പറഞ്ഞു. ഹദ്റത്ത് ഹാത്തിബ് അത്ബയുടെ അടു ത്തേക്കു പോയി. അയാൾ ഒളിച്ചിരിക്കുകയായിരുന്നു. അങ്ങനെ അദ്ദേഹം അയാളെ കീഴ്പ്പെടുത്തുകയും വാളു കൊണ്ട് തല വെട്ടുകയും ചെയ്തു. ശേഷം അയാളുടെ ശിരസ്സും സാധനങ്ങളും കുതിരയുമെല്ലാം എടുത്തു കൊണ്ട് നബി(സ)തിരുമേനിയുടെ അടുക്കൽ കൊണ്ടു വന്നു. അവിടന്ന്

ഹാത്തിബിനു വേണ്ടി ദുആ ചെയ്തു. അല്ലാഹു നിന്നിൽ തൃപ്തനാകട്ടെ, അല്ലാഹു നിന്നിൽ തൃപ്തനാകട്ടെ എന്ന് രണ്ടു തവണ അവിടന്ന് പറഞ്ഞു.

ഹദ്റത്ത് ഹാത്തിബ് ബ്ൻ അബീ ബൽത: ഹിജ്റ 30ന് അറുപത്തിയഞ്ചാം വയസ്സിൽ മദീനയിലാണ് വഫാത്താ യത്. ഹദ്റത്ത് ഉസ്മാൻ(റ) ആണ് അദ്ദേഹത്തിന്റെ ജനാസ നമസ്കാരം നിർവഹിച്ചത്. കൈസറുടെ ഭരണത്തിൻ കീഴിൽ ഈജിപ്തിന്റെയും അലക്സാൻട്രിയായുടെയും ഗവർണറായിരുന്ന മുഖൗഖിസിന് നബി(സ)തിരു മേനി ഹദ്റത്ത് ഹാത്തിബ് ബ്നു അബീ ബൽത: മുഖേന കത്തയച്ചിരുന്നു. പിന്തുടർച്ചവകാശമെന്ന നിലയിൽ അദ്ദേഹം അവിടം ഭരിക്കുകയായിരുന്നു. കൈസറിനെപ്പോലെ ക്രിസ്ത്യാനിയുമായിരുന്നു. ജരീജ് ബ്നു മീനാ എന്നതാണ് അയാളുടെ സ്വന്തം പേര്. അദ്ദേഹവും പ്രജകളും ഖിബ്തി സമൂഹവുമായി ബന്ധപ്പെട്ടവരായിരുന്നു. കത്തിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു: പരമകാരുണ്യകനും കരുണാമയനും കർമങ്ങൾക്ക് ഏറ്റവും നന്നായി പ്രതിഫലം നല്കുന്നവനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു. ഇത് ദൈവത്തിന്റെ ദാസനും ദൂതനുമായ മുഹമ്മദ്, ഖിബ്തികളുടെ നേതാവ് മുഖൗഖിസിന് എഴുതുന്ന കത്ത്. സന്മാർഗം സ്വീകരിക്കുന്നവനിൽ സമാധാനം വർഷിക്കട്ടെ.

അല്ലയോ മിസ്റിന്റെ ഗവർണർ! ഞാൻ താങ്കളെ ഇസ്‌ലാമിന്റെ സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നു. മുസ്‌ലിമായിക്കൊണ്ട് ദൈവത്തിന്റെ സമാധാനം സ്വീകരിക്കുക; ഇതു മാത്രമാണ് മോക്ഷത്തിന്റെ മാർഗം. അല്ലാഹു താങ്കൾക്ക് ഇരട്ടി പ്രതിഫലം നല്കുന്നതാണ്. താങ്കൾ പിന്തിരിയുകയാണെങ്കിൽ താങ്കളുടെ സ്വന്തം പാപത്തിനു പുറമേ ഖിബ്തികളുടെ പാപവും താങ്കളുടെ ചുമലിലാകും. ഗ്രന്ഥാനുസാരികളേ! നിങ്ങളിലും ഞങ്ങളിലും തുല്യമായ കാര്യത്തിലേക്ക് വരുവിൻ. അതായത്, അല്ലാഹുവിനെയല്ലാതെ നാം മറ്റാരെയും ആരാധിക്കുന്നതല്ല. ഒരു നിലയിലും ദൈവത്തിൽ പങ്കുചേർക്കുന്നതുമല്ല. അല്ലാഹു വിനെ വിട്ട് തങ്ങളിൽ ആരെയെങ്കിലും കാര്യകർത്താവായി ഗണിക്കുന്നതുമല്ല. ഇനിയവർ പിന്തിരിയുന്ന പക്ഷം 'ഞങ്ങൾ എന്തായാലും ഏകനായ അല്ലാഹുവിന്റെ അനുസാരികളാകുന്നു' എന്ന് നീ അവരോടു പറയുക.

മുഖൗഖിസ് കത്തു വായിച്ചു. എന്നിട്ട് ഹാത്തിബ് ബ്ൻ അബൂ ബൽതയോട് അർധപരിഹാസമെന്നോണം പറഞ്ഞു: നിങ്ങളുടെ ഈ സുഹൃത്ത് അതായത് നബി(സ) തിരുമേനി വാസ്തവത്തിൽ അല്ലാഹുവിന്റെ നബിയാണെങ്കിൽ ഈ കത്തയക്കുന്നതിനു പകരം അല്ലാഹുവേ ഇയാളുടെ മേൽ എനിക്ക് ആധിപത്യം നല്കേണമേ എന്ന് എനിക്കെതിരെ എന്തുകൊണ്ട് ദുആ ചെയ്തില്ല? ഹദ്റത്ത് ഹാത്തിബ് മറുപടി പറഞ്ഞു: ഈ ആക്ഷേപം ശരിയാണെങ്കിൽ ഇതിൽ നിന്ന് ഹദ്റത്ത് ഈസാ (അ)യും ഒഴിവാകുന്നതല്ല. തന്റെ എതിരാളികൾക്കെതിരിൽ അദ്ദേഹം എന്തുകൊണ്ട് ഇത്തരത്തിൽ ദുആ ചെയ്തില്ല? ശേഷം ഹദ്റത്ത് ഹാത്തിബ് അദ്ദേഹത്തെ ഉപദേശിച്ചു കൊണ്ട് പറഞ്ഞു: ''താങ്കൾ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ചിന്തിക്കുക. താങ്കളുടെ ഇതേ രാജ്യത്തു തന്നെയാണല്ലോ ഫിർഔനെപ്പോലുള്ള വ്യക്തിയും കഴിഞ്ഞു പോയത്. മുഴുലോകത്തിന്റെയും നാഥനും ഉന്നതാധികാരിയും താനാണ് എന്നായിരുന്നു അയാൾ വാദിച്ചത്. അതിന്റെ ഫലമായി മുൻപുള്ളവർക്കും പിൻപുള്ളവർക്കും പാഠമാകും വിധം ദൈവം അയാളെ പിടിച്ചു. താങ്കൾ മറ്റുള്ളവരുടെ അവസ്ഥകളിൽ നിന്ന് ഉപദേശം സ്വീകരിക്കുക എന്നാണ് എനിക്ക് ആത്മാർഥമായി പറയാനുള്ളത്. മറ്റുള്ളവർ താങ്കളുടെ അവസ്ഥകളിൽ നിന്ന് പാഠമുൾക്കൊള്ളുന്ന അവസ്ഥ വരാതിരിക്കട്ടെ.''

അദ്ദേഹത്തിന്റെ ധീരതയാർന്ന സംസാരം കണ്ട മുഖൗ ഖിസ് പറഞ്ഞു: ഒരു മതം നമുക്ക് ആദ്യമേയുണ്ട്. ഇതിനേക്കാൾ നല്ല മതം ലഭിക്കുന്നതു വരെ നമുക്ക് ഇതിനെ വിട്ടൊഴിയാനാവില്ല. അതായത്, ക്രിസ്തുമതം ഉപേക്ഷിക്കാനാവില്ല. ഹാത്തിബ്(റ) മറുപടി പറഞ്ഞു: മറ്റു മതങ്ങളെയൊന്നും ആശ്രയിക്കാത്ത മതമാണ് ഇസ്‌ലാം; അവസാനത്തെ മതം. എല്ലാ മതങ്ങളും ഇതിൽ ഉൾച്ചേരുന്നു. തീർച്ചയായും അത് ഈസാനബിയെ വിശ്വസിക്കുന്നതിൽ തടയുന്നില്ല. എല്ലാ സത്യപ്രവാചകരിലും വിശ്വസിക്കാനാണ് അത് ഉപദേശിക്കുന്നത്. ഹദ്റത്ത് മൂസാ(അ) ഹദ്റത്ത് ഈസാനബിയെക്കുറിച്ച് സുവാർത്ത നല്കിയതു പോലെ ഹദ്റത്ത് ഈസാ (അ) നമ്മുടെ നബി(സ) തിരുമേനിയെക്കുറിച്ചും സുവിശേഷം നല്കിയിട്ടുണ്ട്. മുഖൗഖിസ് അപ്പോൾ നിശ്ശബ്ദനായി ചിന്തയിലാണ്ടു. പിന്നീട് ചില ഉന്നതരായ പാതിരിമാർ അടങ്ങുന്ന ഒരു സദസ്സിൽ മുഖൗഖിസ് ഹാത്തിബിനോട് ചോദിച്ചു: "നിങ്ങളുടെ നബി സ്വന്തം നാട്ടിൽ നിന്ന് പുറത്താക്കപ്പെട്ടുവെന്നു കേട്ടല്ലോ. ആ സന്ദർഭത്തിൽ പുറത്താക്കിയവർക്കെതിരിൽ അദ്ദേഹം എന്തുകൊണ്ട് ശാപപ്രാർഥന നടത്തിയില്ല?" ഇതു കേട്ട ഹാത്തിബ് പറഞ്ഞു: "നിങ്ങളുടെ മസീഹിനെ യഹൂദികൾ പിടിച്ച് കുരിശിൽ തറക്കാൻ തുനിഞ്ഞിരുന്നല്ലോ. എന്നിട്ടും തന്റെ ശത്രുക്കൾക്കെതിരെ ശാപ പ്രാർഥന നടത്തി അവരെ നശിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല." ഈ മറുപടി മുഖൗഖിസിനെ സ്വാധീനിച്ചു. അദ്ദേഹം പറഞ്ഞു: നിങ്ങൾ തീർച്ചയായും യുക്തിയുള്ള ഒരു മനുഷ്യനാണ്. ജ്ഞാനിയായ ഒരു മനുഷ്യന്റെ പക്കൽ നിന്നു വന്ന രാജദൂതനാണ് നിങ്ങൾ.

മിസ്റിലെ മുഖൗഖിസ് നബി(സ)തിരുമേനിയുടെ ദൂത നോട് ആദരവോടെയാണ് പെരു മാറിയതെന്ന് കത്തിൽ നിന്ന് വ്യക്തമാകുന്നു. അദ്ദേഹം നബി തിരുമേനിയുടെ വാദത്തിൽ ഒരള വോളം താത്പര്യം കാണിക്കുകയും ചെയ്തു. ഏതായാലും അദ്ദേഹ ത്തിന് ഇസ്ലാം സ്വീകരിക്കാ നായില്ല. ക്രിസ്ത്യാനിയായിരിക്കെ തന്നെയാണ് മരണപ്പെ ട്ടതെന്നും മറ്റു നിവേദനങ്ങളിൽ നിന്നും മനസ്സിലാകുന്നു. മുഖൗഖിസിനു വേണ്ടി എഴുതിയ കത്തിനെക്കുറിച്ച് ഹദ് റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു കാര്യം കൂടി എഴുതിയി ട്ടുണ്ട്. ഇതേ കത്തു തന്നെയായിരുന്നു റോമിലെ രാജാ വിനും എഴുതിയത്. റോമിലെ ജനതയുടെ പാപഭാരവും താങ്കൾ ക്ക് വഹിക്കേണ്ടിവരുമെന്ന വ്യത്യാ സം മാത്രമേ ഉണ്ടായിരുന്നുള്ളു. ഖിബ്തികളുടെ പാപഭാരം നിങ്ങളു ടെ മേലായിരിക്കും എന്നാണ് ഇതിലുണ്ടായിരുന്നത്. ഹദ്റത്ത് ഹാത്തിബ്(റ) ഈജിപ്തിലെത്തി യപ്പോൾ അദ്ദേഹം തലസ്ഥാനത്ത് ഉണ്ടായിരുന്നില്ല. അദ്ദേഹം അലക്സാന്ദ്രിയയിലായിരുന്നു. ഹാത്തിബ് അലക്സാന്ദ്രിയയി ലേക്കു പോയി. മുഖൗഖിസ് അവിടെ ഒരു സദസ്സിലിരിക്കുകയാ യിരുന്നു. ചുറ്റും കാവലുണ്ടായി രുന്നു. അദ്ദേഹം ദൂരെ നിന്ന് കത്ത് ഉയർത്തിക്കൊണ്ട് വിളിച്ചു പറയാൻ തുടങ്ങി. അദ്ദേഹത്തെ കൊണ്ടു വരാനും തന്റെ മുന്നിൽ ഹാജരാക്കാ നും രാജാവ് കല്പിച്ചു.

ധൈര്യത്തോടും യുക്തിയോ ടും കൂടി തബ്ലീഗിന്റെ ഉത്തര വാദിത്വം നിർവഹിച്ചവരാണിവർ. ഏതെങ്കിലും ഭരണാധികാരിയെയോ ഗവർണറെയോ രാജാവിനെയോ അവർ ഭയപ്പെട്ടിരുന്നില്ല.

ഹദ്റത്ത് ഹാത്തിബ് ബ്നു അബീബൽത: മക്കാവിജയത്തിനു മുൻപ് ഒരു കത്തു മുഖേന നബി(സ)തിരുമേനി യുടെ ആഗമന ത്തെക്കുറിച്ച് മക്കക്കാരെ അറിയി ക്കാൻ ശ്രമിച്ചിരുന്നു. മക്കയിലേക്കു പോവുകയായിരുന്ന ഒരു സ്ത്രീയു ടെ കൈയിലായിരുന്നു കത്ത് കൊടുത്തയച്ചിരുന്നത്. അല്ലാഹു ഇക്കാര്യം നബി(സ)തിരുമേനിയെ അറിയിച്ചതിനെ തുടർന്ന് അവിടന്ന് ഹദ്റത്ത് അലി(റ)യെയും മറ്റു ചില സഹാബാക്കളെയും ആ സ്ത്രീയു ടെ പിന്നാലെ അയച്ചു. അവർ ആ സ്ത്രീയിൽ നിന്ന കത്ത് കണ്ടെടു ത്ത് തിരുമേനിയുടെ സമക്ഷം എത്തിച്ചു. ഇതെന്താണെന്ന് നബി (സ) ഹദ്റത്ത് ഹാത്തിബിനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ ഇതു ചെയ്തത് വല്ല അവിശ്വാസത്താലോ കാപട്യം കൊണ്ടോ അല്ല. എന്റെ ബന്ധുക്ക ളുടെ ഔദാര്യങ്ങൾക്കു പ്രത്യു പകാരമെന്ന നിലയ്ക്കാണ് ഞാനിത് എഴുതിയത്. നീ പറഞ്ഞത് സത്യ മാണെന്ന് പറഞ്ഞു കൊണ്ട് നബി (സ)തിരുമേനി അദ്ദേഹത്തിന് മാപ്പ് നല്കി.

ഹദ്റത്ത് അബൂബക്കറും(റ) അദ്ദേഹത്തെ മുഖൗഖിസിന്റെ പക്കൽ ഈജിപ്തിലേക്ക് അയച്ചി രുന്നു. അന്ന് ഒരു ഉടമ്പടിയിൽ ഏർപ്പെടുകയുണ്ടായി. ഹദ്റത്ത് അംറ്ബ്നു ആസ് ഈജിപ്ത് ആക്രമിക്കുന്നതുവരെ ആ ഉടമ്പടി ഇരു കക്ഷികളിലും നിലനിന്നിരു ന്നു. സമാധാന ഉടമ്പടിയായിരുന്നു അത്.

സുന്ദരമായ ശരീരത്തിനുടമ യായിരുന്നു ഹദ്റത്ത് ഹാത്തിബ് എന്നാണ് പറയപ്പെടുന്നത്. നേർ ത്ത താടിയും കഴുത്ത് വളഞ്ഞതു മായിരുന്നു. ഉയരം കുറവും വിരലുകൾ വണ്ണമുള്ളതുമായിരു ന്നു.

യഅ്ഖൂബ് ബ്നു അത്ബയി ൽ നിന്ന് നിവേദനം: ഹദ് റത്ത് ഹാത്തിബ് ബ്നു അബീ ബൽത: നാലായിരം ദിർ ഹമും ദീനാറും ഉപേക്ഷിച്ചു കൊണ്ടാണ് വഫാത്താ യത്. ധാന്യങ്ങളുടെ കടച്ചവടമായി രുന്നു അദ്ദേഹത്തിന്. അദ്ദേഹം തന്റെ മുതലുകൾ മദീനയിൽ തന്നെ ഉപേക്ഷിക്കുകയായിരുന്നു. ഹദ്റ ത്ത് ജാബിറിൽ നിന്ന് നിവേദനം: ഒരി ക്കൽ ഹദ്റത്ത് ഹാത്തിബിന്റെ അടിമ അദ്ദേഹത്തെക്കുറിച്ചുള്ള പരാതിയുമായി തിരുമേനിയുടെ അടുക്കലെത്തി. അടിമ പറഞ്ഞു: അല്ലാഹുവിന്റെ ദൂതരേ, ഹാത്തിബ് തീർച്ചയായും നരകത്തിലായിരി ക്കും. വല്ലാത്ത അലസനാണെ ന്നോ മറ്റോ അയാളെ പറഞ്ഞു കാണും. നബി(സ) തിരുമേനി പറഞ്ഞു: നീ കളവാണ് പറയുന്നത്. അദ്ദേഹം ഒരിക്കലും നരകത്തിൽ പ്രവേശിക്കുകയില്ല. എന്തെന്നാൽ, അദ്ദേഹം ബദർ യുദ്ധത്തിലും ഹുദൈബിയ സന്ധിയിലും പങ്കെടു ത്തിട്ടുണ്ടായിരുന്നു.

ഒരിക്കൽ ഹദ്റത്ത് ഹാത്തി ബ് മദീനയിലെ ചന്തയിൽ ഉണക്ക മുന്തിരി മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വില്ക്കുക യായിരുന്നു. ആ സമയത്ത് ഹദ്റ ത്ത് ഉമർ(റ) അതിലൂടെ കടന്നു പോയി. താങ്കൾ സ്വന്തം വീട്ടിൽ ചെന്ന് വിറ്റു കൊള്ളുവാൻ ഉമർ(റ) കല്പന നല്കി. മാർക്കറ്റിൽ ഇത്ര കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ അനുവദിക്കുകയില്ല. മാർക്കറ്റ് വിലയെ അതു സാരമായി ബാധി ക്കും. ഹദ്റത്ത് ഉമറിന്റെ ഈ അഭിപ്രായത്തെ ഫുഖഹാക്കൾ ഒരു പ്രായോഗിക തത്ത്വമായി അംഗീക രിക്കുന്നു. മാർക്കറ്റ് വില നിശ്ചയി ക്കേണ്ടത് ഇസ്ലാമിക ഭരണകൂട ത്തിന്റെ ചുമതലയാണെന്ന് അവർ എഴുതിയിരിക്കുന്നു.

മേച്ചിൽസ്ഥലങ്ങളിൽ വെള്ള ത്തിനു വേണ്ടി കിണർ കുഴിക്കുന്ന ചുമതലയും ഇസ്ലാമിക ഭരണകൂട ത്തിന്റേ താണ്. നബി(സ) ഒരിക്കൽ മേച്ചിൽസ്ഥലത്ത് ഹദ്റത്ത് ഹാത്തി ബ് മുഖേന കിണർ കുഴിപ്പിച്ചിരുന്നു. നിവേദന ത്തിൽ വന്നിരിക്കുന്നു: ബനൂമുസ്തലിഖ് യുദ്ധത്തിൽ നിന്നും തിരിച്ചു വരുമ്പോൾ നബി(സ)തിരുമേനി നഖീഅ് സ്ഥലം വഴി കടന്നു പോയി. അവിടെ വിശാലമായ പുൽ മൈതാനം അവിടന്ന് കണ്ടു. ഒരുപാട് കിണറു കളുമുണ്ടായിരുന്നു. വെള്ളവും

നല്ലതായിരുന്നു. ആ കിണറുകളിലെ വെള്ളത്തെക്കുറിച്ച് നബി(സ) അന്വേഷിച്ചപ്പോൾ അദ്ദേഹത്തോടു പറയപ്പെട്ടു: അല്ലാഹുവിന്റെ ദൂതരേ, വെള്ളം നല്ലതാണ്. പക്ഷേ, ഞങ്ങൾ ഈ കിണറിനെ പ്രകീർത്തിക്കുമ്പോൾ ഇതിലെ വെള്ളം കുറഞ്ഞുപോകുകയോ കിണർ പൊളിഞ്ഞുപോവുകയോ ചെയ്യുന്നു. അങ്ങനെ നബി(സ)തിരുമേനി ഹദ്റത്ത് ഹാത്തിബിനോട് ഒരു കിണർ കുത്താനും നഖീഅ്നെ മേച്ചിൽ സ്ഥലമാക്കാനും കല്പന നല്കി.

ഹദ്റത്ത് ഹാത്തിബ് ബ്നു അബീ ബൽത:യുടെ ധാർമിക ഗുണങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് സീറത്തു സ്സ്വഹാബ യുടെ ഗ്രന്ഥകാരൻ എഴുതുന്നു: വളരെയധികം ആത്മാർഥതയുണ്ടായിരുന്ന വ്യക്തിയായിരുന്നു അദ്ദേഹം. ഉദാരതയും നേരെ ചൊവ്വേ കാര്യങ്ങൾ പറയുക എന്നതും അദ്ദേഹത്തിന്റെ സവിശേഷ ഗുണങ്ങളാണ്. സുഹൃത്തുക്കളെയും ബന്ധുക്കളെയും നല്ലവണ്ണം ശ്രദ്ധിക്കുമായിരുന്നു. മക്കാവിജയ വേളയിൽ അദ്ദേഹം മുശ്രിക്കീങ്ങൾക്ക് കത്തെഴുതിയ സംഭവം ഞാൻ നേരത്തെ വിവരിച്ചു കഴിഞ്ഞു. വാസ്തവത്തിൽ തന്റെ കുടുംബക്കാരോടുള്ള സ്നേഹമായിരുന്നു അതിനു കാരണം. അദ്ദേഹത്തിന്റെ സദുദ്ദേശ്യത്തെയും സത്യസന്ധതയെയും പരിഗണിച്ച് നബി(സ) തിരുമേനി അദ്ദേഹത്തിന് മാപ്പ് നല്കി. അല്ലാഹു നമ്മെ ഈ സഹബാക്കളുടെ ഗുണങ്ങൾ അവലംബിക്കുവാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ഇവരുടെ പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ.

# അഹങ്കാരം ഉപേക്ഷിക്കുക

**– ഹദ്റത്ത് അഹ്മദ് (അ)**

അഹങ്കാരം ഉപേക്ഷിക്കുവാൻ ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊള്ളുന്നു. ഗർവ് പ്രതാപവാനായ നമ്മുടെ ദൈവത്തിന്റെ കണ്ണിൽ അങ്ങേയറ്റം അനിഷ്ടകരമായിട്ടുള്ള തത്രെ. ഗർവ് എന്നാൽ എന്താണെന്ന് നിങ്ങൾ പക്ഷേ പൂർണമായും മനസ്സിലാക്കിയിട്ടില്ലായിരിക്കാം. ആകയാൽ, എന്നിൽ നിന്നും അതറിഞ്ഞുകൊൾവിൻ, എന്തെന്നാൽ ഞാൻ അല്ലാഹുവിൽ നിന്നുമുള്ള ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് സംസാരിക്കുന്നു.

തന്റെ സഹോദരനെക്കാൾ കൂടുതൽ പഠിച്ചവനും അറിവുള്ളവനും ബുദ്ധിമാനും ആണെന്നുകരുതിക്കൊണ്ട്, അവനെ താഴ്ത്തിക്കാണാൻ ശ്രമിക്കുന്നവൻ അഹങ്കാരിയാകുന്നു. എല്ലാ അറിവിന്റെയും ജ്ഞാനത്തിന്റെയും ഉറവിടം അല്ലാഹുവാണെന്ന് കരുതുന്നതിന് പകരം താൻതന്നെ വലിയ എന്തോ ആണെന്ന് അയാൾ വിചാരിക്കുന്നു. അയാളെ മാനസികമായി നിലതെറ്റിയവനാക്കുവാനും താൻ താഴ്ന്നവനായിക്കരുതിയ തന്റെ സഹോദരനെ ഏറെ ഉയർന്ന ജ്ഞാനവും അറിവും ബുദ്ധിശക്തിയും നൽകി അയാളെ അനുഗ്രഹിക്കുവാനും അല്ലാഹുവിന് ശക്തിയില്ലെ? ഇപ്രകാരം തന്നെ തന്റെ സമ്പത്തിന്റെയും ഉത്തുംഗ സ്ഥാനത്തിന്റെയും പേരിൽ തന്റെ സഹോദരനെ ഇകഴ്ത്തിക്കാണിക്കുന്നവനും ഗർവിഷ്ഠനാകുന്നു. തന്റെ പദവിയും മഹിമയുമെല്ലാം അല്ലാഹു അനുഗ്രഹിച്ചു നൽകിയതാണെന്ന യാഥാർഥ്യത്തെ അവഗണിച്ചാലതിനാലാണ് അവൻ അഹങ്കാരിയാവുന്നത്. പെട്ടെന്ന് ഞാൻ നീചരിൽ നീചനായി താഴത്തേക്കെറിയപ്പെടുമാറ് തനിക്ക് ദൗർഭാഗ്യം വരുത്തിവെക്കുവാൻ അല്ലാഹുവിന് കഴിവുണ്ടെന്ന വസ്തുത മനസ്സിലാക്കാത്തവനും അന്ധനുമാണവൻ. അവൻ ചെറിയവനായിക്കരുതുന്ന തന്റെ സഹോദരന് കൂടുതൽ സമ്പത്തും ഐശ്വര്യവും അനുഗ്രഹിച്ചു നൽകിയ അല്ലാഹു ശക്തനാണെന്ന കാര്യവും അവൻ മനസ്സിലാക്കുന്നില്ല. ശരീരാരോഗ്യത്തിലോ ആകാര സൗഷ്ഠവത്തിലോ താൻ കേമനാണെന്ന് കരുതിക്കൊണ്ട് സ്വസഹോദരനെ നിന്ദിച്ച് പറയുകയും പരിഹസിക്കുകയും അപനാമങ്ങൾ വിളിച്ചു അപഹാസ്യനാക്കുകയും ചെയ്യുന്നവൻ അഹങ്കാരിയാകുന്നു. തന്റെ മേൽ ക്ഷണനേരം വരുത്തിവെക്കനും തന്റെ നിന്ദിക്കപ്പെട്ട സഹോദരനേക്കാൾ എത്രയോ ദുസ്ഥിതിയിലാക്കാനും പോരുന്നവനായ ഒരു ദൈവത്തിന്റെ ഉൺമയെക്കുറിച്ച് അറിവില്ലാത്തവനും അഹങ്കാരിയുമത്രെ.

***(റൂഹാനി ഖസായിൻ വാള്യം 18 ഭാഗം 402, നുസൂലുൽ മസീഹ് ഭാഗം 26)***

# അഹ്മദികളും ഹജ്ജും

## സുൽത്താൻ ഇബ്നു സുഊദുമായി അഹ്മദി മുബല്ലിഗ് നടത്തിയ കൂടിക്കാഴ്ച്ച.

ഹദ്റത്ത് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനി(റ)

മുസ്ലിമായ ഒരാൾക്ക് ഹജ്ജ് നിഷേധിച്ചാൽ അവരെ അല്ലാഹു ശിക്ഷിക്കുമെന്ന് പരിശുദ്ധ ഖുർആൻ താക്കീത് ചെയ്തതാണ്. *'അവിശ്വസിക്കുകയും, (മനുഷ്യരെ) അല്ലാഹുവിന്റെ മാർഗത്തിൽ നിന്നും മസ്ജിദുൽ ഹറാമിൽ നിന്നും -അവിടെ താമസിക്കുന്നവർക്കും പുറമേ നിന്ന് വരുന്നവരുമായ എല്ലാവർക്കും നാം അതിനെ സമാവകാശമാക്കി വെച്ചിരിക്കുന്നു- തടയുകയും ചെയ്യുന്നവർ, ആരെങ്കിലും അവിടെ വെച്ച് അക്രമവും അനീതിയും നടത്തുവാൻ ഉദ്ദേശിക്കുന്നതായാൽ അവനെ വേദനാജനകമായ ശിക്ഷ രുചിപ്പിക്കുന്നതാണ്.' (സൂറ: ഹജ്ജ്. 22:26)*

സുഊദി ഭരണാധികാരികൾ ആദ്യകാലത്ത് ഹജ്ജ് നിർവഹിക്കാൻ അഹ്മദികളെ അനുവദിക്കുകയുണ്ടായി. സുൽത്താൻ ഇബ്നു സുഊദിന് അല്ലാഹുവിന്റെ താക്കീതിനെ പറ്റി ബോദ്ധ്യമുണ്ടായിരുന്നു. സർ സഫറുല്ലാഹ് ഖാൻ സാഹിബിനെ അമീർ ഫൈസൽ വിശിഷ്ടാതിഥിയായി ഹജ്ജിന് ക്ഷണിക്കുകയാണുണ്ടായത്. പിന്നീട് എണ്ണപ്പണം കുമിഞ്ഞു കൂടിയപ്പോൾ പാക്കിസ്താനിൽ നിന്നും ഇന്ത്യയിൽ നിന്നും എത്തിച്ചേർന്ന ഉപജാപകരായ ഉലമാക്കന്മാരും റാബിത്തത്തുൽ ആലമിൽ ഇസ്ലാമിയുമാണ് അഹ്മദികൾക്ക് ഹജ്ജ് നിരോധിക്കാൻ സുഊദി ഭരണകൂടത്തെ പ്രേരിപ്പിച്ചത്. അഹ്മദികൾക്ക് ഹജ്ജ് നിരോധിച്ചതിന് ശേഷം സുഊദി അറേബ്യക്കും മുസ്ലിം ലോകത്തിനും രക്ഷയും ശ്രേയസ്സുമാണോ ഉണ്ടായത് അല്ലെങ്കിൽ അല്ലാഹു താക്കീത് ചെയ്തത് പോലെ അധപതനവും പരാജയവും ശിക്ഷയുമാണോ ഉണ്ടായിക്കൊണ്ടിരിക്കുന്നത്?

വാഗ്ദത്ത മസീഹിന്റെ സഹാബിയും ഗ്രന്ഥകാരനുമായ അൽഹാജ് ഹദ്റത്ത് യഅ്ക്കൂബ് അലി ഇർഫാനി (റ) സുഊദി ഭരണകൂട സ്ഥാപകൻ സുൽത്താൻ ഇബ്നു സുഊദുമായി നടത്തിയ കൂടിക്കാഴ്ച്ച രേഖപ്പെടുത്തിയ 'കിതാബുൽ ഹജ്ജ്' എന്ന പുസ്തകത്തിൽ നിന്നുള്ളതാണ് ഈ ലേഖനം.

ജലാലത്തുൽ മുൽക്ക് സുൽത്താൻ ഇബ്നു സൂഊദുമായി മൂന്നു തവണ കൂടിക്കാഴ്ച്ച നടത്തുവാൻ എനിക്കവസരമുണ്ടായി. രണ്ട് തവണ എന്റെ കൂടെ മുബല്ലിഗുൽ ഇസ്ലാം ഹദ്റത്ത് അൽഹാജ് അബ്ദുർ റഹിം നയ്യർ സാഹിബും (റ) ഉണ്ടായിരുന്നു. മൂന്നാമത്തെ തവണ ഞാനൊറ്റക്കാണ് കൂടിക്കാഴ്ച്ച നടത്തിയത്. അത് വളരെ പ്രധാനപ്പെട്ടതുമായിരുന്നു. വിശുദ്ധ മക്കയിൽ സുൽത്താൻ ഇബ്നു സൂഊദ് പ്രവേശിച്ച ആദ്യത്തെ കൊല്ലം തന്നെയാണ് അതുണ്ടായത്. ധാരാളം അഹ്ലെ ഹദീസുകാർ അവിടെ എത്തിയിട്ടുണ്ടായിരുന്നു. മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് സൂറത്തിയും അവരിലൊരാളായിരുന്നു. എന്റെ ബോംബെ പ്രവാസകാലത്ത് അടുത്ത് പരിചയപ്പെടാനിടയായ ഇദ്ദേഹം വിശ്വാസപരമായി അഹ്ലെ ഹദീസ് കക്ഷിക്കാരനായിരുന്നതോടൊപ്പം ഒരു ഉറച്ച് കോൺഗ്രസ്സ്കാരനുമായിരുന്നു. സൂറത്ത് സാഹിബിന് സുൽത്താന്റെ വളരെ അടുത്ത ആളുകളിൽ പെട്ട മൗലവി ഇസ്മായിൽ ഗസ്നവിയോട് (സുൽത്താന്റെ ഭരണത്തിന്റെ നിലനിൽപ്പിന് വേണ്ടി വലിയ ത്യാഗങ്ങൾ ചെയ്തിട്ടുള്ള ഒരാളായിരുന്നു അദ്ദേഹം) എന്തോ നീരസം ഉണ്ടായിരുന്നു. സുൽത്താനോട് ഗസ്നവിസാഹിബിനോടുള്ള അടുപ്പവും അദ്ദേഹത്തിന് ലഭിച്ച സ്ഥാനവും മൗലവി ഇസ്മായീൽ സൂറത്തിക്ക് അസഹനീയമായി തോന്നി. ഗസ്നവി സാഹിബിനോട് എനിക്ക് ചെറുപ്പത്തിലേ ബഹുമാനമായിരുന്നു. അതിനാൽ അദ്ദേഹം എന്നേയും സ്നേഹിച്ചു. ഗസ്നവി സാഹിബിനെതിരെ ആരോപണം തൊടുത്തുവിടാൻ ഇത്നല്ല ഒരു അവസരമാണെന്ന് സൂറത്തി സാഹിബ് കരുതി. ഗസ്നവി സാഹിബ് എന്നെ സുൽത്താന്റെയടുക്കൽ കൂട്ടിക്കൊണ്ടു പോകുന്നു എന്നദ്ദേഹം ഒരു

ആക്ഷേപം പുറപ്പെടുവിക്കുകയും ഇത് വലിയൊരു ഫിത്നയാണെന്ന് പറഞ്ഞ് പരത്തുകയും ചെയ്തു.

സുൽത്താന് എന്റെ വിശ്വാസങ്ങൾ നന്നായറിയാമായിരുന്നു. സുൽത്താൻ ഈ വിഷയം അബ്ദുല്ലാഹിബ്നു യൽഹിദുമായി ചർച്ച ചെയ്യുകയും ചെയ്തിരുന്നു. ഞാനുമായി കൂടിക്കാഴ്ച്ച നടത്തുന്നതിനെപറ്റി സുൽത്താൻ അദ്ദേഹത്തോട് അഭിപ്രായമാരായുകയുണ്ടായി. ശൈഖുൽ ഇസ്ലാം (അല്ലാഹു അദ്ദേഹത്തിന്റെ നേരെ റഹീം ചെയ്യുമാറാകട്ടെ) പറഞ്ഞത് ഇക്കൂട്ടർ ഇസ്ലാമിന്റെ തബ്ലീഗ് ചെയ്യുന്നവരാണെന്നും തിരുമനസ്സുകൊണ്ട് നിശ്ചയമായും അവരുമായി കൂടിക്കാഴ്ച്ച നടത്തി അവരുടെ നിലപാടും വിശ്വാസങ്ങളും മനസ്സിലാക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ഇങ്ങനെയാണ് എനിക്ക് സുൽത്താനുമായി കൂടിക്കാഴ്ച്ച നടത്താനും എന്റെ വിശ്വാസങ്ങൾ അറിയിക്കാനും അവസരം ലഭിച്ചത്.

സുൽത്താനുമായി ഞാൻ കൂടിക്കാഴ്ച്ച നടത്തിയെന്ന് സൂറത്തി സാഹിബ് അറിഞ്ഞപ്പോൾ അദ്ദേഹം ഗസ്നവി സാഹിബിനെക്കുറിച്ച് സുൽത്താന്റെ അടുക്കൽ ആക്ഷേപം ബോധിപ്പിച്ചു. സംഗതികൾ ശരിക്കും അറിയുന്ന സുൽത്താൻ ഇബ്നു സുഊദ് ഞാൻ ശരിയായ വഴിക്കാണ് തന്നെ സമീപിച്ചതെന്നും താൻ ശൈഖുൽ ഇസ്ലാമിനോട് ഉപദേശമാരാഞ്ഞ ശേഷമാണ് കൂടിക്കാഴ്ച്ചക്ക് അനുമതി നൽകിയതെന്നും അറിയിച്ചു. ഞാൻ നൽകിയ ഗ്രന്ഥങ്ങൾ താൻ സ്വീകരിച്ചതായും ഈ കാര്യത്തിൽ ഗസ്നവി സാഹിബിന് യാതൊരു പങ്കുമില്ലെന്നും സുൽത്താൻ പറഞ്ഞു. തുടർന്ന് സുറത്തി സാഹിബിനോട് അദ്ദേഹം മക്കയിൽ വന്നതെന്തിനാണെന്നും സുൽത്താൻ ചോദിക്കുകയുണ്ടായി. ഹജ്ജ് ചെയ്യാൻ വന്നതാണെന്ന് അദ്ദേഹം മറുപടി നൽകുകയുണ്ടായി. അപ്പോൾ സുൽത്താൻ തിരുമനസ്സുകൊണ്ട് ഇപ്രകാരം പറഞ്ഞു. ഞങ്ങൾ ബദുക്കളാണ്. ഞങ്ങളുടെ ഭവനങ്ങളിൽ ശത്രുക്കൾക്കും അഭയം നൽകാറുണ്ട്. ഇവർ ദൈവത്തിന്റെ ഭവനത്തിലാണ് വന്നിട്ടുള്ളത്. ദൈവത്തിന്റെ ഭവനത്തിൽ നിന്ന് ഇവരെ ആട്ടി പുറത്താക്കാൻ ഞാനോ നിങ്ങളോ ആരാണ്? പിന്നെ ഫിത്നയുടെ കാര്യമല്ലേ? അദ്ദേഹം നിയമ വിരുദ്ധമായി എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുകയാണെങ്കിൽ അപ്പോൾ സർക്കാർ വേണ്ടത് ചെയ്യും.

ചുരുക്കത്തിൽ സൂറത്തി സാഹിബ് തന്റെ കുതന്ത്രത്തിൽ പറ്റെ പരാജയപ്പെട്ടു. ഈ സംഗതി ഞാനറിഞ്ഞപ്പോൾ ഞാൻ വീണ്ടും സുൽത്താനുമായി കൂടികാഴ്ച്ചക്കുള്ള ഒരുക്കങ്ങൾ ചെയ്തു. അങ്ങനെ ഞാനും സുൽത്താനുമായി ഇപ്രകാരം ഒരു സംഭാഷണമുണ്ടായി.

**ഇർഫാനി**: ജലാലുൽമുൽക്ക്, വിശുദ്ധ ഹറമൈനുകളുടെ സേവനത്തിനുള്ള ഭാഗ്യം അങ്ങേക്ക് ലഭിച്ചത് എങ്ങനെയാണ്?

**സുൽത്താൻ**: ദാലിക ഫളുലുല്ലാഹി യുഅ്ത്തീ മൻ യശായി (അത് ദൈവാനുഗ്രഹം അവൻ ഇച്ഛിക്കുന്നവർക്ക് അത് നൽകുന്നു-ഖുർആൻ)

**ഇർഫാനി**: നിശ്ചയമായും ഇതൊരു അനുഗ്രഹം തന്നെ, എന്നാലും ആ അനുഗ്രഹ പ്രാപ്തിക്ക് കാരണമുണ്ടാകുമല്ലോ?

**സുൽത്താൻ**: എനിക്കറിയില്ല താങ്കൾ തന്നെ പറയൂ.

**ഇർഫാനി**: ശരീഫ് ഔന്റെ കാലത്ത് അങ്ങയുടെ പിതാമഹൻ ഹജ്ജിനായി വന്നിട്ടുണ്ടായിരുന്നു. എന്നാൽ ശരീഫ് വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി അവരെ തടഞ്ഞു. അല്ലാഹു ഇത് തീരെ ഇഷ്ടപ്പെട്ടില്ല. ആകയാൽ ശരീഫിന്റെ കുടുംബക്കാരിൽ നിന്ന് ഈ മഹാഭാഗ്യം അല്ലാഹു പിടിച്ചുപറ്റി. സുഊദ് കുടുംബത്തിന് നൽകി.

**സുൽത്താൻ**: മർഹബാ! മർഹബാ!

**ഇർഫാനി**: വിശുദ്ധ മക്ക ലോകത്തുള്ള മുഴുവൻ മുസ്ലിംകളുടേയും കേന്ദ്രമാണ്. ഇവിടെ വിവിധ തരക്കാരായ വിശ്വാസക്കാരും കക്ഷിക്കാരുമായ മുസ്ലിംകൾ വരും. ചിലർക്ക് അങ്ങുമായും അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി അങ്ങ് ആരെയെങ്കിലും അകറ്റുന്ന പക്ഷം ഓർമവെച്ചു കൊള്ളുക സർവശക്തനായ അല്ലാഹു അങ്ങയിൽ നിന്നും ഈ സേവന ഭാഗ്യം പിടിച്ചു പറ്റും. എന്നിട്ട് വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങളെ മുൻനിർത്തി ആരെയും അകറ്റിക്കളയാത്ത ആൾക്ക് അത് നൽകുകയും ചെയ്യും.!

എന്റെ ഈ സംസാരം അന്നത്തെ അദ്ദേഹത്തിന്റെ പ്രസിദ്ധ മന്ത്രിയായിരുന്ന തൗഫീഖ് ശരീഫ് സാഹിബാണ് പരിഭാഷപ്പെടുത്തിയത്. ചിലപ്പോൾ ഞാൻ തന്നെ തപ്പിതടഞ്ഞ് എന്റെ ഭാഷയിൽ സംസാരിക്കുകയും ചെയ്തിരുന്നു. സുൽത്താൻ എന്റെ സംസാരം കേട്ടപ്പോൾ ഇസ്തിഗ്ഫാർ ചെയ്തുകൊണ്ട് പെട്ടെന്ന് എഴുന്നേറ്റ് നിന്നു പറഞ്ഞു: ഇൻശാ അല്ലാഹ് നാം ഒരിക്കലും അപ്രകാരം ചെയ്യില്ല.

എന്നിട്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: താങ്കൾ തന്നെ സാക്ഷിയാണല്ലോ നാം ഒരു വിരോധവും കാണിച്ചില്ല. താങ്കളെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിലും നാം അത് ചെവികൊണ്ടിട്ടില്ല! അപ്പോൾ ഞാൻ പറഞ്ഞു: ഇക്കാരണത്താൽ തന്നെയാണ് ഈ സത്യം അങ്ങയെ ഉണർത്തണമെന്ന് എനിക്ക് തോന്നിയത്. അൽഹംദുലില്ലാഹ്! ഞാനിതാ എന്റെ കടമ നിർവഹിച്ചു കഴിഞ്ഞു.

എന്റെ ജീവിതത്തിലെ ഒരു പ്രധാന സംഭവമാണിതെങ്കിൽ സുൽത്താൻ ഇബ്നു സുഊദിന്റെ സ്വഭാവമഹിമയിലേക്ക് വെളിച്ചം വീശുന്ന ഒന്നുമത്രേ.

**ശേഷം പേജ് 23 ൽ**

# കേരളത്തിലെ മാർത്തോമാ നസ്രാണികളുടെ അത്യപൂർവ ശ്ലൈഹിക പാരമ്പര്യം

കേരളത്തിലെ മാർത്തോമാ ചരിത്രത്തെ അന്ധകാരത്തിന്റെ കോട്ടയിൽ തളച്ചിട്ട് ചരിത്രബന്ധം വിച്ഛേദിച്ചതിന്റെ ഉത്തരവാദിത്വം റോമൻ സഭക്കാണ്. അത്യപൂർവമായ ശ്ലൈഹിക പാരമ്പര്യമുള്ള കേരളത്തിലെ മാർത്തോമാ ക്രിസ്ത്യാനികൾ തങ്ങളുടെ ചരിത്രവും ദൈവിക പാരമ്പര്യത്തിന്റെ യഥാർഥ അദ്ധ്യാപനങ്ങളും തിരിച്ചറിയേണ്ടതുണ്ട്.

**എ. എം. മുഹമ്മദ് സലീം**

കേരളത്തിലെ ക്രൈസ്തവ സഭകളുടെ പ്രഥമ പ്രേഷിതൻ ക്രിസ്തുവിന്റെ ഭക്തശിഷ്യനായ സെന്റ് തോമസ് ആണ്. ക്രിസ്തുവിന്റെ കാലത്ത് തന്നെ ആ പുണ്യാത്മാവിനെ കൈക്കൊള്ളുവാൻ ഭാഗ്യം സിദ്ധിച്ച കേരളത്തിലെ ക്രിസ്ത്യാനികൾ അത്യപൂർവ ബഹുമതി അർഹിക്കുന്ന ഒരു മഹനീയ പാരമ്പര്യത്തിന്റെ ഉടമകളാണ്. സെന്റ് തോമസ് മുഖേന യേശുമിശിഹായുമായുള്ള ഇവിടുത്തെ ക്രിസ്ത്യാനികളുടെ മതപരവും ചരിത്രപരവുമായ പ്രാധാന്യം വേണ്ടവിധം വിശകലനം ചെയ്യപ്പെട്ടിട്ടില്ല. ചരിത്രരേഖകളുടെ അഭാവം കൊണ്ടും അത്യുക്തിയുടെ അതിപ്രസരം കൊണ്ടും സെന്റ് തോമസ് കേരളത്തിൽ വന്നിട്ടില്ല എന്നവാദം ഉയർത്തുന്നവരുണ്ട്. ശുഷ്ക്കമായ അക്കാദമിക്ക് മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്ന ഔപചാരിക ചരിത്ര നിർമാതാക്കളാണ് അവരിലധികവും. അതിശക്തവും അഖണ്ഡവുമായ മാർത്തോമാ പാരമ്പര്യം നിലനിൽക്കേ ചരിത്രരേഖകളുടെ അഭാവം പറഞ്ഞ് ചരിത്രസത്യത്തെ നിഷേധിക്കുന്നത് അൽപ്പത്വം എന്നതിൽ കവിഞ്ഞ് ആധുനിക ചരിത്രരചനാശാസ്ത്രത്തിലുള്ള വിവരക്കേട് കൂടിയാണ്. വൈക്കോൽ കൂനയിൽ നിന്ന് സൂചി പരതുന്ന അവധാനതയോടെ ക്ഷമാപൂർവം നടത്തുന്ന ക്രിയാത്മക ഗവേഷണങ്ങൾ മിത്തിന്റെ സ്വഭാവമുള്ള ഈ മഹാപൂരണങ്ങൾക്ക് പരിപൂർത്തി വരുത്തുക തന്നെ ചെയ്യും. അതിന് പകരം സെന്റ് തോമസ് തന്നെ കേരളത്തിൽ വന്നിട്ടില്ല എന്ന് പറഞ്ഞ് സമകാലീന സമൂഹത്തിൽ അഗാധമായി വേരോടിയിട്ടുള്ള ഈ വിശ്വാസത്തിന്റെ ചരിത്രപരതയെ അഭിമുഖീകരിക്കാതെ നിഷേധിക്കുന്ന യാന്ത്രികയുക്തികൾ ചരിത്രബോധമില്ലാതെ ഒച്ചവെക്കുന്ന വെളിച്ചപാടുകളാണ്. അവരെ നമുക്ക് അവഗണിക്കാം. കേരളത്തിലെ സെന്റ് തോമസ് ചരിത്രം വഴിമുട്ടി നിൽക്കുന്ന ഇത്തരം സന്ദിഗ്ദാവസ്ഥയിൽ ചരിത്രകാരൻ തൂലിക താഴെവെക്കുമ്പോൾ ഒരു സമൂഹത്തിന്റെ ഭൂതകാലം ഇരുട്ടിലേക്ക് തള്ളപ്പെടുന്നു. അതു കൊണ്ട് പാരമ്പര്യ വിശ്വാസങ്ങളെ അഗ്നിശുദ്ധി വരുത്തികൊണ്ട് ചരിത്ര ഗവേഷണങ്ങൾ മുന്നോട്ട് കൊണ്ടുപോകേണ്ടിയിരിക്കുന്നു.

### പറങ്കികളുടെ കടന്നു കയറ്റം

കേരളത്തിലെ ക്രിസ്ത്യാനികളുടെ ഈ ചരിത്രശൂന്യതക്ക് കാരണം പതിനഞ്ചാം നൂറ്റാണ്ടിൽ കേരളത്തിൽ ആയുധപാണികളായെത്തിയ റോമൻ സഭയുടെ പ്രചാരകരും കൊളോണിയൽ അധിനിവേശക്കാരുമായ പറങ്കികളായിരുന്നു. പത്രോസിന്റെ ശ്ലൈഹിക പാരമ്പര്യത്തിൽ കെട്ടിയുയർത്തിയ റോമൻ സഭ കേരളത്തിലെ ചിരപുരാതനമായതും തോമശ്ലീഹയാൽ സ്ഥാപിതവുമായ ഇവിടുത്തെ ക്രൈസ്തവ സമൂഹത്തോട് ചെയ്ത ദ്രോഹവും നശീകരണ പ്രവർത്തനങ്ങളുമാണ് ഭൂതകാലത്ത് നിന്നും കേരളത്തിലെ നസ്രാണികളുടെ ചരിത്രം മുറിഞ്ഞുപോകാനുള്ള കാരണം. ഏറെക്കുറെ പുറംലോകവുമായോ കിഴക്കോ പടിഞ്ഞാറോ ഉള്ള സഭകളുമായോ യാതൊരു ബന്ധവുമില്ലാതെ കഴിഞ്ഞിരുന്നവരാണ് ഇവിടുത്തെ സാധാരണക്കാരും പാവങ്ങളുമായ നസ്രാണികൾ ക്രിസ്ത്യാനികൾ. പതിനഞ്ചാം നൂറ്റാണ്ടിൽ കേരളത്തിൽ എത്തിയ പറങ്കികൾ നസ്രാണികൾ ക്രിസ്ത്യാനികളാണെന്നറിഞ്ഞപ്പോൾ ആദ്യം സന്തോഷിച്ചുവെങ്കിലും തദ്ദേശീയ മാർത്തോമാ ക്രിസ്ത്യാനികളുടെ വ്യത്യസ്ത ആചാരങ്ങളും വിശ്വാസങ്ങളും പറങ്കികൾ വെറുത്തു. റോമൻ സഭാവിശ്വാസികളായ പറങ്കികൾ എങ്ങനെയെങ്കിലും ലളിതമായ മാർത്തോമാ ആരാധനാക്രമം നശിപ്പിക്കാനും റോമൻവത്ക്കരിക്കാനുമാണ് ശ്രമിച്ചത്.

യേശുവിനെ കോഴികൂവുന്നതിന് മുമ്പ് മൂന്ന് തവണ തള്ളിപറഞ്ഞ പത്രോസ് അപ്പോസ്തലൻ സ്ഥാപിച്ചതാണ് റോമൻ സഭ. പിന്നീട് അധികാരവും സമ്പത്തും ആർജിച്ച് കോളോണിയൽ ശക്തികളുടെ അവിഭാജ്യഘടകമായി മാറിയ സമ്പന്നരായ റോമൻ സഭ യേശുവിന്റെ ഭക്തശിഷ്യനായ തോമാശ്ലീഹാ സ്ഥാപിച്ച സഭയെ പരമ പുച്ഛത്തോടെയാണ് വീക്ഷിച്ചത്. 1454 ജനുവരി 8ന് റോമിലെ നിക്കളാവൂസ് അഞ്ചാമൻ മാർപ്പാപ്പ പോർട്ടുഗീസുകാർ കണ്ടെത്തുന്ന രാജ്യങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിക്കാനുള്ള അധികാരം നൽകിയിരുന്നു. അത് പ്രകാരം രണ്ട് ഫ്രാൻസിസ്ക്കൻ സന്യാസിമാർ അടക്കം സാവെ ഗബ്രിയേൽ, സാവേ റാഫേൽ, സാവെ മിഖായേൽ എന്നീ മാലാഖമാരുടെ പേരുകൾ നൽകിയ കപ്പലുകളിലാണ് ലിസ്ബൺ പള്ളിയിലെ കുർബാനക്ക് ശേഷം ഇന്ത്യയിലേക്ക് പുറപ്പെട്ടത്.


വിശുദ്ധ ഖുർആൻ ക്രിസ്ത്യാനികളെ നസാറാക്കൾ എന്നാണ് വിശേഷിപ്പിച്ചത്. ഖുർആൻ ഉപയോഗിച്ച ആ പേരിലാണ് കേരള ക്രിസ്ത്യാനികൾ അറിയപ്പെട്ടത്. ക്രിസ്ത്യാനികൾ എന്ന നാമം സെന്റ് പോളും ബർണബാസും അന്ത്യോക്യയിൽ പോയപ്പോൾ ലഭിച്ച ഗ്രീക്ക് ലാറ്റിൻ പദമാണ്. അഭിഷിക്തൻ എന്നാണ് ആ പദത്തിന് അർഥം. അറമായ സുറിയാനിയുമായി ബന്ധമില്ല. നസ്രാണികൾ എന്ന് അറിയപ്പെട്ട ശാന്തശീലരും ഏകദൈവവിശ്വാസികളുമായ ഇവിടുത്തെ പുരാതന ക്രിസ്തീയ സഹോദരന്മാരെ നെസ്റ്റോറിയൻ പാഷാണ്ഡത (മതവിരുദ്ധത) ആരോപിച്ച് കൊടിയ മർദനങ്ങളിലൂടെയും കുനയങ്ങളിലൂടെയും റോമൻ വത്ക്കരിക്കുകയുണ്ടായി. കേരളാക്രിസ്ത്യാനികളുടെ മാർത്തോമാ പാരമ്പര്യം തേച്ചുമാച്ചുകളയുവാൻ എല്ലാ പാരമ്പര്യാചാരങ്ങളും ആരാധനാക്രമങ്ങളും ദൈവനിന്ദ ആരോപിച്ച് ഇല്ലാതാക്കി. പതിനാറാം നൂറ്റാണ്ടിൽ ഗോവ ആസ്ഥാനമാക്കിയായിരുന്നു ഇന്ത്യയിലെ പോർട്ടുഗീസ് കോളനി ഭരണം നടത്തിയിരുന്നത്. പോർട്ടുഗീസ് ഭരണാധികാരി ഭരണത്തലവൻ മാത്രമല്ല മതാധികാരമുള്ള ആളായിരുന്നു. അതായത് മെത്രാനുമായിരുന്നു. വിജ്ഞാന വെറിയനായ ഗോവൻ പറങ്കി മെത്രാൻ അലക്സിസ് മെനേസിസ് അമൂല്യമായ ചരിത്ര ശേഖരം ഉൾക്കൊള്ളുന്ന മതഗ്രന്ഥങ്ങളെല്ലാം കേരളത്തിലെ പള്ളികൾ തോറും സഞ്ചരിച്ച് അഗ്നിക്കിരയാക്കിക്കളഞ്ഞ സംഭവം കേരള ചരിത്രത്തെ ഇരുട്ടിലേക്കാഴ്ത്തിക്കളഞ്ഞ ഒരു സംഭവവമാണ്. ചരിത്രകാരന്മാരെ കിടിലം കൊള്ളിക്കുന്ന ഈ ക്രൂരതയെ പറ്റി പിന്നീട് ഭരിച്ച ബ്രിട്ടീഷുകാരും കേരളീയരുമായ ചരിത്രകാരന്മാർ ചർച്ചചെയ്തിട്ടില്ല. പറങ്കി ക്രിസ്ത്യാനികൾ നശിപ്പിച്ച ചില പ്രധാനപ്പെട്ട പുസ്തകങ്ങൾ ഇവയൊക്കെയാണ്. 1.പാർസിമാൻ 2.മാർഗസീശ, 3.പിതാക്കന്മാരുടെ പുസ്തകം, 4.പവിഴത്തിന്റെ പുസ്തകം, 5.മാക്കമൊത്ത് (പറുദീസ), 6.മിശിഹായുടെ തിരുബാല പുസ്തകം, 7. സുന്നഹദോസുകളുടെ പുസ്തകം, 8. സ്വർഗത്തിൽ നിന്ന് വന്ന കത്ത്, 9.കമീസിന്റെ പാട്ടുകൾ, 10. നർസായുടെ പുസ്തകം, 11.പ്രഹൻ പുസ്തകം (ജോസഫ് മറിയത്തെ കല്ല്യാണം കഴിക്കുന്നതിന് മുമ്പ് ഭാര്യയും മക്കളും ഉണ്ടായിരുന്നുവെന്ന് ഈ പുസ്തകം പറയുന്നു). 12.യോഹന്നാൻ വരകൽ ദോസ- (ഈശോ കർത്താവും ദൈവത്തിന്റെ പുത്രനും വെവ്വേറെയാണെന്ന് പുസ്തകം പറയുന്നു.) 13.വാവാകട്ടെ പുസ്തകം, 14.നുഹറ, 15.എംങ്കർത്താ പുസ്തകം, 16.കമ്മീസിന്റെ പാട്ടുകൾ, 17.ഇദാര, 18.സുബാടെ നമസ്ക്കാരം, 19.അമ്പത് നൊയമ്പിന്റെ ഉദർ പ്രാർഥന മുതലായവയാണ് നശിപ്പിക്കപ്പെട്ട പുസ്തകങ്ങൾ.

എറണാകുളത്തെ വൈക്കം എറണാകുളം റോഡിനരികെയുള്ള ഉദയംപേരൂരിൽ 1599 ജൂൺ 20 മുതൽ 26 വരെ വിളിച്ചു ചേർത്ത സൂന്നഹദോസ് പാശ്ചാത്യ റോമൻ വത്ക്കരണത്തിന് വേണ്ടിയുള്ള ഒരു ക്രൂരമായ ശ്രമമായിരുന്നു. യേശുവിന്റെ അധ്യാപനങ്ങളുടെ ആത്മീയ പ്രഭപരത്തിയ കേരളത്തിലെ നസ്രാണി ക്രിസ്ത്യാനികളെ പോർട്ടുഗീസുകാരും ജെസ്യൂട്ട് പാതിരിമാരും ചേർന്നായിരുന്നു റോമൻ വത്ക്കരണത്തിന് വിധേയമാക്കിയത്. ഇതിനെതിരെ കേരളത്തിലെ മാർത്തോമാ നസ്രാണികൾ നടത്തിയ കലാപമാണ് കൂനൻ കുരിശ് സംഭവം. 1653 ജനുവരി 23ന് നടത്തിയ ഈ പ്രക്ഷോഭം പാശ്ചത്യ കോയ്മക്കെതിരെ ഇന്ത്യയിലെ തന്നെ ആദ്യത്തെ സംഘടിത കലാപമായിരുന്നു. ഇനിമുതൽ തങ്ങൾ റോമൻ പാതിരിമാരെ അനുസരിക്കില്ല എന്ന് പറഞ്ഞ് നടത്തിയ ഒരു പ്രതിജ്ഞയായിരുന്നു അത്. ക്രൂരമായ ഇത്തരം റോമൻ വത്ക്കരണങ്ങളാണ് യഥാർഥത്തിൽ കേരളത്തിലെ അതിവിശിഷ്ടമായ മാർത്തോമാ പാരമ്പര്യത്തെ ഇരുട്ടിലാഴ്ത്തിക്കളഞ്ഞത്. പിന്നീട് റോമൻ പ്രഭാവത്തിന് അടിമപ്പെട്ടുപോയ എല്ലാ വിഭാഗത്തിലുംപെട്ട ക്രിസ്ത്യാനികൾ തങ്ങളുടെ പാരമ്പര്യങ്ങളോട് ഒന്നൊന്നായി വിടപറയുകയായിരുന്നു. റോമൻ സഭക്കാരായ പോർട്ടുഗീസ് ക്രിസ്ത്യാനികൾ ചെന്നൈയിലെ മൈലാപൂരിലെ സെന്റ് തോമസിന്റെ മൃതകുടീരം പൊളിച്ച് അവശിഷ്ടങ്ങളും അതിനോടൊപ്പമുള്ള തിരുശേഷിപ്പുകളും എടുത്ത് കൊണ്ട് പോയി. അതൊരു ശൂന്യമായ കബറിടമാക്കിയതും തോമാശ്ലീഹയെ അഥവാ സെന്റ് തോമസിനെ ചരിത്രത്തിൽ നിന്ന് വിസ്മൃതനാക്കിക്കളായാനുള്ള റോമൻ സഭയുടെ ശ്രമമായി കരുതേണ്ടിയിരിക്കുന്നു.

## യേശുവും ചരിത്രവും

ചരിത്രം വിഭജിക്കപ്പെട്ടിരിക്കുന്നത് ആദ്യന്തം ഇതിഹാസവത്ക്കരിക്കപ്പെട്ട യേശുവിനെ ആധാരമാക്കിയാണ് എന്നത് കൗതുകകരമാണ്.

ബി.സി (യേശുവിന് മുമ്പ്)യും എ.ഡി(അന്നോ ഡോമിനി)യും. ഒരു നിമിഷത്തിലോ കുറഞ്ഞ സമയത്തിലോ നടക്കുന്ന സംഭവത്തിന് പകരം ഒരു വ്യക്തിയുടെ ജീവിതഖണ്ഡത്തെ കാലത്തിന്റെ വിഭാജകമാക്കി എടുക്കുന്നത് തന്നെ അശാസ്ത്രീയവും അയുക്തികവുമാണ്. ഈ കാലവിഭജനമാണ് നമ്മുടെ അക്കാദമിക്ക് ലോകം പോലും അംഗീകരിച്ചിട്ടുള്ളത് എന്നതും വിസ്മയകരാണ്. അതിൽ യേശു ഇപ്പോഴും മരിക്കാതെ ആകാശത്തിരിക്കുന്നു എന്ന സങ്കൽപ്പത്തിലാണ് യേശുവിന് ശേഷം (After Christ)എന്ന് പറയാതെ എ.ഡി-അന്നോ ഡോമിനി (Anno Domini) അതായത് കർത്താവിന്റെ വർഷത്തിൽ എന്ന് പറഞ്ഞിരിക്കുന്നത്. നാമെല്ലാം ജീവിക്കുന്നത് ആ എഡിയിലാണ്. രണ്ടായിരം കൊല്ലം മുമ്പ് ജനിച്ച ക്രിസ്തുമതത്തിലെ യേശു യുക്തിബോധമുള്ള ഒരാൾക്ക് പ്രാപിക്കാൻ കഴിയാത്ത വിധമുള്ള ഒരു മിത്താണ്. സ്വർഗത്തിൽ നിന്ന് വിലക്കപ്പെട്ട കനി ഭക്ഷിച്ചതിനാൽ പാപികളായി തീർന്ന് പറുദീസ നഷ്ടപ്പെട്ടു ഭൂമിയിൽ പതിച്ച ആദം ദമ്പതികളിൽ നിന്ന് അത് ആരംഭിക്കുന്നു. പാപം ആദം ദമ്പതികളിലൊതുങ്ങിയില്ല. അവരുടെ സന്തതികളിലേക്കും സംക്രമിക്കുന്നു. അങ്ങനെ പാപികളായി തീർന്ന മനുഷ്യസന്തതികളെ ശിക്ഷിക്കാൻ ദൈവത്തിന്റെ കാരുണ്യം അനുവദിച്ചില്ല. പാപികളെ ശിക്ഷിക്കാതിരിക്കുന്നത് ദൈവത്തിന്റെ നീതിക്ക് നിരക്കുന്നതുമല്ല. ഈ വിഷമ പ്രശ്നം പരിഹരിക്കാനാണ് ദൈവം തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്കയച്ച് പാപത്തിൽ നിന്ന് വീണ്ടെടുക്കാൻ ക്രൂശിതനാക്കി മരിപ്പിക്കുന്നത്. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ ക്രിസ്തു പിന്നീട് സ്വർഗാരോഹണം നടത്തി പിതാവായ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ടനായി ലോകഭരണം നടത്തുകയും വിശ്വാസികളുടെ പ്രാർഥന കേൾക്കുകയും ചെയ്യുന്നു എന്നാണ് ക്രൈസ്തവ സങ്കൽപ്പം.



ഗോണ്ടഫറസിന്റെ കാലത്തെ നാണയങ്ങൾ

ഇതിഹാസരൂപിയായ ക്രിസ്തുവിന്റെ ദൈവികപരിവേഷത്തിന് കോട്ടം തട്ടും എന്നുള്ളതുകൊണ്ട് യേശുവിനെ പറ്റിയുള്ള ചരിത്രപരമായ യാതൊരു അന്വേഷണത്തിനും സഭ മുതിരാറില്ല. ക്രിസ്തു മതത്തെ സംബന്ധിച്ച് ബൈബിളടക്കം ഇതിനകം കോടാനുകോടി സാഹിത്യങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അതിലെല്ലാം തന്നെ അദ്ദേഹത്തിന്റെ ദൈവപുത്രപരമായ പ്രഘോഷണങ്ങളും, അത്ഭുത പ്രവർത്തികളും, അത്യുക്തിയുമാണ് നിറഞ്ഞു നിൽക്കുന്നത്. ആരായിരുന്നു യേശു? അദ്ദേഹം ജനിച്ചതെപ്പോൾ? അദ്ദേഹത്തിന്റെ ജന്മരഹസ്യമെന്ത്? അദ്ദേഹത്തിന്റെ ശൈശവ ജീവിതമെങ്ങനെ? കുടുംബ ജീവിതമെങ്ങനെ? വിദ്യാഭ്യാസമെന്ത്? സാമൂഹിക പരിസരം എന്തായിരുന്നു? വ്യക്തിബന്ധങ്ങൾ എന്തായിരുന്നു? അദ്ദേഹത്തിന്റെ ഉപജീവനമെന്ത്? ജീവിത സംഭവങ്ങളുടെ കാലാനുക്രമം എങ്ങനെ? അദ്ദേഹത്തിന് മരണമില്ലാത്തത് എന്തുകൊണ്ട്? ആകാശാരോഹണം സംഭവിച്ചതെങ്ങനെ? ഇത്തരത്തിൽ മനുഷ്യന്റെ ചരിത്രകൗതുകത്തെ ശമിപ്പിക്കുന്നതും അക്കാദമീയമായി വ്യക്തതയുള്ളതുമായ ഒരു ചരിത്രം യേശുവിനെ പറ്റി ഇന്നുവരെ എഴുതപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള പുരാരേഖകൾ കരുതിക്കൂട്ടി മായ്ച്ചുകളയുന്ന ഒരു പ്രവണതയും സഭക്കുണ്ട്. അങ്ങനെയൊന്ന് എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെ എഴുതിയ ആൾ സഭയുടെ അപ്രീതിക്ക് പാത്രമാകുകയും വിഗ്രഹഭഞ്ജകനായി മുദ്ര കുത്തപ്പെടുകയും ചെയ്യും. ക്രിസ്തുമതലോകം യേശുവിന്റെ ചരിത്രവായനയുടെ ഒരു നിരോധിത മേഖലയാണ് എന്നത് നിർഭാഗ്യകരമാണ്. ചരിത്രത്തോടുള്ള ഈ വിരക്തിയും വിരുദ്ധതയുമാണ് സെന്റ് തോമസിന്റെ കാര്യത്തിലും ഏറെക്കുറെ സംഭവിച്ചിട്ടുള്ളത്.

## യൂദാ തോമാ

ക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിലൊരാളായിട്ടാണ് ബൈബിളിൽ സെന്റ് തോമസ് വിവരിക്കപ്പെട്ടിരിക്കുന്നത്. ബൈബിൾ പുതിയ നിയമത്തിലെ നാല് സുവിശേഷങ്ങളിലും സെന്റ് തോമസ് പ്രദിപാതിക്കപ്പെടുന്നുണ്ട്. അതിൽ മത്തായി 10:3 മാർക്കോസ് 3:18, ലൂക്കോസ് 8:15, എന്നീ സുവിശേഷങ്ങൾ അദ്ദേഹത്തെ ഒന്ന് പരാമർശിക്കുക മാത്രമാണ് ചെയ്യുന്നത്. യോഹന്നാനിലാണ് കുറച്ചധികം പരാമർശമുള്ളത്. ദിദിമോസ് എന്നമറ്റൊരു പേരിലും അദ്ദേഹത്തെ പറ്റി പരാമർശമുണ്ട്. യഥാർത്ഥനാമം യൂദാ എന്നാണ്. തോമസ് എന്നത് വിളിപ്പേരാണ്. അഥവാ വിശേഷണമാണ്. തോമസ് എന്ന പദത്തിന് ഇരട്ട പിറന്നവൻ, കൂടെയുള്ളവൻ, സഹോദരൻ എന്നെല്ലാമാണ് അർഥം. Act of Juda Thomae എന്ന അപ്പോക്രിഫാ ഇനത്തിൽ പെട്ട തോമസ് യേശുവിന്റെ ഇരട്ട പിറന്ന സഹോദരനായി (യുഗ്മജൻ) വിവരിക്കപ്പെട്ടിട്ടുണ്ട്. ഇതിന് ബൈബിൾ പുതിയ നിയമത്തിൽ വ്യക്തമായ തെളിവുകളില്ല. ബൈബിൾ പ്രകാരം തോമസിനെ വേണമെങ്കിൽ യേശുവിന്റെ സഹോദരനാണെന്ന് പറയാൻ സാധിക്കും. ***'ഇവൻ തച്ചന്റെ മകനല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കബ്, യോസെ, ശീമോൻ, യൂദാ എന്നിവരല്ലയോ' (മത്തായി 13:55)*** തോമസ് യേശുവിന്റെ മാതാവ് മറിയയുടെ സ്തന്യപാനിയായ (മുലകുടി ബന്ധത്തിലുള്ള) സഹോദരനായിരുന്നുവെന്നാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ്(അ) അഭിപ്രായപ്പെട്ടത്. (മുസ്‌ലിംങ്ങളെ പോലെ യഹൂദരും മുലകുടി ബന്ധത്തിലുള്ളവരെ സഹോദരങ്ങളായി കണക്കാക്കാറുണ്ട്. അവർക്ക് പരസ്പര

വിവാഹം പോലും നിഷിദ്ധമാണ്.) തോമസ് മറിയയിലുള്ള യേശുവിന്റെ ഔരസ സഹോദരനല്ല എന്നർഥം. ഒരു പക്ഷേ യേശുവിന്റെ അതേ മുഖഛായയുള്ളത് കൊണ്ടോ അല്ലെങ്കിൽ സദാ സമയവും യേശുവിനോടൊപ്പം സഞ്ചരിക്കുന്നത് കൊണ്ടോ ആണ് കൂടെയുള്ളവൻ (ഇരട്ട) എന്ന് അർഥമുള്ള തോമസ് എന്ന അഭിധാനം യൂദാക്ക് സിദ്ധിച്ചതെന്നും അഭിപ്രായമുണ്ട്. ഒരിക്കൽ യേശു ശത്രുക്കൾ ധാരാളമുള്ള ബഥനിയിലേക്ക് പോകുമ്പോൾ മരിക്കാൻ സന്നദ്ധനായിക്കൊണ്ട് യേശുവിനെ തോമസ് അനുഗമിക്കുന്നുണ്ട്. (യോഹ 11:10)

യേശു നടത്തുന്ന ഒരു ദീർഘയാത്രക്ക് മുമ്പായി പത്രോസും തോമസും യേശുവുമായി നടത്തുന്ന ഒരു സംഭാഷണം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടുപേരും യേശുവിന്റെ കൂടെ പോകാൻ സന്നദ്ധത പ്രകടിപ്പിച്ചപ്പോൾ യേശു പത്രോസിനെ നിരാകരിക്കുകയും തോമസിനെ സ്വീകരിക്കുകയുമാണ് ചെയ്തത്. ഈ വചനങ്ങളിൽ നിന്നും യേശു ശിഷ്യന്മാരിൽ പത്രോസിനേക്കാൾ ഉന്നത സ്ഥാനം സന്തതസഹചാരിയായ തോമസ് വഹിക്കുന്നുവെന്ന് മനസ്സിലാക്കാം. ബൈബിൾ പറയുന്നു.

***'ശിമോൻ പത്രോസ് ചോദിച്ചു: 'കർത്താവേ നീ എങ്ങോട്ട് പോകുന്നു?' യേശു പറഞ്ഞു: 'ഞാൻ പോകുന്നിടത്ത് ഇപ്പോൾ എന്നെ അനുഗമിക്കാൻ നിനക്ക് സാദ്ധ്യമല്ല. എന്നാൽ പിന്നീട് നീ എന്നെഅനുഗമിക്കും.' പത്രോസ് പറഞ്ഞു: 'കർത്താവേ എന്തുകൊണ്ട് ഇപ്പോൾ എനിക്ക് നിന്നെ അനുഗമിച്ചു കൂടാ? ഞാൻ നിനക്ക് വേണ്ടി എന്റെജീവൻ ത്യജിക്കും'. യേശു പറഞ്ഞു: 'നീ എനിക്ക് വേണ്ടി നിന്റെ ജീവൻ ത്യജിക്കുമോ? സത്യം സത്യമായും ഞാൻ നിന്നോട് പറയുന്നു, നീ എന്നെ മൂന്ന് പ്രാവശ്യം തള്ളി പറയുന്നതിന് മുമ്പ് കോഴികൂവുകയില്ല. നിങ്ങളുടെ ഹൃദയം കലങ്ങേണ്ട. ദൈവത്തിൽ വിശ്വസിക്കുക. എന്നിലും വിശ്വസിക്കുക. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. അങ്ങനെയല്ലായിരുന്നുവെങ്കിൽ നിങ്ങൾക്ക് ഒരു സ്ഥലം ഒരുക്കാനായി പോകുന്നുണ്ട് എന്ന് ഞാൻ പറയുമോ? ഞാൻ പോയി നിങ്ങൾക്ക് വേണ്ടി ഒരു സ്ഥലം ഒരുക്കിയ ശേഷം ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് എന്റെ അടുക്കലേക്ക് നിങ്ങളെ സ്വീകരിക്കും. ഞാൻ പോകുന്നിടത്തേക്കുള്ള വഴി നിങ്ങൾക്ക് അറിയാം. തോമസ് അവനോട് ചോദിച്ചു: 'കർത്താവേ എങ്ങോട്ടാണ് നീ പോകുന്നതെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെയെങ്ങനെ വഴി അറിയും?' യേശു പറഞ്ഞു: 'ഞാൻ തന്നെ വഴിയും സത്യവും ജീവനും' (യോഹ 13:36–38,),(14: 1–6)***

ഇവിടെ സുദീർഘമായ ഒരു യാത്രക്ക് പോകാനൊരുങ്ങുന്ന യേശുവിനെ നമുക്ക് കാണാം. യാത്രയിൽ ഞാൻ അങ്ങയെ അനുഗമിക്കാമെന്ന് പറഞ്ഞ പത്രോസിനെ യേശു നിരാകരിച്ചു. തന്നെ മൂന്ന് തവണ തള്ളിപറയുമെന്ന് പറഞ്ഞ് അകറ്റി നിർത്തി. എന്നാൽ തോമസിന്റെ ചോദ്യങ്ങൾക്ക് ഞാൻ തന്നെ വഴി എന്ന് പറഞ്ഞ് അദ്ദേഹത്തെ അനുഗമിക്കാൻ യേശു അനുമതി നൽകുകയുമാണ് ചെയ്യുന്നത് എന്നത് ശ്രദ്ധേയമാണ്. വാസ്തവത്തിൽ കാണാതെ പോയ ഇസ്റയേൽ ഗോത്രങ്ങളെ തേടി ഭാരതത്തിലേക്കുള്ള യാത്രയിൽ യേശുവിനെ അനുഗമിച്ചത് തന്റെ വത്സല ശിഷ്യനായ തോമസായിരുന്നു. ആ യാത്രയെ സംബന്ധിച്ചാണ് യേശു പറയുന്നത്.

## സംശയിക്കുന്ന തോമാ

തോമസിനെ പറ്റിയുള്ള മറ്റൊരു പരാമർശം യോഹന്നാൻ സുവിശേഷത്തിലുള്ളത് ഇപ്രകാരമാണ്. കുരിശ് സംഭവത്തിന് ശേഷം ശിഷ്യന്മാർ ചകിതരായി ഒരു സ്ഥലത്ത് കതകടച്ചിരുന്നു. വാസ്തവത്തിൽ ക്രിസ്തു കുരിശിൽ മരിച്ചിട്ടില്ലായിരുന്നു. അപ്പോൾ കല്ലറയിലെ കുരിശ് പീഢനാനന്തര ശുശ്രൂഷകഴിഞ്ഞ് ആരോഗ്യം വീണ്ടെടുത്ത യേശു ശിഷ്യരുടെ അടുക്കലേക്ക് വന്നു. തോമസ് ആ സംഭവം വിശ്വസിച്ചിട്ടില്ല. ബൈബിൾ വിവരണം ഇങ്ങനെയാണ്. ***'അവന്റെ കൈകളിൽ ആണികൾ കൊണ്ടു പഴുത് കാണുകയും ആ അണിപ്പഴുതുകളിൽ എന്റെ വിരൽ ഇടുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല. എന്നു പറഞ്ഞു.' (യോഹ:20:25)*** യേശു വീണ്ടും അവിടെ വന്നു ***'നിന്റെ വിരൽ നീട്ടുക എന്റെ കൈകൾ കാണുക, നിന്റെ കൈനീട്ടി എന്റെ വിലാപുറത്തിൽ ഇടുക'(യോഹ: 20: 27)*** ഇവിടെ സംശയിക്കുന്ന തോമാ (Douting Thomas) എന്ന ഒരു സ്വഭാവവിശേഷം തോമസിന് നേടിക്കൊടുത്തെങ്കിലും യഥാർഥത്തിൽ ക്രിസ്തു കുരിശിൽ മരിച്ചിട്ടില്ല എന്ന അനിഷേധ്യമായ യാഥാർഥ്യം സ്ഥാപിക്കാൻ തോമസിന്റെ ഈ സംശയവും പരിശോധനയും നിമിത്തമായി. കുരിശ് സംഭവത്തിന് ശേഷം യേശു സ്ഥൂലശരീരത്തോടു കൂടെയുള്ളവനായി തീർന്നുവെന്നും അതിഭൗതികമോ അമാനുഷികതയോ പ്രാപിച്ചിട്ടില്ല എന്നും ബൈബിൾ വിവരിക്കുന്ന ഈ പരിശോധനയിലൂടെ സ്ഥാപിതമായി. കുരിശ് സംഭവാനന്തരം കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങളെ തേടി യാത്ര ആരംഭിക്കാൻ തിബരിയാസ് (ഗലീലിക്കടൽ)



സെന്റ് തോമസിനെ കബറടക്കിയതായി വിശ്വസിക്കുന്ന മൈലാപൂരിലെ ദേവാലയം.

തീരത്തെ സന്ദർശനത്തിന് ശേഷം ബഥനിയിൽ വെച്ച് ശിഷ്യന്മാരോട് യാത്രചൊല്ലിപ്പിരിയുന്ന സന്ദർഭത്തിലും യേശുവിനോടൊപ്പം സന്തത സഹചാരിയായ തോമസുമുണ്ട്.

പിൽക്കാലത്ത് ഈജിപ്തിലെ നാഗ്ഹമ്മാദിയിൽ നിന്ന് കണ്ടെടുത്ത Act of Juda Thomae (യൂദാ തോമായുടെ പ്രവർത്തികൾ) എന്ന പുസ്തകത്തിൽ അഫ്ഗാനിസ്ഥാൻ വഴി യേശുവിനോടൊപ്പം തോമസ് ഇന്ത്യയിലേക്ക് വന്നതിന്റെ വ്യക്തമായ സൂചനകളുണ്ട്. ആക്ട് ഓഫ് യൂദാ തോമായിൽ അബനാസ് എന്ന കച്ചവടക്കാരനോടൊപ്പം പുരാതന തുർക്കിയിലെ ആന്ദ്രപ്പ രാജാവിന്റെ രാജധാനിയിലും തുടർന്ന് ഇറാഖും ഇറാനും അഫ്ഘാനിസ്ഥാനിലെ ഗൊണ്ടോഫറാസ് രാജധാനിയിലും സെന്റ് തോമസ് സന്ദർശിച്ചതായി പരാമർശമുണ്ട്. ഗൊണ്ടാഫറാസ് രാജധാനിയിൽ യേശുവും വന്നതായി ശക്തവും വ്യക്തവുമായ സൂചന ആ പുസ്തകത്തിലുണ്ട്.

Act of Juda Thomae യിൽ കേരളത്തെ പറ്റി പരാമർശമില്ല എന്നാണ് കേരളത്തിലെ ക്രിസ്ത്യാനികളുടെ പരിഭവം. യേശുവും തോമസും കാണാതെ പോയ ഇസ്രയേൽ ഗോത്രങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനം നടത്താൻ ദീർഘസഞ്ചാരം നടത്തിയവരായിരുന്നല്ലോ. വിനിമയ ബന്ധങ്ങൾ കുറവായിരുന്ന പണ്ട് കാലത്ത് യേശുവും തോമസും അതാത് പ്രദേശങ്ങളിൽ ജീവിച്ചിരുന്ന കാലത്തെ പ്രവർത്തനങ്ങൾ മാത്രമേ എഴുതപ്പെട്ടിട്ടുള്ളൂ. സഞ്ചാരികളായ കഥാപുരുഷന്മാരുടെ സമഗ്രജീവിത പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് എഴുതുവാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് കുരിശ് സംഭവാനന്തരമുള്ള ക്രിസ്തുവിന്റെ പ്രവർത്തനങ്ങളെപറ്റി ബൈബിളിലും തോമസിന്റെ കേരളത്തിലെ പ്രവർത്തനങ്ങളെ പറ്റി Act of Juda Thomae യിലും പരാമർശങ്ങളില്ലാത്തത്. ക്രിസ്തീയ സഹോദരന്മാർ ഈ സത്യം തിരിച്ചറിയേണ്ടതുണ്ട്.

## സെന്റ് തോമസ് കേരളത്തിൽ

ഈജിപ്തിൽ നിന്ന് മോസസ് മോചിപ്പിച്ചു കൊണ്ട് വന്ന് ഫലസ്തീനിൽ കുടിയിരുത്തിയ യഹൂദരെ പിന്നീട് ബാബിലോണിയ, ഗ്രീക്ക്, പേർഷ്യ മുതലായ പുരാതന സാമ്രാട്ടുകൾ അവരുടെ ദേശങ്ങളിൽ അടിമകളായി കഴിയുകയാണുണ്ടായത്. അതിൽ രണ്ട് ഗോത്രങ്ങൾ മാത്രമേ ഫലസ്തീനിലേക്ക് പേർഷ്യൻ ചക്രവർത്തിയായ സൈറസിന്റെ കാലത്ത് തിരിച്ചു വന്നിട്ടുള്ളൂ. ബാക്കി പത്ത് ഗോത്രങ്ങളും കാണാതെ പോയ പത്ത് ഗോത്രങ്ങൾ എന്നാണ് പുരാതനകാലം മുതൽ അറിയപ്പെടുന്നത്. ആ ഗോത്രങ്ങളിൽ പലതും ഇന്ത്യയിലെ പല ഹിന്ദു ഗോത്രങ്ങളിലും ലയിച്ചു ചേരുകയോ രൂപാന്തരപ്പെടുകയോ ആണ് ചെയ്തിട്ടുള്ളത്. കൂടുതൽ പഠനം അർഹിക്കുന്ന മേഖലയാണിത്. (ഈ ലേഖകന്റെ 'ക്രിസ്തുശിഷ്യനായ തോമാശ്ലീഹയും മലങ്കര മാർത്തോമാ നസ്രാണികളും' എന്ന ലേഖന പരമ്പര നോക്കുക) അവരിലൊരു വിഭാഗം കേരളത്തിലുമെത്തി ഇവിടെ പാർത്തിരുന്നു എന്നത് ഒരു ചരിത്രവസ്തുതയാണ്. അതായത് ഏ.ഡി 70ലെ ടൈറ്റസിന്റെ ഫലസ്തീൻ ആക്രമണത്തിൽ ചിതറിത്തെറിച്ച് കേരളത്തിലെത്തിയ വെള്ളജൂതന്മാർക്ക് മുമ്പ് തന്നെ കറുത്ത മലബാരീ ജൂതന്മാർ ഇവിടെ ജീവിച്ചിരുന്നു. ആ കാണാതെ പോയ യഹൂദരെ തേടിയാണ് സെന്റ് തോമസ് കേരളത്തിലും ഇന്ത്യയുടെ പല ഭാഗങ്ങളിലും സഞ്ചരിച്ചത്.

ഈയടുത്തകാലത്ത് സിന്ധു നദീതീരങ്ങളിൽ നടത്തിയ ഉദ്ഖനനങ്ങളിൽ Act of Juda Thomae യൂദാ തോമയുടെ പ്രവർത്തികൾ എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് പ്രകാരം ഗൊണ്ടഫറാസ് രാജാവിന്റെ കാലത്തുള്ള നാണയങ്ങൾ ലഭിച്ചതിൽ നിന്ന് അഫ്ഘാനിസ്ഥാനിലെ ആ രാജാവിന്റെ അസ്തിത്വം അനിഷേധ്യമായി തെളിയിച്ചിരിക്കയാണല്ലോ. യേശുവും തോമസും അഫ്ഗാനിസ്ഥാൻ, തിബത്ത്, കശ്മീർ, സിന്ധ്, പഞ്ചാബ് എന്നിവിടങ്ങളിൽ പുരാതന കാലത്ത് ചിതറിപ്പാർത്തിരുന്ന യഹൂദി ഗോത്രങ്ങൾക്കിടയിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്തി കറാച്ചി തുറമുഖത്ത് നിന്ന് തന്റെ വന്ദ്യഗുരു യേശുവുമായി പിരിയുകയും ഗുജറാത്ത് കൊങ്കൾ, മലബാർ തീരം വഴി കേരളത്തിൽ വന്ന സെന്റ് തോമസ് കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങുകയും ചെയ്തു. കേരളത്തിൽ അദ്ദേഹം ഏഴു സ്ഥലങ്ങളിൽ പള്ളി പണിയുകയുണ്ടായി എന്ന് വിശ്വസിക്കപ്പെടുന്നു. കേരളത്തിൽ ബുദ്ധമതസ്ഥരായി മാറിയ പൗരാണിക യഹൂദ ഗോത്രങ്ങൾക്കിടയിൽ മാർത്തോമ പ്രവർത്തിച്ചിരുന്നതായി അനുമാനിക്കാം. ഭാവി ചരിത്രകാരന്മാർ സെന്റ് തോമസിന്റെ സന്ദിഗ്ദവും അപ്രകാശിതവുമായ ജീവിതത്തിലെ ഉജ്ജ്വമായ അദ്ധ്യായങ്ങൾ കൂടുതൽ മിഴിവോടെയും തെളിവോടെയും നമുക്ക് പറഞ്ഞ് തരുമെന്ന് കരുതാം. ദൈവത്തിന്റെ പ്രേഷിത പ്രവർത്തനങ്ങൾക്കായി മഹത്തായ ത്യാഗങ്ങൾ സഹിക്കുകയും ജീവിതം സമർപ്പിക്കുകയും ചെയ്ത ആ മഹത്തുക്കളുടെ ചരിത്രം അന്ധവിശ്വാസങ്ങളുടെയും മതപരപരമായ മുൻധാരണകളുടെയും മുക്തമായി സത്യസന്ധമാവേണ്ടതുണ്ട്.

അത്തരം യഥാർഥ്യങ്ങളാണ് നമ്മുടെ കർമജീവിതത്തെ പ്രചോദിപ്പിക്കുക. മിത്തിനും ഇതിഹാസങ്ങൾക്കും അത്ഭുതപ്രവർത്തനങ്ങൾക്കും മനുഷ്യന്റെ ജീവിതത്തെ കർമോന്മുഖമാക്കാനുള്ള കാര്യക്ഷമതയില്ല. ഇതിഹാസവത്ക്കരിക്കപ്പെട്ട മതപുരുഷന്മാർ മതത്തിൽ ബിംബങ്ങളാക്കപ്പെടുകയും ആരാധനാമൂർത്തികളാകുകയും ചെയ്യുന്നു. സെന്റ് തോമസിനും സംഭവിച്ചത് അതാണ്. ഈ യഥാർഥ്യം ഗ്രഹിച്ച് കൊണ്ട് ക്രൈസ്തവ ചരിത്രകാരന്മാരും അക്കാദമിക് ചരിത്രകാരന്മാരും അവരുടെ മഹത്വമാർന്ന പാരമ്പര്യത്തിന്റെ ചരിത്രം പഠിക്കേണ്ടതുണ്ട്.

# ജീവി പരിണാമം: ദൈവാസ്തിക്യത്തിന്റെ സമുജ്ജ്വല ദൃഷ്ടാന്തം

ക്രമബദ്ധവും വ്യവസ്ഥാപിതവുമായി നിലകൊള്ളുന്ന ജീവവ്യവസ്ഥ യാദൃച്ഛികമോ ആകസ്മികമോ അല്ല. ഒരു ആസൂത്രകനും നിയാമകനും നിയന്താവും ഇല്ലെങ്കിൽ ജീവി വ്യവസ്ഥ ആവിർഭവിക്കുകയില്ല എന്നത് നമ്മുടെ അനിഷേധ്യമായ അനുഭവ യാഥാർഥ്യമാണ്. പരിണാമ വാദത്തെ കൂട്ടുപിടിച്ച് ദൈവനിഷേധം പ്രചരിപ്പിക്കുന്ന ഡാർവിനിസ്റ്റുകൾക്ക് ഖലീഫത്തുൽ മസീഹ് (IV) നൽകുന്ന മറുപടി.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

പരിണാമഗതിയുടെ ഓരോ ചുവടുവെപ്പിലും നിർണായകമായ തീരുമാനങ്ങളെടുക്കുന്നതിൽ കാലാകാലങ്ങളായി ആരാണ് ഉത്തരവാദി എന്ന ചോദ്യത്തിന് ഉത്തരം നൽകിക്കൊണ്ട് ഖുർആൻ പ്രഖ്യാപിക്കുന്നു.

***ആരുടെ കൈകളിലാണോ പരമാധികാരം സ്ഥിതി ചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാണ്.***

> ***പ്രവർത്തനത്തിൽ നിങ്ങളിൽ ഏറ്റവും നല്ലവൻ ആരാണെന്ന് നിങ്ങളെ പരീക്ഷിച്ചറിയുന്നതിന് വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനത്രെ അവൻ. അവൻ പ്രതാപവാനും സർവത്ര പൊറുത്തു കൊടുക്കുന്നവനുമത്രെ. ഏഴ് ആകാശങ്ങളെ വിവിധ ഘട്ടങ്ങളിലായി സൃഷ്ടിച്ചവനത്രെ അവൻ. പരമ കാരുണികനായ അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ വല്ല ക്രമക്കേടും നിനക്ക് കാണുവാൻ കഴിയുന്നുണ്ടോ? വീണ്ടും വീണ്ടും നോക്കുക. കണ്ണ് പരാജയപ്പെട്ടും ക്ഷീണിച്ചും നിന്നിലേക്ക് തിരിച്ചു വരും.***

ദൈവത്തിന്റെ അഭാവത്തിൽ ജീവന് ഉദ്ദേശ്യപൂർവം പണിത പാതയിലൂടെ ഒരൊറ്റ ദിശയിൽ ഉടനീളം സഞ്ചരിക്കാൻ സാധ്യമല്ല. ഓരോ ചുവടുവെപ്പിലും അലക്ഷ്യമായ ഒരുപാട് സാധ്യതകൾ അതിന് മുമ്പിൽ വന്ന് പെടുന്നു. പ്രയാസങ്ങൾക്കും സമസ്യകൾക്കുമിടയിൽ ജീവന്റെ വഴി അതുതന്നെ കണ്ടെത്തേണ്ടിയിരിക്കുന്നു. പരിണാമത്തിന്റെ ഗതിയും ദിശയും മാറ്റാൻ ശേഷിയുള്ള എണ്ണിയാലൊടുങ്ങാത്ത അവസരങ്ങൾ കാലത്തിന്റെ ഓരോ നിർണായക ബിന്ദുവിലും ഉടലെടുക്കുന്നു. ഉത്ഭവിക്കുന്ന ചോദ്യമിതാണ്. മറ്റൊരു മാർഗവുമില്ലെന്ന തരത്തിൽ നിശ്ചിതമായ പരിണാമ രേഖയിലൂടെ ഒരൊറ്റ ദിശയിൽ തന്നെ ജീവൻ എന്തിന് പിന്തുടർന്നു വന്നു?

ശാസ്ത്രജ്ഞൻമാർക്ക് നൽകാൻ കഴിയുന്ന ഒരേയൊരു ഉത്തരം പ്രകൃതിയുടെ തിരഞ്ഞെടുപ്പിന്റെ പങ്കുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. പ്രശ്നത്തിന്റെ ഗൗരവവും പ്രാധാന്യവും അവർക്ക് നന്നായറിയാമെങ്കിലും അവർ നമ്മെ പറഞ്ഞ് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നത് തീരുമാനത്തിന്റെ എല്ലാ നിർണായക നിമിഷത്തിലും പ്രകൃതി നിർധാരണമാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്നാണ്. അതായത് എണ്ണമറ്റ അനേകം തീരുമാനങ്ങളിൽ നിന്ന് എല്ലായ്പ്പോഴും ശരിയായ ഒന്ന് തിരഞ്ഞെടുക്കുന്നത് പ്രകൃതിയാണെന്നാണ് അവർ പറയുന്നത്.

പ്രകൃതി നിർധാരണം

അഥവാ പ്രകൃതിയുടെ തിരഞ്ഞെടുപ്പ് (Natural Selection)എന്ന പദം ഡാർവിൻ കണ്ടെത്തിയത് മുതൽ പ്രകൃതിയുടെ നിഗൂഢതകളെപ്പറ്റി ചുഴിഞ്ഞന്വേഷിച്ചിരുന്ന ശാസ്ത്രജ്ഞൻമാർക്ക് അതൊരു മാന്ത്രിക വടി ലഭിച്ചത് പോലെയായി. ഓരോ സംഭവത്തോടനുബന്ധിച്ചും ഒരു തീരുമാന കർത്താവ് എന്ന നിലയിൽ ഇച്ഛാപൂർവം, ബോധപൂർവം പ്രവർത്തിക്കുന്ന ഒരു സ്രഷ്ടാവിന്റെ പങ്കിനെ പറ്റിയുള്ള തെളിവുകൾ നിരത്തപ്പെടുമായിരുന്ന സന്ദർഭങ്ങളിലെല്ലാം അവർ പ്രകൃതി നിർധാരണം എന്ന പൊള്ളയായ സംജ്ഞയുടെ പുകമറക്കുള്ളിൽ അഭയം തേടുന്നു. അതാകട്ടെ ഏറ്റവും തെറ്റായി മനസ്സിലാക്കപ്പെടുന്ന ഒരു സംജ്ഞയുമാണ്. പരിണാമത്തിന്റെ ഓരോ ചുവടുവെപ്പിലും അനന്തമായ ആകസ്മികതകൾ സൃഷ്ടിക്കുന്ന എണ്ണമറ്റ അവസരങ്ങളിൽ നിന്ന് പ്രകൃതി നിർധാരണം ഒന്ന് തിരഞ്ഞെടുക്കുന്നു. പക്ഷേ, പ്രകൃതിയുടെ ഭാഗത്ത് നിന്നുള്ള ഈ തിരഞ്ഞെടുപ്പ് ബോധപൂർവമല്ല എന്ന് അവർതന്നെ സമ്മതിക്കുന്നു. പല വ്യത്യസ്ത ജീവികളും, ജീവി വർഗങ്ങളും ഈ അതിജീവന മത്സരത്തിൽ പങ്കാളികളാകുമ്പോൾ ചിലത് അതിജീവിക്കാനുള്ള ശേഷി ആർജിച്ചിട്ടുണ്ടെങ്കിൽ ഒന്ന് മറ്റൊന്നിന് നഷ്ടം വരുത്തിക്കൊണ്ടായിരിക്കും നിലനിൽക്കുക എന്നത് സ്വാഭാവികമാണ്.

ഇവിടെ നാം പഴകിപ്പതിഞ്ഞ മറ്റൊരു ഡാർവീനിയൻ പദത്തെ പ്രതിപാദിക്കാനാഗ്രഹിക്കുന്നു. പ്രകൃതി ശാസ്ത്രജ്ഞൻമാർ വ്യാപകമായി ഉപയോഗിക്കുന്ന ‘അർഹതയുളളതിന്റെ അതിജീവനം’ (Survival of Fittest)ആണത്. പ്രകൃതി നിർധാരണം അത് എത്ര തന്നെ അന്ധമായിരുന്നാലും ശരി അവ എപ്പോഴും ശരിയായിട്ടുള്ളതും, മത്സരത്തിൽ അതിജീവിക്കുന്നത് അർഹതയുള്ളവയും മാത്രമായിരിക്കും എന്നാണ് സങ്കൽപം. ഈ സങ്കൽപത്തിൽ നിന്നാണ് ‘അർഹതയുള്ളതിന്റെ അതിജീവനം’ എന്ന സാങ്കേതിക പദം ഉരുത്തിരിഞ്ഞത്. ഒരു പക്ഷേ ഡാർവിൻ സിദ്ധാന്തം ഒരളവോളം ദുർവ്യാഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കാം. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ അടിസ്ഥാന സിദ്ധാന്തം വരെ ചോദ്യം ചെയ്യപ്പെടുന്നത്. അർഹതയുള്ളത് മാത്രമാണ് അതിജീവിക്കുന്നത് എന്ന സിദ്ധാന്തത്തിനെതിരെ ലോകത്തെല്ലായിടത്തും അനിഷേധ്യമായ തെളിവുകളുണ്ട്. ഏറ്റവും ശേഷി കുറഞ്ഞ സ്വഭാവ ഗുണങ്ങളുള്ളതും അതിജീവനത്തിന്റെ പ്രതിരോധ സാമഗ്രികൾ ഒന്നും തന്നെയില്ലാത്തതുമായ പരിണാമ ശ്രേണിയിലെ ഏറ്റവും താഴ്ന്ന ജീവികളും അതിജീവന സമരത്തെ തരണം ചെയ്ത് വിജയിച്ചതായി കാണാം. മത്സരം പരസ്പരം അഭിമുഖമായി നിന്നുകൊണ്ടുള്ളതും അങ്ങേയറ്റം തീവ്രവുമാവുമ്പോഴാണ് ഒന്ന് മറ്റൊന്നിനെ നിഷ്ക്കാസനം ചെയ്ത് അതിജീവിക്കുന്നത്. അതുപോലും കേവലാർഥത്തിൽ അർഹതയുള്ളതിന്റെ അതിജീവനത്തിലേക്ക് നയിക്കുന്നില്ല. അർഹതയുള്ളതിന്റെ അതിജീവനം സാധ്യമാണ്. പക്ഷേ, അതിന്റെ കേവലാർഥത്തിൽ നിലനിൽപ്പിന് വേണ്ടിയുള്ള എല്ലാ സമരങ്ങളിലും അത് സാധ്യമല്ല. മത്സരത്തിന് ശേഷം ജയിച്ച് വരുന്നവർ ഒരു പക്ഷേ ഏതെങ്കിലും ഒരു പ്രത്യേക വെല്ലുവിളിയെ നേരിടാൻ മാത്രമായിരിക്കും പ്രാപ്തരായിരിക്കുക. അത് അഭിമുഖീകരിച്ച ചില പ്രത്യേക വെല്ലുവിളികളെ അതിജയിക്കാനുള്ള അർഹതയായിരിക്കും നേടിയിരിക്കുക. അതിജീവന സമരത്തിൽ അതിജയിക്കാൻ കഴിയാത്ത ഹതഭാഗ്യരായവർ ഒരുപക്ഷേ മറ്റ് പല ഉന്നതമായ ജീവിത ഗുണങ്ങളും ആർജിച്ചവരായിരിക്കും. വേറെ ചില സാഹചര്യങ്ങളിൽ അതിജീവനത്തിന് ഏറ്റവും അർഹരായവർ അവരായിരിക്കാം.

വിഷയം നമുക്ക് ഒന്നുകൂടി വിശദീകരിക്കാം. ഒരു ഭൂഖണ്ഡത്തിലാകമാനം അപൂർവമായുണ്ടായ കടുത്ത വരൾച്ചയുടെ ഫലമായി സംഭവിച്ച ക്ഷാമത്തെക്കുറിച്ച് നമുക്ക് സങ്കൽപിക്കാം. ആ ക്ഷാമം ദീർഘകാലം നിലനിൽക്കുകയാണെങ്കിൽ അത് അവിടുത്തെ ഒരു വലിയ വിഭാഗം ജീവി വർഗങ്ങളെ ഇല്ലാതാക്കും. ജീവി വർഗങ്ങളുടെ നിഷ്ക്കാസനവും അതിജീവനവും അവ ആ പ്രത്യേക സാഹചര്യങ്ങളുമായി എങ്ങനെ ഇണങ്ങുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

അത്തരത്തിൽ നാം സങ്കൽപിക്കുന്ന കൊടും ക്ഷാമത്തിൽ എല്ലാ ഔഷധികളും കുറ്റിച്ചെടികളും മരങ്ങളും ചെറിയ വേരുള്ള പുല്ലുകളും മുഴുവനായും തന്നെ ഇല്ലാതാവും. ഇങ്ങനെ സംഭവിക്കാനുള്ള വ്യക്തമായ കാരണം, വരൾച്ച കൂടുതൽ കൂടുതൽ അഗാധ തലങ്ങളിലേക്ക് വ്യാപിക്കുമ്പോൾ ജല വിതാനവും താഴ്ന്നുപോകുന്നു. ഇത് മേൽമണ്ണിലെ ജലാംശം തീർത്തും നഷ്ടപ്പെടുത്തുകയും ചെറിയ വേരുകളെ ഉണക്കുകയും ചെയ്യുന്നു. പക്ഷേ ആഴത്തിൽ വേരുകളുള്ള മരങ്ങളുടെ ഗതി ഇതായിരിക്കുകയില്ല. ദീർഘകാലം നിലനിൽക്കുന്ന വരൾച്ചക്കും ഉണക്കാൻ കഴിയാത്തയത്ര ആഴത്തിൽ ജലാംശമുള്ള മണ്ണിലായിരിക്കും അതിന്റെ തായ്‌വേർ ഇറങ്ങി നിൽക്കുന്നത്. ഭൂഗർഭ ശാസ്ത്രജ്ഞൻമാർ കണ്ടെത്തിയ പർവതങ്ങളിലെ പല ഗുഹകളും ഇതിന് സാക്ഷ്യം വഹിക്കുന്നു. പർവതത്തിന്റെ ഉച്ചിയിൽ സ്ഥിതി ചെയ്യുന്ന വൃക്ഷത്തിന്റെ വേരുകൾ വെള്ളം തേടിക്കൊണ്ട് അത്യഗാധമായ ആഴങ്ങളിൽ വരെ ചെന്നെത്തിയത് അവർ കാണുകയുണ്ടായി. അപ്രകാരം അതിദീർഘകാലം വരൾച്ച നിലനിൽക്കുന്ന മരുഭൂമികളിൽ മരുപ്പച്ചകൾ നിലനിൽക്കുന്ന രഹസ്യത്തിനു കാരണം അവിടെയുള്ള വൃക്ഷങ്ങളുടെ വേരുകൾക്ക് ജലം തേടിപ്പിടിക്കാനുള്ള കഴിവ് ഉള്ളത് കൊണ്ടാണ്.

മേൽ പറഞ്ഞ സങ്കൽപ നത്തെ പറ്റി പഠിക്കുകയാണെങ്കിൽ ഒരാൾ ന്യായമായും കണ്ടെത്തുന്ന വസ്തുത, എല്ലാ ചെറിയ വേരുക ളുള്ള ചെടികളും മരങ്ങളുമെല്ലാം ഈ കൊടിയ വരൾച്ചയിൽ നശിച്ചൊടുങ്ങുമെന്നാണ്. വളരെ നീളത്തിൽ വേരുകളുള്ള മര ങ്ങൾക്ക് മാത്രമേ ഇവിടെ പിടിച്ചു നിൽക്കാൻ സാധിക്കുകയുള്ളൂവെ ന്നുമാണ്.

ഇനി നമുക്ക് ഇത്തരത്തിൽ കടുത്ത വരൾച്ച അഭിമുഖീകരി ക്കുന്ന ഒരു ഭൂഖണ്ഡത്തിലെ ജീവി കൾക്ക് പൊതുവെ എന്തെല്ലാം സംഭവിക്കുന്നുവെന്ന് നോക്കാം. ചെറിയ കാലുകളും കഴുത്തുകളു മുള്ള പുല്ലുമേഞ്ഞ് ജീവിക്കുന്ന ജീവികൾ ജലദൗർലഭ്യം മൂലമു ണ്ടായ ഈ വരൾച്ചയിൽ ഭക്ഷണം കിട്ടാതെ ചത്തൊടുങ്ങും. അപ്ര കാരം മാംസഭോജികളായ ചില ജീവികൾക്കും അധികകാലം നില നിൽക്കാൻ സാധ്യമല്ല. കാരണം അവയുടെ ഭക്ഷണ വിതരണം ക്രമേണ കുറഞ്ഞു പോകുന്നതാ ണ്.

പുഴുക്കൾ, തേൾ, പഴുതാര മുതലായ വെള്ളത്തിന്റെ ആവശ്യം ഏറ്റവും കുറഞ്ഞ ജീവികൾ മാത്ര മായിരിക്കും ഒരു പക്ഷേ അവശേ ഷിക്കുക. അതിൽ മീർകാറ്റ് (Meerkats) എന്ന ജീവിക്ക് ഇത്തരം പ്രതികൂലാവസ്ഥയെ അതിജീവി ക്കാനുള്ള അസാമാന്യ കഴിവുകളു ണ്ടെന്ന് പറയപ്പെടുന്നു. കരണ്ടു തിന്നുന്ന ചില ജീവികൾക്ക് ഒരു പക്ഷേ ദീർഘമായ വരൾച്ചയെ അതിജീവിക്കാൻ സാധിക്കും.

നട്ടെല്ലുള്ള കശേരുക്കളായ ജീവികളിൽ വരൾച്ചയെ അതിജീവി ക്കാൻ വിദൂര സാധ്യതയെങ്കിലു മുള്ള ഒരു ജീവിയുണ്ട്. സാമാന്യ ത്തിലധികം നീളമുള്ള കഴുത്തും ഉയരമുള്ള കാലുകളുമുള്ള ജിറാഫ് ആണ് വരൾച്ചയെ അതിജീവിക്കാൻ ശേഷിയുള്ള ഒരു മൃഗം. പുല്ലു മേഞ്ഞു ജീവിക്കുന്ന മറ്റു മൃഗങ്ങൾ വരൾച്ചയിൽ പട്ടിണി കിടന്ന് ചത്തൊടുങ്ങുമ്പോൾ കഴുത്തിന് നീളമുള്ള ജിറാഫിന് ആഴത്തിൽ വേരുകളുള്ള വൃക്ഷങ്ങളിലെ തല പ്പുകളിലുള്ള ഇലച്ചാർത്തുകൾ ഭക്ഷിക്കാൻ യാതൊരു പ്രയാസവു മില്ല.

മറ്റു ചില വസ്തുതകൾകൂടി നമ്മുടെ ശ്രദ്ധക്ക് വിഷയീഭവിക്കേ ണ്ടതുണ്ട്. ജലം ലഭ്യമായ കുഴികൾ അന്വേഷിച്ച് വേഗത്തിൽ സഞ്ചരി ക്കാൻ കഴിയുന്ന ചില മൃഗങ്ങളു മുണ്ട്. അതുപോലെ പതുക്കെ സഞ്ചരിക്കുന്ന മൃഗങ്ങളുണ്ട്. ഇത് വരൾച്ച അതിജീവിക്കുന്നതിൽ ആ മൃഗത്തിനുള്ള ഒരു പോരായ്മയാണ്. മറ്റു ചില മൃഗങ്ങൾക്ക് വളരെ ദൂരെ നിന്നു തന്നെ ജലത്തിന്റെ സാന്നിദ്ധ്യം കണ്ടെത്താനുള്ള സംവേദന ശേഷിയുണ്ട്. ചിലതിന് അതിന്റെ മൂക്കിന് താഴെയുള്ള ജലം കണ്ടെത്താനുള്ള കഴിവേയു ള്ളൂ. പുല്ല് തിന്നു ജീവിക്കുന്ന ജീവി കളെ ഭക്ഷണമാക്കി കൊഴുത്തു വളരുന്ന കാട്ടു മൃഗങ്ങളെയും നാം ഈ ചിത്രത്തിൽ ഉൾപ്പെടുത്തേണ്ട തുണ്ട്. അവയുടെ ഇരകളായ ഈ സസ്യഭുക്കുകളായ മൃഗങ്ങളെ വേട്ട യാടിക്കൊണ്ടാണ് അവ ജീവിക്കുന്ന ത്. അവയുടെ അതിജീവനത്തിനും വെള്ളം ആവശ്യമായിരുന്നു. അവ സാനം ശോകനിർഭരമായ ഈ ജീവിത നാടകത്തിന്റെ തിരശ്ശീല വീഴുന്നതിനെ പറ്റി ആലോചിക്കുക എന്നത് വേദനാജനകമാണ്. ഒന്നിനു പിറകെ മറ്റൊന്നായി ശോഷിച്ചും പട്ടിണി കിടന്നും ജീവിതത്തിന്റെ ഈ രംഗവേദിയിൽ നിന്ന് അവർ ഒന്നൊന്നായി വിട പറയേണ്ടി വരും. ഒരു പക്ഷേ, വിശാലമായ ഈ ഭൂഖണ്ഡത്തിലെ ഘോരമായ ജീവിത നാടകത്തിന്റെ അന്ത്യരംഗ ത്തിന് സാക്ഷ്യം വഹിക്കാൻ ദൃക്സാക്ഷികളായി ജിറാഫും ചില കീടങ്ങളും, മീർകാറ്റുകളും മാത്രമാ യിരിക്കും അവശേഷിക്കുക. മീർകാ റ്റുകളുടെ നേർത്ത കൈയടിയും ജിറാഫുകളുടെ കരച്ചിലും മാത്രമേ അപ്പോൾ കേൾക്കാൻ സാധ്യമാവൂ. അതും അവരുടെ അതിജീവന ത്തിന്റെ വിളംബരമെന്ന നിലക്ക് അത് നിർവഹിക്കാനുള്ള ശേഷിയു ണ്ടെങ്കിൽ മാത്രം!

ഇതാണോ അർഹതയുള്ള തിന്റെ അതിജീവനം? ഇതിനെ സംബന്ധിച്ചാണോ ശാസ്ത്ര ജ്ഞൻമാർ വലിയ വായിൽ ഒച്ച വെക്കുന്നത്? ഇതാണോ അവർ പ്രകൃതിയുടെ തെരഞ്ഞെടുപ്പ് അഥവാ പ്രകൃതി നിർധാരണം എന്ന് അർഥമാക്കുന്നത്? ജിറാഫി ന്റേയും മീർകാറ്റിന്റേയും ഗുണങ്ങ ളും അതിജീവിച്ച ചില കീടങ്ങളുടെ ഗുണങ്ങളുമാണോ വാസ്തവത്തിൽ പരിണാമത്തിന്റെ അന്തിമമായ തിര ഞ്ഞെടുപ്പിലെ യോഗ്യതയെ പ്രതിനി ധാനം ചെയ്യുന്നത്?

ശതകോടി വർഷങ്ങൾക്കു ള്ളിൽ കാലാവസ്ഥയുടെ തീക്ഷ്ണ മായ ഏറ്റക്കുറച്ചിലുകളുടെ ഇടവിട്ടു കൊണ്ടുള്ള നൂറുക്കണക്കിന് തരം ഗങ്ങൾ സംഭവിച്ചിട്ടുള്ളതായി രേഖ പ്പെടുത്തപ്പെട്ടിട്ടുണ്ട്. അതികഠിന മായ ചൂടിനാലോ തണുപ്പിനാലോ ജീവന് ഭീഷണി ഉയർന്നിട്ടുള്ള ധാരാളം സന്ദർഭങ്ങളുണ്ടായിട്ടുണ്ടാ വാം. ജീവന് ഭീഷണി നേരിട്ട കടുത്ത വരൾച്ചയും, പേമാരിയും ഉണ്ടായിട്ടുണ്ടാവാം. അത്തരം കാലാ വസ്ഥാ വ്യതിയാനങ്ങളിൽ നിരവധി രോഗങ്ങളുമുണ്ടായിട്ടുണ്ടാവാം. കഠി നമായ പരീക്ഷണങ്ങളുടെ ഈ കാലഘട്ടങ്ങളിലെല്ലാം അതിജീവി ച്ചത് എപ്പോഴും ജിറാഫും, മീർകാ റ്റും, മറ്റു കീടങ്ങളുമായിരുന്നില്ല.

മാറിക്കൊണ്ടിരിക്കുന്ന ഇത്തരം അവസരങ്ങളിലെല്ലാം തന്നെ അർഹതയുള്ളവരുടെ അതി ജീവനത്തിന്റെ തത്ത്വം വിവിധ തര ത്തിൽപ്പെട്ട ജീവികൾക്ക് അനുകൂ ലമായി വരും. എല്ലാ ദുരന്ത ങ്ങൾക്കും അതിന്റേതായ ചില ഇഷ്ടാനിഷ്ടങ്ങളുണ്ടാവാം. കോടി ക്കണക്കിന് വർഷത്തെ ജീവന്റെ പരിണാമ യാത്രയിൽ, അതിന്റെ അസ്തിത്വത്തെ അപകടപ്പെടു ത്തിയ പല വിധത്തിലുള്ള ഭീഷണി

കളുടേയും വെല്ലുവിളികളുടേയും അടിസ്ഥാനത്തിൽ നാം ഈ പ്രശ്നം പരിശോധിക്കുകയാണെങ്കിൽ, ഏതെങ്കിലും ജീവിയുടെ അതിജീവനം സംഭവിച്ചിട്ടുണ്ടെന്ന് സങ്കൽപ്പിക്കുക തന്നെ പ്രയാസമായിരിക്കും. എല്ലാ തരം ജീവികളുടേയും അതിജീവനത്തിനുള്ള സാധ്യത വളരെ കുറവാണ്. കാരണം വിവിധ തരത്തിലുള്ള പ്രതിസന്ധികൾക്ക് വിഭിന്നങ്ങളായ ലക്ഷ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. മിക്കപ്പോഴും അവ ഒന്നുതന്നെ ആയിരിക്കില്ല. ഒരു ജീവി വർഗത്തിന് വിഷമായിരിക്കുന്ന വസ്തു മറ്റൊരു വർഗത്തിന് ഭക്ഷണമായിരിക്കും. യാദൃച്ഛികമായ തിരഞ്ഞെടുപ്പിന്റെ നിയമം യാദൃച്ഛികമായിത്തന്നെ തിരഞ്ഞെടുക്കുകയും അതിനെതിരെ നിൽക്കുന്നതിനെ നിരാകരിക്കുകയും ചെയ്യുന്നു.

അർഹതയുള്ളതിന്റെ അതിജീവനത്തിലും പ്രകൃതിയുടെ നിർധാരണത്തിലും അടങ്ങിയിരിക്കുന്ന പ്രശ്നത്തിന്റെ സ്വഭാവത്തെപ്പറ്റിയും അതിന്റെ നിലയെപറ്റിയും ഇപ്പോൾ വായനക്കാരൻ പൂർണമായും ഗ്രഹിച്ചിട്ടുണ്ടാകുമെന്ന് നാം പ്രതീക്ഷിക്കുന്നു. പ്രകൃതി നിർധാരണം എന്ന ഈ സാങ്കേതിക പദം അത് ആരോപിക്കപ്പെടുന്ന മേഖലകളിലൊന്നും തന്നെ സമഗ്രമായി പരിശോധിക്കപ്പെടുന്നില്ല. പ്രകൃതി നിർധാരണത്തെപ്പറ്റി ചർച്ച ചെയ്യാൻ ഈ സന്ദർഭത്തിന് അനുയോജ്യമായ ഒരു വിഷയം പ്രത്യേകമായി ഇവിടെ എടുക്കുകയാണ്.

ഡാർവിന്റെ ജീവി പരിണാമ സിദ്ധാന്തത്തിൽ പരിണാമത്തിന്റെ ഉന്നതക്കിടയിൽ നിൽക്കുന്ന ജീവിരൂപങ്ങളെ നിരീക്ഷിക്കുകയാണെങ്കിൽ പ്രകൃതി നിർധാരണത്തിന്റെ പങ്ക് എന്തായിരുന്നു എന്ന് നമുക്ക് തിരിച്ചറിയാനാവും. എന്നാൽ, ശരിയായ മൂല്യങ്ങൾ സ്വീകരിക്കാനും തെറ്റായവയെ പുറന്തള്ളാനും അത് പര്യാപ്തമല്ല എന്ന് നമുക്ക് കാണാൻ കഴിയും.

ഇവിടെ ഊന്നൽ കൊടുക്കേണ്ട ഒരു കാര്യം, മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ പ്രകൃതി നിർധാരണം എന്ന ഈ പ്രതിഭാസത്തിന്, ബാഹ്യ പരിവർത്തനങ്ങൾക്ക് അനുയോജ്യമാം വിധം കോശത്തിന്റെ അകത്ത് മാറ്റങ്ങൾ വരുത്തുവാൻ യാതൊരു ഉപകരണങ്ങളുമില്ല എന്നാണ്. അവ്യവസ്ഥിതമായി കുഴഞ്ഞു മറിഞ്ഞു കിടക്കുന്ന ബാഹ്യമായ മാറ്റങ്ങൾക്കൊന്നും എത്തിപ്പിടിക്കാൻ കഴിയാത്ത വിധം അകലത്തിലാണ് ക്രോമോസോമുകളുടെ സ്വഭാവഗുണങ്ങൾക്ക് നിദാനമായ ജീനുകൾ നിലകൊള്ളുന്നത്. ചൂടിന്റേയും തണുപ്പിന്റേയും വരൾച്ചയുടേയും കരാള ദംഷ്ട്രങ്ങളിൽ നിന്ന് ക്രോമോസോമിനേയും ജീനുകളേയും ഭരിക്കുന്ന പ്രകൃതി നിയമങ്ങൾ അതിനെ സംരക്ഷിക്കുന്നു. അവ തികച്ചും പരസ്പര ബന്ധമില്ലാത്ത രണ്ട് പ്രതിഭാസങ്ങളാണ്.

പുരോഗമനപരമോ അല്ലെങ്കിൽ യാദൃച്ഛികമോ ആയ ജനിതക പരിവർത്തനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന നിരവധി ജനിതക വ്യതിയാനങ്ങൾക്ക് ശേഷമേ പ്രകൃതി നിർധാരണം പ്രാവർത്തികമാവുകയുള്ളൂ. യാദൃച്ഛികതയാൽ സൃഷ്ടിക്കപ്പെട്ട വൈവിധ്യങ്ങളുടെ ലോകത്ത് ചിലർ തങ്ങൾ നേരിട്ട പ്രത്യേക വെല്ലുവിളികളിൽ യോഗ്യത തെളിയിച്ചതിന്റെ പേരിൽ അതിജയിക്കുന്നു. വെല്ലുവിളികളുടെ സ്വഭാവവും രീതിയും മാറുന്നതിനനുസരിച്ച് അവർക്ക് കൈവന്ന അഭിലഷിത സ്വഭാവങ്ങൾ (Prefered Charectors) എന്നതിന്റെ നിർവചനവും മാറും. അതുകൊണ്ട് മാറുന്ന പരിതഃസ്ഥിതികളിൽ ഏറ്റവും നല്ല സ്വഭാവഗുണങ്ങളെയാണ് പ്രകൃതി നിർധാരണം എപ്പോഴും ഇഷ്ടപ്പെടുക എന്ന തെറ്റുധാരണ എന്നെന്നേക്കുമായി മാറ്റപ്പെടേണ്ടതാണ്. ചിലപ്പോഴെല്ലാം അങ്ങനെ സംഭവിക്കാം. പക്ഷേ, മിക്കപ്പോഴും അങ്ങനെ സംഭവിക്കുന്നില്ല. പ്രകൃതിനിർധാരണം എന്ന സാങ്കേതിക പദം വലിയ തോതിൽ ആപേക്ഷികമാണ്. വളരെ ചുരുക്കമായി മാത്രമേ അത് നിർണിതമായ ഒരു നിർവചനമായി വരികയുള്ളൂ. അതിജീവനത്തിന്റെ ജീവിത സമരം എന്നത് ഒരേ വർഗത്തിൽപ്പെട്ട ജീവികൾ തമ്മിൽ തന്നെയാകാം. അല്ലെങ്കിൽ വ്യത്യസ്ത ജീവി വർഗങ്ങൾ തമ്മിലാവാം. ഒരു നിശ്ചിത സാഹചര്യത്തിലുണ്ടാവുന്ന യാദൃച്ഛികതയാണ് അതിജീവനത്തിന്റെ ഘടകങ്ങളുടെ ഗുണനിലവാരം തീരുമാനിക്കുന്നത്. നിലനിൽപ്പിനു വേണ്ടിയുള്ള അന്ധമായ അതിജീവന സമരം എപ്പോഴും ശരിയായ ജീവിത ഗുണ നിലവാരത്തെ ലക്ഷ്യമാക്കുന്നില്ല. നല്ലതാകട്ടെ ചീത്തയാകട്ടെ എന്താണോ ഉണ്ടാവുന്നത് അത് അതിജീവനത്തിന്റെ യോഗ്യതയായി സ്വീകരിക്കപ്പെടേണ്ടതുണ്ട്. ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു ജീവി വർഗത്തിന് അതിജീവിക്കാനാവശ്യമായ കഴിവുകൾ മൂലം ആ ജീവിവർഗം ജേതാക്കളായി കണക്കാക്കപ്പെടുന്നു. ഈ സമരത്തിൽ നിഷ്ക്കാസനം ചെയ്യപ്പെടുന്ന ജീവികൾ അതിജീവിച്ച ജീവികളേക്കാൾ മറ്റു പല ഗുണങ്ങളും ആർജിച്ചവയാകാം.

തീക്ഷ്ണമായ ആർട്ടിക് മേഖലയിൽ ഒരു ആൾക്കുരങ്ങിനെ ഏകാന്തനായി അലയാൻ വിട്ടുവെന്നിരിക്കട്ടെ. അതിനോട് താരതമ്യം ചെയ്യുമ്പോൾ ധ്രുവക്കരടികൾക്കും, കുറുക്കൻമാർക്കും ആ ആവാസ വ്യവസ്ഥ വളരെയേറെ അനുകൂലമാണ്. ആ ഒരു പ്രത്യേക പരിതഃസ്ഥിതിയിൽ പരിണാമ ഗതിയിൽ വളരെയേറെ പുരോഗമിച്ച ഗോറില്ല പ്രകൃതിയുടെ തിരഞ്ഞെടുപ്പിന് മുമ്പിൽ തിരോഭവിക്കാൻ വിധിക്കപ്പെട്ടവനാണ്. ആൾക്കുരങ്ങിനേക്കാൾ താഴേക്കിടയിലുള്ള ധ്രുവക്കരടിയും ആർട്ടിക്ക് കുറുക്കനും അതിജീവിക്കുകയും ചെയ്യുന്നു. ഈ സാങ്കൽപിക പരിതഃസ്ഥിതി

യിൽ ആൾക്കുരങ്ങിനെ മാറ്റി ഒരു മനുഷ്യനെ പ്രതിഷ്ഠിക്കുക. ഗോറില്ലയുടെ കാര്യത്തിൽ സംഭവിച്ചതിനേക്കാൾ വേഗത്തിൽ മനുഷ്യൻ അർഹതയുള്ളതിന്റെ അതിജീവന തത്ത്വപ്രകാരം മരണത്തിന് വിധേയനാകും. അതുകൊണ്ട് പ്രകൃതിയുടെ തിരഞ്ഞെടുപ്പ് ഗുണനിലവാരമനുസരിച്ചുളളതായിരിക്കും എന്ന് വിശ്വസിക്കുന്നത് തെറ്റാണ്. കുറേക്കൂടി സത്യസന്ധമായി പറയുകയാണെങ്കിൽ പ്രകൃതിയുടെ തിരഞ്ഞെടുപ്പ് എന്നതിനെ 'ശക്തിയാണ് ശരി'(Might is Right) എന്ന് വിശേഷിപ്പിക്കുകയായിരിക്കും നല്ലത്. ശക്തി, അതെത്ര തന്നെ ദുരുദ്ദേശ്യപരവും അവികലവും, മർദനപരവും നിർഭയവുമായിക്കൊള്ളട്ടെ പ്രകൃതിയുടെ തിരഞ്ഞെടുപ്പിന് മുമ്പിൽ ശക്തിയെയാണ് എപ്പോഴും ജേതാവായി കാണുക.

പ്രകൃതിയുടെ തിരഞ്ഞെടുപ്പും അർഹതയുള്ളതിന്റെ അതിജീവനവും എപ്രകാരം ഓരോ ജീവി രൂപങ്ങളിലും പ്രവർത്തിച്ചു എന്ന് നിർണയിച്ചുകൊണ്ട് ഓരോ ജീവി രൂപങ്ങളുടേയും പരിണാമ ചരിത്രം നാം രേഖപ്പെടുത്തുവാൻ ഉദ്യമിച്ചെങ്കിൽ പതിനായിരക്കണക്കിന് പേജുകൾ വരുന്ന ഒരു പുസ്തകമായി അത് മാറും. അല്ലെങ്കിൽ അതിനേക്കാൾ വലുതായിരിക്കും.ഈ യത്നത്തിനാകട്ടെ വരാനിരിക്കുന്ന നിരവവധി ശാസ്ത്രജ്ഞൻമാരുടെ തലമുറകൾ വേണ്ടിവരികയും ചെയ്യും.

എന്തായിരുന്നാലും, സാധ്യമായ എല്ലാ ഘടകങ്ങളും ഒത്തുവന്നുവെന്ന് ഒരാൾ സങ്കൽപിക്കട്ടെ, എന്നാലും പുരോഗമനാത്മകമായ പ്രകൃതിയുടെ തിരഞ്ഞെടുപ്പ് അസാധ്യമാണ്. ഈ വസ്തുതയിലേക്ക് നാം വായനക്കാരന്റെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇത്തരത്തിൽ ഒരു ഉന്നതമായ സ്വഭാവഗുണം തിരഞ്ഞെടുക്കേണ്ട സന്ദർഭങ്ങൾ സംജാതമാവാൻ ഒരു പക്ഷേ കോടിക്കണക്കിന് ഇത്തരം അവസരങ്ങൾ ആവശ്യമായി വരും. അതുപോലെ ഇതിന്റെ വിപരീതമായ പ്രവർത്തനവും ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണ്.

യാദൃച്ഛികമായ ഒരു പരിവർത്തനം ഏത് വഴിയിലേക്കും കുതിക്കാം. അതൊരിക്കലും തന്നെ വിവാദ വിഷയമല്ല. പക്ഷേ ഈ യാദൃച്ഛിക പരിവർത്തനം എപ്പോഴും പരിണാമ ഗതിയെ മുന്നോട്ടു നയിക്കുന്ന വിധം വ്യക്തമായ ലക്ഷ്യത്തിലേക്ക് മാത്രം കുതിക്കുക എന്നത് അസാധ്യമാണ്. അതായത് യാദൃച്ഛികതയുടെ കളി, തീർച്ചയായും യാദൃച്ഛികമായത് തന്നെയാണ്, പരിണാമഗതിയുടെ ആവശ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ യഥാസമയം ഇടപെട്ട് കൊണ്ട് ശരിയായ ദിശയിലൂടെ യാദൃച്ഛികത സഞ്ചരിക്കുക എന്നത് ഏറെക്കുറെ അസംഭാവ്യമാണ്. തീരുമാനങ്ങൾ പകിടകളിക്ക് വിട്ടുകൊടുക്കാതെ എല്ലായ്പ്പോഴും ശരിയായ തീരുമാനം ശരിയായ സമയത്ത് എടുക്കുന്ന ബോധാത്മകനും, ജ്ഞാനിയുമായ ഒരു തിരഞ്ഞെടുപ്പുകാരന്റെ അനിവാര്യതക്ക് നേരെ ശാസ്ത്രജ്ഞൻമാർ കണ്ണടക്കുന്നതാണ് ഏറെ നിർഭാഗ്യകരം. (തുടരും)

---

**പേജ് 13 ൽ നിന്ന് തുടർച്ച**

തന്റെ നാട്ടുകാരും പുറം നാട്ടുകാരുമായ അറബികൾ സുൽത്താന്റെ ദർബാറിൽ കടന്നുവരികയും അദ്ദേഹത്തോടൊപ്പം നിലത്തിരുന്ന് സങ്കോചലേശമന്യേ സംസാരിക്കുകയും ചെയ്യുന്നത് എനിക്ക് കാണാൻ സാധിച്ചു. ഒരാൾ തന്റെ ഒട്ടകത്തിന്റെ കുഞ്ഞിനെ പറ്റിയാണെങ്കിൽ മറ്റൊരാൾ മറ്റൊരു കാര്യത്തെക്കുറിച്ചാകും പറയുന്നത്. സുൽത്താൻ സംതൃപ്തിയോടും സഹന ബുദ്ധിയോടും അവയെല്ലാം കേട്ടു മറുപടി പറയുന്നു. അദ്ദേഹത്തിന്റെ ദർബാറിൽ ഇസ്‌ലാമിക് ഭരണത്തിന്റെ ഒരു ചിത്രമാണ് ദൃശ്യമായിരുന്നത്.

വിദേശ നയതന്ത്ര പ്രതിനിധികളുടെ ഒരു സമ്മേളനത്തിൽ സുൽത്താൻ ഒരു സാധാരണക്കാരനെപ്പോലെ പങ്കെടുത്തിരുന്നതായി മക്ക പ്രവാസ കാലത്ത് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. സംഭാഷണ മദ്ധ്യേ അദ്ദേഹം പറഞ്ഞു: നിങ്ങളുടെ രാജ്യത്തുള്ളത് പോലെ സുഖ സൗകര്യങ്ങളൊന്നും ഇവിടെ ഇല്ല. തെരുവുകളും ഇല്ല. അവിടെ വലിയ ജയിലറകളുണ്ട്. വലിയ വലിയ കുറ്റങ്ങളും ചെയ്യപ്പെടുന്നു എന്നാൽ എന്റെ രാജ്യത്ത് അത്തരം കുറ്റങ്ങളൊന്നുമില്ല. കേസ് വിസ്താരം നീണ്ടു പോകുന്നില്ല. നിയമത്തിന് പഴുതുകളില്ല. ആകയാൽ നിങ്ങളുടെ സംസ്ക്കാരം ഇവിടെ ഇല്ലാത്തതിനാൽ എനിക്ക് യാതൊരു വ്യസനവും ഇല്ല. മറിച്ച് എനിക്കതിൽ വലുതായ സന്തോഷമാണുള്ളത്. എന്റെ രാജ്യം (ഇത് ദൈവത്തിന്റെ രാജ്യമാണ്) എല്ലാവിധത്തിലുള്ള പാതകങ്ങളിൽ നിന്നും പരിശുദ്ധമായിരിക്കുന്നു.

ഞാൻ ദിവസവും ബൈത്തുല്ലാഹിൽ പോകും. ചിലപ്പോൾ മണിക്കൂറുകളോളം അവിടെ കഴിച്ചു കൂട്ടും. അവിടെപോയിരുന്ന് ദൈവിക ദൃഷ്ടാന്തങ്ങൾ ഭക്തിപൂർവം ഞാനോർക്കും. ചിലപ്പോൾ തിരുനബി(സ)യുടെ പാദസ്പർശനമേറ്റ സ്ഥലങ്ങളിൽ ചുറ്റി നടക്കും. ചിലപ്പോൾ ദാറുന്നദ്‌വ ചുറ്റിക്കാണും. ചിലപ്പോൾ തിരുനബി(സ) ക്കെതിരായി മക്കത്തെ അവിശ്വാസികൾ നടത്തിയ ഗൂഢാലോചനയുടെ രൂപം എന്റെ മനോതലത്തിൽ നിഴലിക്കും. ചുരുക്കത്തിൽ സത്യ വിശ്വാസോദ്ദീപകമായ നാളുകളായിരുന്നു അവ. ജീവിതത്തിലെ ബാക്കികാലം മുഴുവൻ ഇവിടെ തന്നെ കഴിച്ചു കൂട്ടണമെന്ന ആഗ്രഹം ഹൃദയത്തിൽ അപ്പോളുയരും. സത്യവും അതു തന്നെ. ഒരിക്കൽ കണ്ടാൽ പിന്നെയും പിന്നെയും കാണാൻ കൊതിവരുന്ന ഒരു പുണ്യസ്ഥാനമാണത്.

*വിവ: എൻ. അബ്ദുർറഹിം*

# നാളേക്കു വേണ്ടി

സുലൈമാൻ കാവശ്ശേരി

നാളേയ്ക്കു വേണ്ടി യൊരുങ്ങുവീനായുസിൻ
നീളം കുറയുകയാണ് നിത്യം
ഓടിയകലുകയാണേവ മോതിക്കോ-
ണ്ടോരോ നിമിഷവും ജീവിതത്തിൽ
നശ്വരമീലോക സമ്പാദ്യമൊക്കെയും
നിഷ്ഫലം മൃത്യുവിൻ നേരമായാൽ
എല്ലാം വെടിഞ്ഞുനാമെല്ലാരു മേകരായ്
ചെല്ലേണം സർവ്വേശ സന്നിധിയിൽ
സർവ്വേശ സന്നിധി പൂകുന്ന നേരത്ത്
സർവ്വാധി നാഥനു കാഴ്ചവെക്കാൻ
കർമ്മങ്ങളല്ലാതെ മറ്റൊന്നും നമ്മൾക്കു
കൈമുതലന്നുണ്ടാവില്ല നൂനം
സൽക്കർമ്മ പൂരിത ജീവിതമീശ്വരൻ
സ്വീകരിച്ചുന്നത സ്ഥാനമേകും
ശാശ്വത ശാന്തിയും സൗഖ്യവുമീശ്വര-
സാമീപ്യവും നൽകി സൽക്കരിക്കും.
ദുശ്കർമ്മലീനമാം ദുർഗന്ധജീവിതം
നിഷ്ഫലമത്തിരു സന്നിധിയിൽ
കർമ്മങ്ങൾ നന്നാക്കി ത്തീർക്കേണം, നാളത്തെ
ജീവിതം സാഫല്യമായിടുവാൻ
നാളെക്കുവേണ്ടി യൊരുങ്ങുവിന്നായുസ്സിൻ
നീളംകുറയുകയാണു സത്യം

# ആദമിന്റെ ഏദൻ തോട്ടം

മനുഷ്യ സമൂഹത്തിന്റെ ആദിമ തലമുറയെ പ്രതിനിധീകരിക്കുന്ന ആദം നബി (അ)യുടെയും പ്രബോധിത ജനതയുടെയും ജിവിതകഥ മാനവ സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങളെ പൂർത്തീകരിച്ച ആത്മീയ സുരഭിലമായ ഒരു ക്ഷേമസമൂഹത്തിന്റെ ലളിതമാതൃകയുടെ വിവരണമാണ്. ആദം താമസിച്ച ഈ സ്വർഗം സസ്യശ്യാമളമായ ഭൂമിയിൽ തന്നെയുള്ള ഒരു പ്രദേശമാണ്. അല്ലാതെ പരലോക സ്വർഗമല്ല.

**മുഹമ്മദ് നജീബ് ഖാൻ വാഴക്കാല**

സെമിറ്റിക്ക് മതങ്ങളിൽ ചരിത്രപ്രാധാന്യത്തോടെ ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ആദം (അ) ന്റെ ചരിത്രം. ബൈബിളും വിശുദ്ധ ഖുർആനും അൽപം ചില മാറ്റങ്ങളോടെയാണെങ്കിലും ആദമിന്റെ സൃഷ്ടിപ്പും ജീവ ചരിത്രവും വിവരിക്കുന്നുണ്ട്. ഖുർആൻ വിവരിക്കുന്ന പല ഭാഗങ്ങളും ആശയ സമ്പുഷ്ടവും സദൃശ്യ വചനങ്ങളാൽ അലംകൃത വുമാണ്. അവ യുക്തിഭദ്രമായ നിലയിൽ വ്യാഖ്യാനിക്കുമ്പോൾ മാത്രമാണ് അതിൽ അടങ്ങിയിരി ക്കുന്ന വിജ്ഞാന ലോകത്തിന്റെ കവാടങ്ങൾ തുറക്കപെടുന്നത്. ആദം നബി (അ) യുമായി ബന്ധപ്പെട്ടു കിടക്കുന്ന വിശുദ്ധ ഖുർആനിലെ പല സൂക്തങ്ങൾ, വിശ്വാസി സമൂഹങ്ങളിൽ പലപ്പോഴും രസകരവും വിജ്ഞാന പ്രദവുമായ ആശയ സംവാദങ്ങൾ ക്ക് പ്രമേയങ്ങളായിട്ടുണ്ട്. എങ്കി ലും, വിശുദ്ധ ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പൂർവ കാല പ്രവാചകന്മാരുടെ ചരിത്ര സാക്ഷ്യങ്ങളുടെ വിവരണങ്ങളിൽ നിന്നു വർത്തമാനകാല സമൂഹത്തി ന് എന്ത് പ്രയോജനമാണുള്ളതെന്ന് ഇനിയും വ്യക്തമാകേണ്ടിയിരിക്കു ന്നു. കാരണം അവയെല്ലാം കേവ ലം ഒരു കഥപോലെ വായിക്കുവാനു ള്ളതാണ് എന്ന് നമുക്ക് തീർച്ച യായും പറയാൻ സാധ്യമല്ല. ഗതകാല പ്രവാചകന്മാരുടെ ചരിത്ര സംഭവങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ ഖുർആനിലെ ഓരോ വാക്കിലും വചനത്തിലും വിശ്വാ സികൾക്ക് ആത്മീയവും ധാർമിക വുമായ സംസ്കരണത്തിനും അഭിവൃദ്ധിക്കും അതുപോലെ ദൈവീക സാമീപ്യത്തിനും സഹായകമായ ഒരുപാട് ഉപദേശ പാഠങ്ങൾ ഗോപ്യമായ നിലയിൽ ഗൂഢാർഥ വചനങ്ങളിൽ പ്രതിപാദി ക്കപ്പെട്ടിരിക്കുന്നു. ഇത്തരം സൂക്ത ങ്ങളുടെ യുക്തി സഹമായ വിശദീ കരണങ്ങൾ മാനസികവും ആത്മീ യവുമായ ശുദ്ധി പ്രക്രിയയിലൂടെ ദൈവീക സാമീപ്യം കരസ്ഥമാക്കി യ വരിഷ്ഠ വ്യക്തിത്വങ്ങളുടെ മനസ്സിൽ മാത്രമേ വെളിപ്പെടുകയു ള്ളു. അറബി ഭാഷയിൽ നൈപു ണ്യം നേടിയതുകൊണ്ട് മാത്രം അത് കരസ്ഥമാവുകയില്ല.വിശുദ്ധ ഖുർആൻ പറയുന്നു, **'ലാ യമസ്സു ഹു ഇല്ലൽ മുത്തഹ്ഹറൂൻ'** അതായ ത് പരിശുദ്ധന്മാരല്ലാതെ അത് (വിശുദ്ധ ഖുർആൻ) സ്പർശിക്കുക യില്ല. ഇത് വിശുദ്ധ ഖുർആന്റെ സത്യതക്കുള്ള ശക്തമായ ഒരു തെളിവാകുന്നു. വിശുദ്ധ ഖുർആ ന്റെ അധ്യാപനങ്ങൾക്ക് മങ്ങലേൽ ക്കുമ്പോൾ ദൈവിക സവിധത്തിൽ നിന്നു വരുന്ന വരിഷ്ഠ വ്യക്തിത്വ ങ്ങളിലൂടെ അതിന്റെ ആശയ സംരക്ഷണത്തിനുള്ള സംവിധാന ങ്ങൾ അല്ലാഹു ഒരുക്കുന്നു. അല്ലാ ഹുവിൽ നിന്നുള്ള ഈ സംവിധാ നം ഇല്ലായിരുന്നെങ്കിൽ പ്രവാചക ചരിത്ര സംഭവങ്ങളെ വ്യാഖ്യാ നിച്ചുകൊണ്ട് ബൈബിളിന്റെയും മറ്റും പിൻബലത്തോടെ എഴുതപ്പെട്ട അബദ്ധജഡിലമായ വിവരണങ്ങൾ വായിച്ച് വിശ്വാസികളുടെ ആത്മീയ ത വരണ്ട് പോകുമായിരുന്നു. ഇസ്‌ലാമിലെ പരിഷ്കൃത വിഭാഗ ങ്ങളാണെന്നു വാദിക്കുന്നവരുടെ വ്യാഖ്യാനങ്ങളിൽ കാണപ്പെടുന്ന കഥാ രചനാ രീതിയിലൂടെ വിശുദ്ധ ഖുർആന്റെ മഹത്വവും മഹിത സ്ഥാനവും ഇപ്പോഴും അവമതി ക്കപെട്ടുക്കൊണ്ടിരിക്കുയാണെന്ന സത്യം തുറന്ന് പറയാതെ വയ്യ.

### വിശുദ്ധ ഖുർആനും അതിന്റെ വ്യാഖ്യാനരീതിയും

വിശുദ്ധ ഖുർആന്റെ ഏതെ ങ്കിലും ഒരു വാക്കിനോ വചനത്തി നോ അർഥം നൽകുമ്പോഴോ, അല്ലെങ്കിൽ അത് വ്യാഖ്യാനം ചെയ്യുമ്പോഴോ വിശുദ്ധ ഖുർആന്റെ അടിസ്ഥാന അർഥങ്ങൾക്കും ആശയങ്ങൾക്കും കടക വിരുദ്ധ മാകാൻ പാടുള്ളതല്ല. ഈ അടി സ്ഥാന തത്വത്തിൽ നിന്ന് കൊണ്ട് നാം വിശുദ്ധ ഖുർആന്റെ വചന ങ്ങൾക്ക് അർഥം നൽകുമ്പോഴും വ്യാഖ്യാനിക്കമ്പോഴും മാത്രമേ വിശുദ്ധ ഖുർആന്റെ അത്ഭുതകര മായ ആശയ സമ്പുഷ്ടത

വെളിപ്പെടുകയുള്ളൂ. വിശുദ്ധ ഖുർആനിൽ രണ്ട് തരത്തിലുള്ള വചനങ്ങൾ ഉണ്ട്. ഒന്ന് ഖണ്ഡിതമായ വചനങ്ങളും രണ്ട് സദൃശ്യ വചനങ്ങളും. ഖണ്ഡിതമായ വചനങ്ങൾ വിശുദ്ധ ഖുർആന്റെ അടിത്തറയാകുന്നു. ഖണ്ഡിതമായ വചനങ്ങളുടെ അടിത്തറയിൽ നിന്നുകൊണ്ടാണ് സദൃശ്യ വചനങ്ങൾക്ക് വ്യാഖ്യാനം നൽകേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ സദൃശ്യ വചനങ്ങൾ ഖണ്ഡിതമായ വചനങ്ങൾക്കനുസൃതമായിട്ടായിരിക്കണം വ്യാഖ്യാനിക്കേണ്ടത്. ഈ തത്ത്വത്തിൽ നിന്ന് വ്യതിചലിച്ചു കൊണ്ട് വിശുദ്ധ ഖുർആനെ വ്യാഖ്യാനിച്ചാൽ ഖുർആനിൽ ഒരുപാട് വൈരുദ്ധ്യങ്ങൾ കണ്ടെത്തുന്നതാണ്. എന്നാൽ ഈ ഗ്രന്ഥം അല്ലാഹുവിൽ നിന്ന് അവതരിച്ചതു കൊണ്ട് അതിൽ യാതൊരു വിധത്തിലുള്ള വൈരുദ്ധ്യങ്ങളും കണ്ടെത്താൻ നിങ്ങൾക്ക് സാധ്യമല്ല യെന്ന് വിശുദ്ധ ഖുർആൻ തന്നെ പറയുന്നു. എന്നാൽ ഈ തത്ത്വത്തെ പരിഗണിക്കാതെയും സൂക്തത്തിൽ പ്രയുക്തമായിട്ടുള്ള വാക്കുകളിൽ ചിന്തിക്കാതെയും വ്യാഖ്യാനിച്ചപ്പോഴാണ് പൂർവ വ്യാഖ്യാതാക്കൾ ആദമും അദ്ദേഹത്തിന്റെ അനുയായികളും മരണാനന്തരം സജ്ജനങ്ങൾക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്ന സ്വർഗത്തിൽ യഥാർഥത്തിൽ താമസിച്ചിരുന്ന തെന്ന തരത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളത്.

## ആദമിന്റെ സ്വർഗം (ജന്നത്ത്)

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

***' ഖുൽനാ യാ ആദമു ഉസ്കുൻ അൻത്ത വ സൗജുക്കൽ ജന്നത്ത വ ഖുലാ മിൻഹാ റഗദൻ ഹൈസു ശിഅ്ത്തുമാ'*** അർഥം: നാം പറഞ്ഞു, ആദമേ, നീയും നിന്റെ പത്നിയും സ്വർഗത്തിൽ വസിച്ചുകൊള്ളുക. അവിടെ നിങ്ങൾ രണ്ട് പേരും ഇച്ഛിക്കുന്നിടത്തുനിന്നു സുഭിക്ഷമായി ഭക്ഷിക്കുകയും ചെയ്തുകൊള്ളുക. (2അൽ ബക്കറ.36)

ഈ സൂക്തത്തിൽ പറയുന്ന സ്വർഗം എന്നതിനു വിശുദ്ധ ഖുർആനിക വ്യാഖ്യാതാക്കൾ പലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്. ഭൂരിപക്ഷ വ്യഖ്യാതാക്കളുടെയും അഭിപ്രായപ്രകാരം സജ്ജനങ്ങളായിട്ടുള്ളവർ മരണാനന്തരം എത്തിച്ചേരുന്ന സ്ഥലമായ ആ സ്വർഗം തന്നെയാണ് ഈ സൂക്തത്തിലും പ്രതിപാദിച്ചിട്ടുള്ളത് എന്നാണ്.എന്നാൽ മറ്റു ചിലരുടെ അഭിപ്രായ പ്രകാരം ഈ ഭൂമിയിലെ സ്വർഗ സമാനമായ സ്ഥലമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ്.

ബൈബിൾ ഇപ്രകാരം പറയുന്നു.

***'അനന്തരം യഹോവയായ ദൈവം കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി. (ഉൽപത്തി 2:8)'*** പിന്നെ ഉൽപത്തി 2:14 ൽ പറയുന്നു ഈ തോട്ടത്തെ ദജ്‌ല ഫുറാത്ത് (യൂഫ്രട്ടീസ്-ടൈഗ്രീസ്) എന്നീ നദികൾ സേചനം ചെയ്തുകൊണ്ട് ആ പ്രദേശത്തെ ചുറ്റുന്നു.

പ്രസ്തുത രണ്ട് നദികളും സേചനം ചെയ്ത്കൊണ്ടിരിക്കുന്ന ഭൂപ്രദേശം ഇന്നത്തെ ഇറാഖാണ്. ഈ ഭൂപ്രദേശത്തിന്റെ ചുറ്റു ഭാഗങ്ങൾ പുരാവസ്തു ഗവേഷകർ ഉൽഖനനം ചെയ്തപ്പോൾ ആ പ്രദേശം അത്യധികം പുരാതനമായ ഒരു നാഗരീകതയുടെ കളിതൊട്ടിലായിരുന്നുവെന്ന് തെളിയിക്കുന്ന അനേകം പുരാരേഖകളും വസ്തുക്കളും കണ്ടെത്തുകയുണ്ടായി. കൂടാതെ നൂഹ്(അ)ന്റെയും, ഇബ്റാഹിം(അ)ന്റെയും പ്രബോധന രംഗവും ഈ ഭൂപ്രദേശം തന്നെയായിരുന്നുവെന്നുള്ളതിനു അനേകം ചരിത്ര രേഖകളും സാക്ഷ്യം വഹിക്കുന്നുണ്ട്. യൂഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ സംഗമസ്ഥാനത്ത് സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ പുരാവസ്തു പര്യവേഷകർ നടത്തിയ ഉൽഖനനത്തിൽ നിന്നു കിട്ടിയ വസ്തുക്കൾ കാലഘട്ട നിർണയം ചെയ്തപ്പേൾ അവക്ക് ഈസാനബി (അ) യുടെ കാലത്തിനു മുവ്വായിരത്തി അഞ്ഞൂറ് വർഷങ്ങൾ പഴക്കമുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്.മറ്റു ചില ഗവേഷകർ പറയുന്നത് മുവ്വായിരത്തി അഞ്ഞൂറ് വർഷത്തേക്കാളും പഴക്കമുള്ള ഒരു നാഗരീകതയായിരുന്നു അവിടെയുണ്ടായിരുന്ന തെന്നാണ്. ഏതായാലും അതി പൗരാണികമായ ഒരു നാഗരീകത അവിടെ നിലനിന്നിരുന്നുവെന്നു ള്ളതിനു രണ്ട് അഭിപ്രായങ്ങളില്ല. വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ, സമാധാനത്തിന്റെയും സമൃദ്ധിയുടെയും അടിത്തറയിൽ കെട്ടിപ്പടുത്ത സ്വർഗീയ സാമാനമായ ഒരു നാഗരിക ജീവിത വ്യവസ്ഥിതി ആദമിലൂടെ ഈ ഭൂപ്രദേശത്ത് അല്ലാഹു സ്ഥാപിച്ചിരുന്നുവെന്നു മനസ്സിലാകുന്നുണ്ട്.

1. ആദമിന്റെ പ്രവർത്തന മണ്ഡലം ഈ ഭൂമിയിൽ തന്നെയായിരുന്നു.

ഖുർആൻ പറയുന്നു

***'ഇന്നീ ജാഇലുൻ ഫിൽ അർളി ഖലീഫ'(അൽ ബഖറ -31)***

തീർച്ചയായും ഞാൻ ഭൂമിയിൽ ഖലീഫയെ നിയമിക്കാൻ പോവുകയാണ്.

അല്ലാഹു ആദമിനെ അവന്റെ പ്രതിനിധിയാക്കിക്കൊണ്ട് ഭൂമിയിലേക്കാണ് നിയോഗിച്ചിരുന്നത്. ഭൂമിയിൽ പ്രവർത്തിക്കേണ്ട ഒരാൾ മരണാനന്തരം സജ്ജനങ്ങൾ പ്രവേശിക്കേണ്ട സ്വർഗത്തിൽ താമസിച്ചിരുന്നുവെന്നു പറയുന്നത് യുക്തിക്കും ബുദ്ധിക്കും നിരക്കുന്നതല്ല. സ്വർഗത്തിൽ താമസിച്ചു കൊണ്ട് എങ്ങനെയാണ് ഭൂമിയിൽ സംസ്കരണ പ്രചാരണ പരിപാടികൾക്ക് നേതൃത്വം നൽകിയതെന്ന് ചിന്തനീയമായ കാര്യമാണ്.

2. വിശുദ്ധ ഖുർആനിൽ സ്വർഗത്തെകുറിച്ച് അടിസ്ഥാനപരമായ

ഒരു നിർദേശം, ഒരാൾ സ്വർഗത്തിൽ പ്രവേശി ച്ചുകഴിഞ്ഞാൽ പിന്നെ അയാൾ അതിൽ നിന്നു പുറത്താക്കപെടുകയില്ല എന്നാണ്. ഇതു സംബന്ധമായി ഖുർആൻ പറയുന്നു.

***' ലാ യമുസ്സുഹും ഫീഹാ നസ്ബുൻ വമാഹും മിൻഹാ ബിമുഖ്‌രിജീൻ '***

അവിടെ അവരെ ക്ഷീണം സ്പർശിക്കുകയില്ല. അവർ അവിടെ നിന്ന് പുറത്താക്കപ്പെടുന്നവരുമല്ല. (ഹിജർ–49)

മരണാനന്തരം സജ്ജനങ്ങൾ സ്വർഗത്തിൽ ഭൗതിക ശരീരത്തോടെ പ്രവേശിക്കുകയെന്നത് സംഭവ്യമല്ല. അതുപോലെ തന്നെ അതിൽ ഒരു പ്രാവശ്യം പ്രവേശിച്ചുകഴിഞ്ഞാൽ അവിടെ നിന്ന് പുറത്താക്കപെടുകയുമില്ലയെന്ന് ഈ ഖുർആനിക വചനം വ്യക്തമാക്കിതരുന്നു. എന്നാൽ ഖുർആൻ മറ്റൊരു സൂക്തത്തിൽ ആദമിനെയും അദ്ദേഹത്തിന്റെ ഇണയെയും സ്വർഗത്തിൽ നിന്ന് പുറത്താക്കിയെന്ന് പറയുന്നുണ്ട്. ആയതിനാൽ ആകാശീയമായ സ്വർഗമല്ല മറിച്ച് സ്വർഗത്തിനു സമാനമായ ഈ ഭൂമിയിൽ തന്നെയുള്ള ഒരു ഭൂപ്രദേശമാകാനേ സാധ്യതയുള്ളു. അതിനെ ആലങ്കാരിക ഭാഷയിൽ ജന്നത്ത് (സ്വർഗം) എന്ന് ഖുർആൻ വിശേഷിപ്പിച്ചിരിക്കുന്നു.

3. ആദമും അദ്ദേഹത്തിന്റെ ഇണയും താമസിച്ചിരുന്ന സ്വർഗത്തിൽ ശൈത്താന്റെയും അവന്റെ സന്താനങ്ങളുടെയും സാന്നിദ്ധ്യമുണ്ടായിരുന്നതായി ഖുർആൻ പറയുന്നു. ഇവർ രണ്ട് പേരും അതായത് ആദമും ശൈത്താനും സ്വർഗത്തിൽ തന്നെയായിരുന്നുവെന്ന് മനസ്സിലാക്കേണ്ടിവരും. ഇത് യുക്തിക്കും ഖുർആന്റെ പാഠങ്ങൾക്കും നിരക്കാത്തകാര്യമാണ്.

നീയും നിന്റെ ഇണയും സ്വർഗത്തിൽ പ്രവേശിച്ചുക്കൊള്ളുക എന്ന ഖുർആനിക വചനത്തിൽ നിന്ന് മനസ്സിലാകുന്നത് ആദമും അദ്ദേഹത്തിന്റെ ഇണയും മറ്റെവിടേയോ ആയിരുന്നു താമസിച്ചിരുന്നതെന്നാണ്. അവിടെ നിന്ന് ദൈവീക വെളിപാട് പ്രകാരം വേറൊരു സ്ഥലത്തേക്ക് മാറി താമസിക്കാൻ അല്ലാഹു ആദമിനോട് നിർദേശിക്കുകയായിരുന്നു. ആത്മീയ ഭാഷയിൽ ഹിജറത്ത് (പാലായനം)ചെയ്യാൻ ആദമിനോട് അല്ലാഹു കൽപിച്ചതുമായിരിക്കാം.

4. പ്രസ്തുത സൂക്തത്തിൽ **'റഗദൻ'** എന്ന പദം പ്രയുക്തമായിട്ടുണ്ട്. അതിന്റെ ഭാഷാർഥം ജീവിക്കാൻ വേണ്ട ആവശ്യ വസ്തുക്കൾ വളരെ എളുപ്പത്തിൽ സുലഭമായി ലഭിക്കുകയെന്നതാണ്. ഈ വാക്ക് അന്ന് നിലനിന്നിരുന്ന നാഗരികതയുടെ പ്രത്യേകതയെയാണ് സൂചിപ്പിക്കുന്നത്.ഒരു നാഗരീകതയുടെ പ്രത്യേകതയെന്നു പറയുന്നത് അവിടത്തെ നഗരനിവാസികൾക്ക് ജീവിത സന്ധാരണത്തിനുള്ള ഭക്ഷണ പദാർഥങ്ങൾ സമൃദ്ധമായും, സുലഭമായും ലഭിച്ചുകൊണ്ടിരിക്കുകയെന്നതാണ്. ക്ഷേമപൂർണമായ നാഗരിക വ്യവസ്ഥിതി നിലനിന്നാൽ മാത്രമേ ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദനവും സംഭരണവും അതിന്റെ സൂക്ഷിപ്പും യഥോചിതം സാധ്യമാവുകയുള്ളു. ഇതിന്റെ അഭാവത്തിൽ ഒരിക്കലും ഭക്ഷണ പദാർഥങ്ങളുടെ ഉത്പാദനമോ അതിന്റെ സംഭരണമോ സാധ്യമല്ല. അതുകൊണ്ട് ക്ഷാമാവസ്ഥ നേരിടുമ്പോൾ ജനങ്ങളുടെ ജീവൻ തന്നെ അപായപ്പെടുന്ന അപകടാവസ്ഥകൾ തരണം ചെയ്യേണ്ടിവരുന്നു. ഈ സൂക്തത്തിൽ സമ്പൽ സമൃദ്ധമായ ഒരു നാഗരീക ജീവിതത്തിന്റെ അടിസ്ഥാന പ്രത്യേകതകൾ എടുത്തുപറഞ്ഞിരിക്കുകയാണ്. അതായത് ജനങ്ങൾ ഒരുമിച്ച് ജീവിക്കുകയാണെങ്കിൽ ജീവിതത്തിനു ആവശ്യമായ ഭക്ഷണപദാർഥങ്ങൾ അനായാസം ഉത്പാദിപ്പിക്കാനും ഭാവിയിൽ സംഭരണികളിൽ സൂക്ഷിക്കുവാനും അങ്ങനെ ക്ഷാമാവസ്ഥ നേരിടുമ്പോൾ അത് ഉപയോഗിക്കുവാനും സാധിക്കുന്നതാണ്. യഥാർഥത്തിൽ ഭൂമിയിലെ സ്വർഗം ഇതുതന്നെയാണ്. ഖുർആനിലെ ത്വാഹ അധ്യായത്തിൽ ആദമിന്റെ സ്വർഗസമാനമായ നാഗരീക വ്യവസ്ഥിതിയെ സംബന്ധിച്ച് ഇപ്രകാരം പറയുന്നു.

അപ്പോൾ നാം പറഞ്ഞു: ഓ ആദം, തീർച്ചയായും ഇവൻ (ശൈത്താൻ) നിന്റെയും നിന്റെ ഭാര്യയുടേയും ശത്രുവാണ്. അതുകൊണ്ട് ഇവൻ നിങ്ങൾ രണ്ടുപേരേയും ഈ (സ്വർഗത്തിൽ)തോട്ടത്തിൽ നിന്നു പുറത്താക്കാതിരിക്കട്ടെ. അങ്ങനെയാകുന്ന പക്ഷം നീ കഷ്ടപെട്ടുപോകും.

***'ഇന്ന ലക്ക അല്ലാ തജൂഅ ഫീഹാ വലാ തഅ്റാ. വ അന്നക്ക ലാ തള്മഊ ഫീഹാ വലാ തള്ഹാ,* അതായത്, തീർച്ചയായും നിനക്ക് അതിൽ (സ്വർഗത്തിൽ) വിശക്കേണ്ടതില്ല. നഗ്നനാകേണ്ടതുമില്ല. തീർച്ചയായും നിനക്ക് അതിൽ ദാഹമുണ്ടാവുകയില്ല. വെയിലിന്റെ ഉഷ്ണമേൽക്കുകയില്ല.**

ഈ സൂക്തത്തിൽ ഒരു വ്യക്തിക്ക് ഈ ലോകത്ത് ജീവിക്കാൻ വേണ്ട അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, വെള്ളം, പാർപ്പിടം എന്നിവയെ പറ്റിയാണ് സൂചന നൽകിയിട്ടുള്ളത്. എന്നാൽ ഈ ആധുനിക യുഗത്തിൽ പുരോഗതിയുടെ കൊടുമുടി കൈയടക്കിയെന്ന് വാദിക്കുന്ന രാജ്യങ്ങൾക്കുപോലും അവരുടെ പ്രജകൾക്ക് ഈ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ലയെന്നത് ഒരു യാഥാർഥ്യമാണ്. ഇന്നും എത്രയെത്ര ദരിദ്ര കുടുംബങ്ങളാണ് തലചായ്ക്കാൻ വീടുകളില്ലാതെ കാലാവസ്ഥകളുടെ തീഷ്ണതകളെ അതിജീവിച്ച് കൊണ്ട് തെരുവോരങ്ങളിൽ കഴിഞ്ഞുകൂടുന്നത്. ഒരു ഭാഗത്ത് സമ്പത്ത് കുന്നുകൂടുമ്പോൾ എത്രയെത്ര മനുഷ്യരാണ് വയറ് നിറയെ കഴിക്കാൻ ഭക്ഷണമില്ലാതെ മറ്റുള്ളവരുടെ എച്ചിൽ പാത്രങ്ങളെ

ആശ്രയിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ പ്രവാചകരാൽ സ്ഥാപിതമാകുന്ന സാമൂഹിക ജീവിത വ്യവസ്ഥിതിയിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ എല്ലാ മനുഷ്യർക്കും ഒരുപോലെ കൈവരുന്നതാണ്.

പ്രവാചകൻമാരാൽ സ്ഥാപിതമാകുന്ന സാമൂഹിക വ്യവസ്ഥിതിയിൽ ധാർമികവും ആദ്ധ്യാത്മികവുമായ സംസ്കരണത്തോടൊപ്പം ഭൗതിക ജീവിത സന്തുലിതത്തിനും മുൻഗണ നൽകുന്നുണ്ട്. എന്നാൽ ആദമിന്റെ ചരിത്രത്തിൽ ശൈത്താന്റെ സാന്നിദ്ധ്യത്തെ ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു പറയുന്നു പ്രവാചകന്മാരാൽ സ്ഥാപിതമാകുന്ന സ്വർഗ സമാനമായ പുതിയ ജീവിത ക്രമത്തിലും ശൈത്താൻ കടന്നു കയറി അതിനെ നരക തുല്യമാക്കാൻ സാധ്യതയുണ്ട്. വിശ്വാസികളിൽ തന്നെ കപടതയുള്ളവരും അവിശ്വാസികളും പല മോഹന വാഗ്ദാനങ്ങൾ നൽകി അല്ലാഹുവിൽ നിന്നു കിട്ടിയ യഥാർഥ അദ്ധ്യാപനങ്ങളിൽ നിന്നു വിശ്വാസികളെ വഴിതെറ്റിക്കാൻ സാധ്യതയുണ്ട്.അങ്ങനെ വഴിതെറ്റിയാൽ അല്ലാഹു ആദമിനോട് പറഞ്ഞതുപോലെ നിങ്ങളും അല്ലാഹുവിന്റെ സാമീപ്യത്തിൽ നിന്നു ദൂരപെട്ടുപോകുന്നതു നിമിത്തം സുഖ സമൃദ്ധമായ ജീവിതം നഷ്ടപെട്ടുപോവുകയും തന്നിമിത്തം നിങ്ങൾ കഷ്ടപെട്ടു പോകുകയും ചെയ്യുന്നതാണ്.

ഇസ്ലാമിന്റെ ആദ്യ കാലഘട്ടത്തിലും ഈ അദ്ധ്യാപനമനുസരിച്ച് ഭരണ സംവിധാനം ക്രമപ്പെടുത്തിയതിന്റെ ഫലമായി ആ രാജ്യങ്ങളിലെ ഒരു ശിശുവിന് പോലും വിശപ്പും ദാഹവും സഹിക്കേണ്ടിവന്നിരുന്നില്ല. ഖുലഫാഉർറാശിദുകളുടെ കാലവും അതിനു ശേഷവും ഇത് നിലനിന്നിരുന്നു. എന്നാൽ കാലാന്തരേണ ഇസ്ലാമിക ധാർമികത അടിസ്ഥാനമാക്കിയുള്ള പൊതുഭരണ സംവിധാനത്തിൽ അപചയവും നിക്ഷിപ്ത താൽപര്യങ്ങളും കടന്നുകുടി. അതിനെ പുന:സ്ഥാപിക്കാനായി അല്ലാഹു ഹദ്റത്ത് അഹ്മദ് (അ)നെ അയക്കുകയുണ്ടായി. അദ്ദേഹത്തെ അല്ലാഹു ആദമെന്ന നാമത്തിൽ സംബോധന ചെയ്തുകൊണ്ട് സന്തോഷ വാർത്തകൾ നൽകിയിട്ടുമുണ്ട്. ഇസ്ലാമിലൂടെ ലോകത്ത് ആത്മീയതയെയും, ഭൗതികതയെയും സമന്വയിപ്പിച്ച് കൊണ്ട് സ്ഥാപിതമാകേണ്ട ശാശ്വതമായ ഭരണ സംവിധാനത്തിന്റെ അടിത്തറ അദ്ദേഹം ഇടുകയുണ്ടായി. അദ്ദേഹത്തിന്റെ ഗ്രന്ഥമായ അൽ വസിയ്യത്തിൽ ആത്മീയ ഭരണത്തിന്റെ സിരാകേന്ദ്രമായ ഖിലാഫത്ത് ഭരണ വ്യവസ്ഥിതിയെയും, പ്രജകളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന ചെലവുകൾ നികത്തുന്നതിനായിട്ടുള്ള സാമ്പത്തിക സംവിധാനത്തേയും കുറിച്ചും വിശ്വാസികൾക്ക് നിർദേശങ്ങൾ നൽകിയിട്ടുണ്ട്.ഈ ആഗോള ഭരണ വ്യവസ്ഥിതി സമ്പൂർണമായ രീതിയിൽ പൂർത്തീകരിക്കപെട്ടു കഴിഞ്ഞാൽ രാജ്യത്തിലെ ഒരു പ്രജക്ക് കിട്ടേണ്ട അടിസ്ഥാന ജീവിത വിഭവങ്ങൾ കൈവരുന്നതാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ തിരുമനസ്സ് അൽ വസിയ്യത്ത് പദ്ധതിയുടെ സമ്പൂർത്തീകരണത്തിന്റെ ഫലമായി ഉണ്ടാകുന്ന അനുഗ്രഹങ്ങളെ കുറിച്ച് ഇപ്രകാരം പറയുന്നു.

**ഈവസിയ്യത്ത് വ്യവസ്ഥിതി പൂർത്തീകരിക്കപ്പെടുമ്പോൾ അതുമുഖേന ഇസ്ലാമിക പ്രചാരണം മാത്രമല്ല നിർവഹിക്കപ്പെടുന്നത് മറിച്ച് ഇസ്ലാമിന്റെ ലക്ഷ്യമനുസരിച്ച് ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതാണ്. ലോകത്ത് നിന്ന് സർവവിധ ബുദ്ധിമുട്ടുകളും വിഷമങ്ങളും ദൂരീകരിക്കപ്പെടുന്നതാണ്. ഇൻശാ അല്ലാഹു, അനാഥർക്ക് യാചിക്കേണ്ടിവരികയില്ല. വിധവകൾ ആരുടേയും മുന്നിൽ കൈനീട്ടേണ്ടി വരികയോ, ഒരു അത്താണിയുമില്ലാതെ വിഷമിച്ച് അലയേണ്ടിവരികയോ ചെയ്യില്ല. കാരണം ഈ വസിയ്യത്ത് കുട്ടികൾക്ക് മാതാവായിരിക്കും, യുവാക്കൾക്ക് പിതാവായിരിക്കും, സ്ത്രീകൾക്ക് ഭർത്താക്കന്മാരുടെ സ്ഥാനത്തായിരിക്കും. സ്നേഹത്തോടും ഹൃദയ സന്തോഷത്തോടും കൂടി യാതൊരു വിധ നിർബന്ധവുമില്ലാതെതന്നെ ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. ഇതിന്റെ പ്രതിഫലം ഈ ലോകത്ത് കിട്ടാതെ വരികയില്ല. അല്ലാഹുവിൽ നിന്നു ഉത്തമമായ പ്രതിഫലം കൈവരിക്കുന്നതാണ്. പണക്കാരനും പാവപ്പെട്ടവനും നഷ്ട ത്തിലാവുകയില്ല. സമൂഹങ്ങൾ പരസ്പരം കലഹിക്കുകയില്ല. മറിച്ച് അതിന്റെ ഔദാര്യ ഗുണം മുഴുലോകത്തും വ്യാപിച്ചു നിൽക്കുന്നതാണ്.**
(നവലോകക്രമം)

വാസ്തവത്തിൽ ആദമിനോടും, അദ്ദേഹത്തിന്റെ അനുചര സംഘത്തോടും സ്ഥിരമായി ജീവിക്കാൻ പറഞ്ഞ പ്രദേശത്ത് ആത്മീയ സംസ്കരണത്തിന്റെയും സമ്പൽ സമൃദ്ധിയുടെയും, ശാന്തി സമാധാനത്തിന്റെയും സ്വർഗ സമാനമായ അവസ്ഥ അല്ലാഹു അവർക്ക് പ്രദാനം ചെയ്തിരുന്നു. അത് തന്നെയാണ് സ്വർഗമെന്നു പറയുന്നത്. നിസ്തുലമായ ദിവ്യാനുഗ്രഹം നിറഞ്ഞ മനുഷ്യ സമൂഹത്തിന്റെ ആത്മീയ സുരഭിലമായ ഈ ആദി സമൂഹം ലോകത്തുള്ള എല്ലാ ജനവർഗങ്ങളുടെയും മാതൃകാപരമായ പ്രാഗ്രൂപമാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അഗാധമായ അർഥധ്വനിയോടെ ആദി പിതാവിന്റെ ആശയ സമ്പുഷ്ടമായ ഈ ആദിമ ചരിത്രം വിവരിക്കുന്നത്. വിശ്വാസികൾക്ക് അവരുടെ സാമൂഹിക വ്യവസ്ഥ ശോഭനവും ക്ഷേപൂർണവുമാക്കി തീർക്കാനുള്ള മാതൃകാപരമായ ഒരു സാമൂഹിക രൂപരേഖയും ഇതിൽ ഉള്ളടങ്ങിയിരിക്കുന്നു. ഇതുതന്നെയാണ് ആദമിന്റെ ജന്നത്തിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആൻ വിവരണത്തിന്റെ യഥാർഥ ഉദ്ദേശ്യവും.

# സ്വർഗനരകങ്ങൾ ഇസ്‌ലാമിലും മറ്റു മതങ്ങളിലും

എല്ലാ മത-വിശ്വാസങ്ങളിലും സ്വർഗ നരകങ്ങളെപ്പറ്റി പൊതുവായ ചില സങ്കല്പങ്ങളുണ്ട്

**ഫസ്‌ൽ അഹ്‌മദ്**

വിശുദ്ധഖുർആനിൽ സ്വർഗനരകങ്ങളെ സംബന്ധിച്ചും മനുഷ്യന്റെ ഭൗതികാവസ്ഥയിൽ നിന്നും ആത്മീയാവസ്ഥയിലേക്കുള്ള പരിണാമത്തെക്കുറിച്ചും വിശദമായ വിവരണമുണ്ട്. മതപ്രമാണങ്ങളിലുള്ള ഏറ്റവും വിശദമായ വിവരണം ഒരു പക്ഷേ ഖുർആനിലുള്ളതായിരിക്കാം. താഴെ കൊടുത്ത ഖുർആനിക സൂക്തങ്ങൾ അടിസ്ഥാനപരമായ വീക്ഷണത്തിന്റെ ഉദാഹരണങ്ങളാണ്.

"എന്നാൽ ദൗർഭാഗ്യവാന്മാരാവട്ടെ അവർ തീയിലായിരിക്കും. അവർക്ക് അവിടെ നെടുവീർപ്പും തേങ്ങിക്കരച്ചിലുമാണ് ഉണ്ടായിരിക്കുക.

ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ നിവസിക്കുന്നവരായിരിക്കും. നിന്റെ നാഥൻ ഉദ്ദേശിക്കുന്ന കാലം ഒഴിച്ച്. നിന്റെ നാഥൻ അവനുദ്ദേശിക്കുന്നതെന്തും പ്രവർത്തിക്കുന്നവൻ തന്നെയാണ്.

എന്നാൽ സൗഭാഗ്യം പ്രാപിച്ചവരാവട്ടെ, അവർ സ്വർഗത്തിലായിരിക്കും. ആകാശങ്ങളും ഭൂമിയും നിലനിൽക്കുന്ന കാലത്തോളം അവർ അതിൽ പാർക്കുന്നവരായിരിക്കും. നിന്റെ നാഥനുദ്ദേശിക്കുന്ന (കാല)മൊഴിച്ച്. നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്ന സമ്മാനമായി (അവർക്കതുണ്ടാകും)" *(സൂറ ഹൂദ്: 107-109)*

നരകത്തിന്റെ ദൈർഘ്യം പരിമിതമായിരിക്കുമെന്ന കാര്യം ശ്രദ്ധേയമാണ്. ദൈവേച്ഛക്ക് വിധേയമായിരിക്കും അതിന്റെ കാലപരിധി. അങ്ങനെ നോക്കുമ്പോൾ നരകത്തിൽ പ്രവേശിക്കുന്നതോടെ ശാശ്വതമായ നാശമാണ് എന്ന് ഇതിനർഥമില്ല. ആത്മാവിനെ ശുദ്ധീകരിക്കുന്ന പ്രക്രിയ ആരംഭിക്കുന്നത് മുതൽ സ്വർഗപ്രവേശനത്തിന് സന്നദ്ധമാകുന്നത് വരെയുള്ള കാലമായിരിക്കും അത്. നരകം ഒരു ചികിത്സാ പ്രക്രിയയോ താൽക്കാലികമോ അല്ലെന്ന് ചിത്രീകരിക്കുന്ന മറ്റു മതങ്ങളിൽ നിന്നും വ്യത്യസ്തമായ ഒരു വീക്ഷണമാണിത്.

മരണത്തിനും വിധിന്യായദിവസത്തിനും ഇടയിൽ എന്ത് സംഭവിക്കുന്നു എന്ന ഒരു ചെറിയ കാര്യവും ഉണ്ട്. അതിന് ശേഷം ആത്മാവ് സ്വർഗത്തിലോ നരകത്തിലോ പ്രവേശിക്കുന്നു.

ഇസ്‌ലാമിക തത്വശാസ്ത്രമനുസരിച്ച് ആത്മാവ് ശരീരത്തിൽ നിന്ന് വേർപെട്ട് അടുത്ത ഘട്ടത്തിൽ പ്രവേശിക്കുന്നു. പക്ഷേ ഇത് പെട്ടെന്ന് സംഭവിക്കുന്നില്ല. ഭൗതികലോകവുമായി വളരെയധികം ഒട്ടിച്ചേർന്ന ഒരു വ്യക്തിയുടെ കാര്യത്തിൽ ചിലപ്പോൾ അനേകം ദിവസങ്ങൾ കഴിയേണ്ടി വരും. എന്നാൽ തന്റെ സ്രഷ്ടാവിനു വേണ്ടി എല്ലാം ത്യാഗം ചെയ്ത ഒരു ആത്മീയ മനുഷ്യന്റെ കാര്യത്തിൽ ആത്മാവ് ശരീരത്തെ കൈവെടിയുന്നത് താരതമ്യേന വേഗത്തിലായിരിക്കും. എന്നാലും അത് പെട്ടെന്നുണ്ടാവില്ല. (ഒരു പ്രവാചകന്റെ കാര്യത്തിൽ ഇത് തന്നെയാണ് സംഭവിക്കുക)

വിധിന്യായ ദിവസം ഒരു മനുഷ്യന് തന്റെ ഭൗതികജീവിതത്തിലെ പ്രവൃത്തികൾ ഗോപ്യമാക്കി വെക്കാൻ സാദ്ധ്യമല്ല. എന്തെന്നാൽ അയാളുടെ പ്രവൃത്തികളെക്കുറിച്ച് ശരീരം തന്നെ സാക്ഷ്യം വഹിക്കുന്നു.

താഴെക്കൊടുത്ത ഖുർആൻ സൂക്തങ്ങൾ ഇക്കാര്യം വിവരിക്കുന്നു.

"അല്ലാഹുവിന്റെ ശത്രുക്കളെ ഒരുമിച്ചു കൂട്ടി നരകത്തിലേക്ക് നയിക്കുകയും അങ്ങനെ അവരെ വിവിധ വിഭാഗങ്ങളായി തിരിച്ച് കൊണ്ടുപോകുകയും ചെയ്യുന്ന നാളിൽ. അങ്ങനെ അവർ അതിന്റെ സമീപത്ത് എത്തിക്കഴിഞ്ഞാൽ അവരുടെ കാതുകളും കണ്ണുകളും അവരുടെ ചർമങ്ങളും അവർ പ്രവർത്തിച്ചുകൊണ്ടിരുന്ന ചെയ്തികളെ സംബന്ധിച്ച് അവർക്കെതിരിൽ സാക്ഷി പറയുന്നതാണ്. അവർ തങ്ങളുടെ ചർമങ്ങളോട് ചോദിക്കും.

വായ്മൊഴിയായുള്ള പാരമ്പര്യ അദ്ധ്യാപനങ്ങളിൽ താരതമ്യേന കലർപ്പുകൾ ചേർന്നിട്ടുണ്ടാകുമെന്ന് സുനിശ്ചിതമാണ്. എങ്കിലും ആ വിവരണങ്ങളിൽ അദ്ധ്യാപനങ്ങളുടെയും കഥകളുടെയും അന്തസ്സത്ത ഉണ്ട്. യഥാർത്ഥമായ അദ്ധ്യാപനം എന്തായിരിക്കണം എന്നതിന്റെ സൂചനയും അതിൽ കാണാം. അങ്ങനെയുള്ള വിവരണങ്ങൾ കൂടുതൽ പഠന വിധേയമാക്കിയാൽ അതുല്യമായ പൊതു സന്ദേശം അവ ഉൾക്കൊള്ളുന്നതായിക്കാണാം.

### ആത്മാവിന്റെ യാത്ര

ആത്മാവിനെ മനസ്സിലാക്കുകയെന്നതാണ് പ്രഥമപ്രശ്നം. മനുഷ്യൻ തന്റെ ദൈനംദിന ജീവിതത്തിൽ കാര്യങ്ങൾ അറിയാൻ പഞ്ചേന്ദ്രിയങ്ങളും ശാരീരികമായ പ്രവർത്തനങ്ങളും ഉപയോഗപ്പെടുത്തുന്നു. എന്തെന്നാൽ അവ വളരെ എളുപ്പത്തിൽ ഗ്രാഹ്യമാണ്. ശരീരത്തിന് സമാന്തരമായി നിലകൊള്ളുന്ന ആത്മാവിനെക്കുറിച്ചുള്ള സൈദ്ധാന്തിക ധാരണ പുരാതനസംസ്കാരങ്ങളിൽ വളരെ കുറഞ്ഞ നിലയിലാണ്, പ്രത്യേകിച്ചും മതപരമായ ധാരണകൾ വേണ്ടത്ര പക്വമാവാത്ത പുരാതനമതങ്ങളിൽ. എങ്കിലും മരണാനന്തരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പൊതുവായ ശരീരത്തെ സംബന്ധിച്ചല്ല ആത്മാവിനെക്കുറിച്ചാണ് ചർച്ച. ആത്മാവ് വിദൂരമായ സ്ഥലത്തേക്ക് ആവാഹിക്കപ്പെടുന്നു, നശ്വരതയുടെ കൈയ്യെത്താത്തിടത്തേക്ക്.

ജർമൻ നാടോടിക്കഥകളിൽ ഒരു നിഴൽ അഥവാ 'ഡോപ്പൽ ഗാൻഗർ' (doppel ganger) ഉണ്ട്. അതിന് ശരീരത്തിൽ നിന്ന് വിദൂരമായി പ്രത്യക്ഷപ്പെടാൻ കഴിയുന്നു. ആഫ്രിക്കക്കാരുടെ വിശ്വാസപ്രകാരം ആത്മാവിനെ അഥവാ നിഴലിനെ ആക്രമിക്കാൻ സാധിക്കും. ഇതിന്റെ ഫലമായി ശരിക്കും ശരീരത്തിന് തന്നെ ക്ഷതം വരുത്താൻ സാധ്യമാകും. കുപ്രസിദ്ധമായ അടിമക്കച്ചവടത്തിലൂടെ ഈ ആശയം ശോധിക്കാം.

### പുരാണം

പുരാണങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ ഇപ്പോഴും വേർതിരിച്ചെടുക്കാൻ കഴിയാത്ത നിരവധി വസ്തുതകൾ അതിനെ ആവരണം ചെയ്തതായി കാണാം. പലപ്പോഴും അത്തരം പാരമ്പര്യവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നതും അവ ഭാവി തലമുറയിലേക്ക് കൈമാറുന്നതും ലിഖിതരൂപത്തിലല്ല, വായ്മൊഴി മുഖേനയാണ്. ഇന്ത്യയിൽ ഹിന്ദുവേദങ്ങൾ പോലെ ചിലപ്പോൾ അവ ലിഖിതരൂപത്തിൽ നിലനിൽക്കുന്നു.

ലോകത്തെങ്ങുമുള്ള സംസ്കാരങ്ങളിൽ നിന്നും ഗോത്രങ്ങളിൽ നിന്നും വിവരങ്ങൾ രേഖപ്പെടുത്താൻ വളരെയധികം ഗവേഷണങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. പൊതുവായ ധാരണയിലെത്താൻ ഈ വിവരങ്ങൾ താരതമ്യപഠനത്തിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. മതതാരതമ്യപഠനങ്ങൾക്ക് പുതിയ മാനങ്ങൾ കണ്ടെത്താൻ ജോസഫ് കാമ്പൽ, മിർസിയ ഇല്ല്യാസ് എന്നീ പണ്ഡിതന്മാർ നടത്തിയ ശ്രമങ്ങൾ സൽഫലമുളവാക്കിയിട്ടുണ്ട്. മരണാന്തര ജീവിതത്തെക്കുറിച്ചുള്ള പൗരാണിക വിവരണങ്ങളുടെ ഈ പഠന സംഗ്രഹം എല്ലാം ഉൾക്കൊള്ളുവാൻ ഉദ്ദേശിക്കപ്പെട്ടതല്ല.

ഈ വിഷയകമായി പൗരാണികമായ എല്ലാ വിവരങ്ങളും അത് ഉൾക്കൊള്ളണമെന്നില്ല. ഒരു മത ചർച്ചയിൽ അതെല്ലാം പുരാണകഥകൾ എന്ന് പറഞ്ഞ് തള്ളിക്കളയപ്പെട്ടില്ല. അത് പൗരാണിക മതങ്ങളെ സംബന്ധിച്ച് വളരെ വിലപ്പെട്ട വിവരങ്ങൾ നൽകുന്നുണ്ട്.

വ്യത്യസ്തമായ വിവരണങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു പ്രധാനകാര്യം അവ ബി. സി. 3000 മുതൽ ആധുനിക കാലം വരെ വിശാലമായ ഒരു കാലം ഉൾ ക്കൊള്ളുന്നുവെന്നതാണ്. കാലപ്പഴക്കം കൊണ്ട് ബൈബിൾ പോലെയുള്ള ഗ്രന്ഥങ്ങളിൽ കൃത്യതയില്ലായ്മ വന്നെങ്കിൽ 'നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരിൽ സാക്ഷി പറയുന്നത്.?" ആ ചർമങ്ങൾ പറയും "സർവ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെയും സംസാരിപ്പിക്കുന്നു. അവനാണ് ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത്. അവനിലേക്ക് തന്നെ നിങ്ങൾ തിരിച്ചു കൊണ്ടുപോകപ്പെടുന്നതുമാണ്. (നിങ്ങൾ പാപം ചെയ്യുമ്പോൾ) നിങ്ങളുടെ കാതുകളോ കണ്ണുകളോ ചർമങ്ങളോ നിങ്ങൾക്കെതിരിൽ സാക്ഷി പറയാതിരിക്കാൻ നിങ്ങൾ (അവയിൽ നിന്ന്) സ്വയം മറഞ്ഞു നിൽക്കുന്നവരായിരുന്നില്ല, പക്ഷേ നിങ്ങൾ പ്രവർത്തിക്കുന്നതിൽ പലതും അല്ലാഹു അറിയുന്നില്ലെന്ന് നിങ്ങൾ ധരിച്ചു (സൂറ ഹാമീം സജദ 20-23)

ന്യായപൂർണമായ വിചാരണക്ക് ശേഷം ആത്മാവിന്റെ അവസ്ഥയുടെയും ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ വിധി കൽപ്പിക്കപ്പെടുന്നു എന്ന് വളരെ വ്യക്തമായി കാണാൻ സാധിക്കുന്നു.

അതിനാൽ മനുഷ്യന്റെ മരണശേഷമുള്ള അവസ്ഥയെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ് ഇതാണ്. ഈ സംഭവങ്ങൾ ജീവിക്കുന്ന മനുഷ്യന് ഫലപ്രദമായ അതിർത്തികൾ നിർണയിക്കപ്പെടാത്തതാണെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് മുന്നറിവു കൊണ്ടോ അനുഭവം കൊണ്ടോ അത്തരം ഒരു പദ്ധതി അനുഭവഗോചരമാണ് എന്നത് ജീവിക്കുന്ന മനുഷ്യനെ സംബന്ധിച്ചിടത്തോളം വിഷമകരമാണ്. ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്ത സമയങ്ങളിൽ പരസ്പരം ബന്ധപ്പെട്ടു കഴിയാത്ത വ്യക്തികൾക്ക് ഇത്തരമൊരു പദ്ധതി സ്വതന്ത്രമായി കെട്ടിച്ചമക്കാൻ കഴിയുകയെന്നത് അതിനേക്കാളേറെ അസാദ്ധ്യമാണ്. ലോകത്തെങ്ങുമുള്ള പൗരാണികമായ വിവരങ്ങൾ നമുക്ക് മുമ്പിൽ വെക്കുന്ന മരണാനന്തരാവസ്ഥയെ സംബന്ധിച്ച് പരി

അമേരിക്കയിലെത്തി. അവിടെ 'വൂദൂ' (Vodoo) സമ്പ്രദായം നിലവിൽ വന്നു. അതിൽ വ്യക്തിയുടെ ഒരു കോലമുണ്ടാക്കി അതിനെ സൂചി കൊണ്ടും മറ്റായുധങ്ങൾ കൊണ്ടും ആക്രമിക്കുന്നു. അത് മുഖേന യാഥാർഥവ്യക്തിക്ക് മരണം അല്ലെങ്കിൽ ഗുരുതരമായ പരിക്ക് ഉണ്ടാക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു.

മറ്റു ചില സംസ്കാരങ്ങളിൽ ആത്മാവ് മനുഷ്യന്റെ തലയിൽ സ്ഥിതി ചെയ്യുന്നു. ഒരാളുടെ തല യെടുക്കുന്നത് വഴി അയാളുടെ ആത്മാവിന്റെ അനന്തരാവകാശം കിട്ടുന്നു എന്നാണ് വിശ്വാസം. അതുകൊണ്ടാണ് പോളിനേഷ്യയിലും ആഫ്രിക്കയിലെ ചില സ്ഥലങ്ങളിലും തല വെട്ടുന്ന സമ്പ്രദായം വന്നത്.

എന്നിരിക്കിലും പല ആചാരങ്ങളിലും പൊതുവായ ഒരു ധാരണയുണ്ട്. അതായത് ആത്മാവ് ജീവിതകാലത്ത് ശരീരത്തോടൊപ്പം വസിക്കുന്നത് കൊണ്ടു തന്നെ ആത്മാവ് ഭൂതകാല സ്വഭാവത്തിന്റെ രേഖയുമായി പരലോകത്തെത്തുന്നു.

ആഫ്രിക്കയിലെ ചില വിശ്വാസ പ്രകാരം കുറേക്കാലത്തിനുശേഷം ആത്മാവ് അധോലോകത്ത് നിന്ന് മടങ്ങിവരുന്നു. പുനർജനിക്കാൻ, ആത്മാവ് അതിന്റെ അടുത്ത ഘട്ടത്തിലെത്തുന്നതിന് കുറച്ച് കാലതാമസമുണ്ട് എന്നത് രസാവഹമാണ്. അത് ഇസ്‌ലാമിൽ വിവരിക്കപ്പെട്ടപോലെ തന്നെയാണ്.

## വിധിന്യായ ദിനം

വിധിന്യായദിനത്തെക്കുറിച്ചുള്ള വിശ്വാസം ഈജിപ്ഷ്യൻ പുരാണങ്ങളിൽ പൊതുവാണ്. അധോലോക ദൈവമായ ഒസിറിസന്റെ സിംഹാസനമുറിയിലേക്ക് ആത്മാവ് എടുക്കപ്പെടുന്നു. അവിടെ നാല്പത്തിരണ്ട് ജഡ്ജിമാർ അവയെ പരിശോധിക്കുന്നു. പാപികളെ ഒരു ഭീകരജന്തു ഭക്ഷിക്കുന്നു. സജ്ജനങ്ങൾ ദൈവവുമായി കൂടിച്ചേർന്ന് ആശയക്കുഴപ്പത്തിന്റെ പാമ്പായ അപാപി (Apap) നെതിരെയുള്ള നിരന്തര സമരത്തിൽ പങ്കെടുക്കുന്നു. പുരാതന ഈജിപ്തുകാരുടെ ദൈനംദിന ജീവിതത്തിൽ ഈ വിധിന്യായ ദിവസത്തിനും അതിനു ശേഷം മരണാനന്തര ജീവിതത്തിനുമുള്ള പങ്കിന്റെ സ്വാധീനം രസാവഹമാണ്. സത്യത്തിന്റ പ്രതീകമായ മാതിന്റെ തുവലുമായി ഓരോ വ്യക്തിയുടെയും ആത്മാവ് തൂക്കിനോക്കപ്പെടുന്നു. ഈ തൂക്കത്തിന്റെ താരതമ്യത്തിന്റെ അടിസ്ഥാനത്തിലാണ് വിധി നിർണയിക്കപ്പെടുന്നത്. വിശുദ്ധഖുർആനിൽ വിശദമായി വിവരിക്കപ്പെട്ട ആത്മാവിന്റെ നന്മ തിന്മകളെ പരിശോധിക്കുന്ന വിവരണവുമായി ഇതിന് വ്യക്തമായ സാമ്യതയുണ്ട്. സാത്വികരായി ജീവിക്കാനുള്ള പ്രേരണ ഈ വിചാരണയെക്കുറിച്ചുള്ള ഭയം ഈജിപ്തുകാരിലുണ്ടാക്കുന്നു. ഏകദേശം 3600 ബി സിയിൽ മെൻകൗറ (Men Kau Ra) ഭരണകാലത്തു തന്നെ വിധിന്യായത്തെപ്പറ്റി വിശദമായി വിവരിക്കപ്പെടുകയും ചർച്ച ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അമൻ ടെറ്റിന്റെ നാഥനായ (The Lord of Amentet) മഹാനായ ദൈവത്തിന്റെ വിധി ന്യായദിവസത്തെ അതിജീവിക്കുവാൻ പരേതാത്മാക്കളെ സഹായിക്കാൻ ഉപയോഗിച്ചിരുന്ന ലിഖിതങ്ങൾ ഇരുമ്പ് ഫലകങ്ങളിൽ രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. ഒരു സാമുദായികമായ പ്രവൃത്തി എന്നതിലുപരി വിധിന്യായം നടത്തിയിരുന്നത് ഓരോ വ്യക്തിക്കും വേണ്ടിയായിരുന്നു.

സ്വഭാവത്തിന്റെ വ്യത്യസ്ത വശങ്ങളിൽ തീരുമാനം കല്പിക്കുന്ന നാല്പത്തിരണ്ടു കീഴ് ദൈവങ്ങൾക്ക് മുമ്പിൽ പരേതർ കുറ്റസമ്മതം നടത്തേണ്ടിയിരുന്നു. വിധിയുടെ ഭാഗമായി വ്യത്യസ്ത പാപങ്ങളൊന്നും താൻ ചെയ്തിട്ടില്ലെന്ന് പരേതൻ പ്രഖ്യാപിക്കണമായിരുന്നു. ഈ ലിഖിതത്തിന്റെ ഭാഗം പാപിറസ് വിവരിക്കുന്നതിന്റെ ഒരു ചുരുക്കമിതാ.

ഖരേരെഫിൽ നിന്ന് വരുന്ന ഹയ്ൽ ആം ഖയിഖിത്തു, ഞാൻ മോഷണം നടത്തിയിട്ടില്ല.

സുതൻ ഹെനനിൽ നിന്ന് വരുന്ന ഹെയ്ൽ സെത് ഖെസ്, ഞാൻ വ്യാജം ഉച്ചരിച്ചിട്ടില്ല.

രണ്ടു മാതിയുടെ നഗരത്തിൽ നിന്ന് വരുന്ന ഹെയ്ൽ നെബ് മാത്, ഞാൻ കുഴപ്പമുണ്ടാക്കാനുള്ള കാര്യങ്ങളിലൊന്നും ഏർപ്പെട്ടിട്ടില്ല.

അപ്രകാരം പുരാതന ഈജിപ് തുകാരൻ സമ്മതിക്കേണ്ടിയിരുന്നു, താൻ മോഷണം, കൊല, വ്യഭിചാരം, സ്വവർഗരതി, എന്നിവ നടത്തിയിട്ടില്ലെന്ന്. താൻ അഹംഭാവിയോ, അത്യാർത്തിയുള്ളവനോ, അക്രമാസക്തനോ, ധൃതിപിടിപ്പെട്ടവനോ, കാപട്യക്കാരനോ, എന്തിന് പൊതു ജലപാതയിൽ വിഘ്നം വരുത്തിയില്ലെന്ന് പോലും സമ്മതിക്കേണ്ടിയിരുന്നു. അത്തരം വിശദമായ പാപങ്ങളുടെ വിവരണം പുരാതന ഈജിപ്തുകാർ മനസ്സിലാക്കിയിരുന്നു. പരേതൻ തന്റെ ഹൃദയത്തെ 'കാ' യുമായി അതായത് ഇരട്ടയുമായി ബന്ധിച്ചിരുന്നു. ശരീരത്തിലെ പ്രധാന അവയവങ്ങളെ ഭരിക്കുന്ന മെസ്ത, ഹാഖി, തുആമുട്ടെഫ്, ഖെബ്സെനുഫ് തുടങ്ങിയ വരെ അഭിസംബോധന ചെയ്തിരുന്നു. ഇത് മനസ്സിലാക്കിത്തരുന്നത് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് കണക്കു ബോധിപ്പിക്കാൻ ശരീരങ്ങൾ വിളിക്കപ്പെടുന്നുവെന്ന് ഈജ്പിതുകാർ വിശ്വസിച്ചിരുന്നുവെന്നാണ്.

## പരലോകത്തിന്റെ സ്ഥാനം

സ്വർഗത്തിന്റെ അല്ലെങ്കിൽ നരകത്തിന്റെ സ്ഥാനം വളരെ വിദൂരമാണ്. ഭൂമിയിലെ ജനങ്ങൾക്ക് അപ്രാപ്യമാണ്. അല്ലായിരുന്നുവെങ്കിൽ ജീവിതകാലത്തു തന്നെ ഈ സ്ഥലത്തെത്താൻ അവർ പരിശ്രമിക്കുമായിരുന്നു. സ്വർഗം ആകാശങ്ങളും അതിന്റെ ചുറ്റുമുള്ളതും മനുഷ്യർക്ക് അപ്രാപ്യവും ദൈവം

അഥവാ ദൈവങ്ങൾ വസിക്കുന്നിടവുമാണ്.

ജപ്പാനിലെ പുരാണങ്ങളിൽ പരലോകമായ അമർ (Amer) സ്ഥിതി ചെയ്യുന്നത് ഭൂമിക്ക് മീതെയാണ്. ക്ഷീരപഥമാണ് അതിനു ജലസേചനം ചെയ്യുന്നത്. മറ്റു സംസ്ക്കാരങ്ങൾ പരേതാത്മാക്കൾ, ഭൂമിയിലെ വിദൂരസ്ഥലങ്ങളിൽ വസിക്കുന്നു എന്നാണ് പറയുന്നത്. ഉദാഹരണമായെടുത്താൽ സ്ലാവ ജനതയുടെ പരമ്പരാഗത വിശ്വാസ പ്രകാരം സൂര്യോദയത്തിന്റെ കിഴക്ക് പരേതർക്ക് അനുഗ്രഹപൂർണമായ ഒരു ഭൂമിയുണ്ട്. എന്നാൽ സെൽറ്റിക്ക് പുരാണങ്ങൾ പരലോകം പശ്ചിമദേശത്തുള്ള ദ്വീപുകളിലാണെന്നാണ് സങ്കല്പിക്കുന്നത്. അതിലേക്കുള്ള പ്രവേശം ഗുഹകളിൽ കൂടിയാണ്. ഈജിപ്തുകാരുടെ വിശ്വാസപ്രകാരം സ്വർഗം ഭൂമിക്കടിയിലാണ്. അപ്രകാരം മെലനേഷ്യൻ പുരാണങ്ങളിലും പാതാളത്തിൽ ആത്മാക്കളുടെ ഒരു ലോകമുണ്ട്. അത് നമ്മുടെ ഇഹലോകത്തെ പ്രതിബിംബിപ്പിക്കുന്നു.

### പുനർജന്മം

എന്തുകൊണ്ടാണ് കിഴക്കൻ സംസ്ക്കാരങ്ങളിൽ പുനർജന്മ സിദ്ധാന്തം വന്നത്? അതെങ്ങനെ ക്രമികമായ ഒരു പദ്ധതിയുമായി യോജിച്ചു പോവുന്നതെന്ന് നോക്കാം. ആഫ്രിക്കക്കാരുടെ വിശ്വാസമനുസരിച്ച് ഏതൊരു ഗോത്രത്തിലാണോ ആത്മാവ് ആദ്യം ഉണ്ടായിരുന്നത് അവിടെത്തന്നെ അത് പുനർജനിക്കുന്നു.

എന്നാൽ ഈ സിദ്ധാന്തത്തിന്റെ സ്വാധീനം ഏറ്റവും അധികം കാണപ്പെടുന്നത് വിദൂര പൗരസ്ത്യദേശങ്ങളിൽ ഹിന്ദുമതത്തിലും ബുദ്ധമതത്തിലുമാണ്. ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനം ഒരാളുടെ ജീവിതത്തിലുള്ള സ്വഭാവത്തെക്കുറിച്ചുള്ള വിധിന്യായത്തിലാണ്. നല്ലവർ പുനർജനിക്കുന്നത് സാമൂഹ്യമായി ഔന്നത്യമുള്ള വിഭാഗങ്ങളിലും ജാതികളിലുമാണ്. ദുർജനങ്ങൾ താഴ്ന്ന പദവിയുള്ളവരിലേക്ക് മടങ്ങിവരുന്നു. മൃഗങ്ങളായിപ്പോലും അവർ വന്നേക്കാം. അപ്രകാരം നന്മ ചെയ്യുന്ന മൃഗങ്ങൾ മനുഷ്യരായി മടങ്ങിവന്നേക്കാം. എന്നിരിക്കിലും ഈ സിദ്ധാന്തം സ്വയം തന്നെ ചിലപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

ഈ സിദ്ധാന്ത പ്രകാരം പ്രകൃതിയിലെ മനുഷ്യന്റെയും മൃഗത്തിന്റെയും സന്തുലനവ്യവസ്ഥ എളുപ്പത്തിൽ വിശദീകരിക്കുന്നില്ല. മൃഗങ്ങളും മനുഷ്യരുമായി വേർപിരിഞ്ഞു നിൽക്കുന്ന ഈ ജിവി രൂപങ്ങൾ ഈ സിദ്ധാന്ത പ്രകാരം അവരുടെ സ്വഭാവത്തെ ആശ്രയിച്ചുള്ളതാണ്. ഇവിടെ മനുഷ്യരുടെയും മൃഗങ്ങളുടെയും എണ്ണത്തിൽ വമ്പിച്ച തോതിലുള്ള ഏറ്റക്കുറച്ചിലുകളുണ്ടാക്കുന്നു. ഇതിന് യാതൊരു യുക്തിപരമായ വിശദീകരണങ്ങളും ഈ സിദ്ധാന്തം നൽകുന്നില്ല. എന്നാൽ ഇപ്പോൾ ഇവ തമ്മിൽ നല്ല നിലയിലുള്ള സന്തുലിതാവസ്ഥയുണ്ട്. അതാവട്ടെ പരിസ്ഥിതിപരമായ പരിവൃത്തിയുടെ ഭാഗമാണ്. അന്തിമമായി പുനർജന്മം മുഖേന എല്ലാ ജന്തുക്കളും സാത്വികരായിത്തീരുകയാണെങ്കിൽ മനുഷ്യരല്ലാത്ത മറ്റൊരു ജീവിയും ഭൂമുഖത്തുണ്ടാവില്ല. അവയെല്ലാം മനുഷ്യരുടെ പദവിയിൽ എത്തുന്നതാണ്.

'ഭൂമിയിലെ സ്വർഗം' എന്ന് ഒരു പദ പ്രയോഗമുണ്ട്. അത് അക്ഷരാർഥത്തിൽ എടുത്താൽ ഈ സിദ്ധാന്തങ്ങൾ നമ്മുടെ മുമ്പിലവതരിപ്പിക്കുന്ന അവസ്ഥയെ അങ്ങനെ വിവരിക്കാവുന്നതാണ്. വളരെ വ്യക്തമായ നിലയിൽ ഈ സിദ്ധാന്തം വിധിന്യായദിവസത്തെ അല്ലെങ്കിൽ സമാനമായ മറ്റൊന്നിനെ ആശ്രയിക്കുന്നു. എന്തെന്നാൽ മനുഷ്യന്റെ ആദ്യത്തിലുള്ള സ്വഭാവത്തിന്റെ അടിസ്ഥാനത്തിലുള്ള വിധിന്യായത്തിന്റെ ഫലമായി അവൻ പുതിയൊരു ജീവിത ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഇസ്‌ലാമിക ചിന്താഗതിയുമായി ഇത് ഒത്തുപോകുന്നു. എന്നാലും ഇസ്‌ലാമികമായ വീക്ഷണത്തിൽ ആത്മാവിന്റെ സ്വർഗനരകങ്ങൾ വ്യത്യസ്തമായൊരു സ്ഥലമാണ്. എന്നാൽ പുനർജന്മത്തിൽ രണ്ടാമത്തെ ഘട്ടവും ഭൂമിയിൽ തന്നെയാണ്. ഇവിടെയാണ് കുഴപ്പം. എന്നിരിക്കിലും ഇസ്‌ലാമിലെ നരകത്തിന്റെ വിവക്ഷ ആത്മാവിന്റെ ശുദ്ധീകരണത്തിന്റെ ഘട്ടങ്ങളും പരിശുദ്ധിയിലേക്കും അതു വഴി സ്വർഗത്തിലേക്കുള്ള പ്രയാണവുമാണെങ്കിൽ പുനർ ജന്മത്തിൽ നിർവാണം അഥവാ സമാധാനത്തിലേക്കുള്ള യാത്രയുടെ വികാസഘട്ടങ്ങൾ ഉൾക്കൊള്ളുന്നു. അതിനാൽ മരണാനന്തര ജീവിതത്തിന്റെ വിവക്ഷയിലേക്കുള്ള ഒരു വ്യത്യസ്ത സമീപനമാണ് ഈ പുതിയ സിദ്ധാന്തത്തിന് രൂപം കൊടുത്തിരിക്കുന്നത്.

### സ്വർഗനരകങ്ങളുടെ പ്രകൃതി

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് സ്വർഗ നരകങ്ങൾ തമ്മിലുള്ള വ്യത്യാസം ഒരു മനോഭാവമാണെന്ന കഥയാണ് പറയപ്പെട്ടിരുന്നത്. ഈ കഥയിൽ പറയപ്പെട്ടിരുന്നത് ഒരു തീൻമേശക്ക് ചുറ്റും ഭക്ഷണം കഴിക്കാൻ ഇരുന്നിരുന്ന ആളുകളെ സംബന്ധിച്ചായിരുന്നു. അവരുടെ കയ്യിൽ ഏഴടി നീളമുള്ള തവി ഉണ്ടായിരുന്നു.

നരകത്തിലുള്ളവർ ഈ വിചിത്രമായ പാത്രങ്ങളിൽ നിന്ന് സ്വയം ഭക്ഷണം കഴിക്കാനുള്ള നിഷ്ഫലമായ ശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ സ്വർഗത്തിലുള്ളവർ അതേ ഉപകരണങ്ങൾ തന്നെയാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ അവർ ആ തവി കൊണ്ട് ഏഴടി ദൂരെ ഇരുന്നിരുന്നവരെ തീറ്റിയിരുന്നു! ഈ കഥ ശിശു സഹജമായ ഒന്നാണെന്ന് തോന്നിയേക്കാം. എന്നാൽ അതിലടങ്ങിയ സിദ്ധാന്തം വളരെ രസാവഹമാണ്. നരകത്തിലുള്ളവർ പട്ടിണി കിടന്നപ്പോൾ സ്വർഗവാസികൾ അവരുടെ നിസ്വാർഥമായ മനോഭാവം കാരണം മറ്റുള്ളവരെ

തീറ്റുകയും അതിനിടക്ക് തങ്ങൾക്ക് ഭക്ഷണമുണ്ടാക്കുകയും ചെയ്തു.

മരണാനന്തര ജീവിതത്തെപ്പറ്റി അന്യസംസ്ക്കാരങ്ങളിൽ നിന്നും വിശ്വാസങ്ങൾ സ്വീകരിച്ച ആതിഥേയ സംസ്ക്കാരങ്ങളിൽ അവരുടെ പ്രത്യേകതകളെ ആശ്രയിച്ച് വിവരണങ്ങളിൽ വ്യത്യാസമുണ്ടാവാം. എന്നിരിക്കിലും നരകത്തിന്റെ വിവരണം വളരെ ചീത്തയായിട്ടുള്ളതാണ്. അതിൽ പലപ്പോഴും അഗ്നിയുടെ അടിസ്ഥാനത്തിലുള്ള ചിത്രകൽപ്പനയുണ്ടാവും. സെൽറ്റിക് പുരാണത്തിൽ ഗുഹകളുടെ നീണ്ട സംവിധാനം ഒരു മാന്ത്രികവലയത്തിൽ കുഴച്ചതായിരിക്കും. ഈ സംസ്ക്കാരങ്ങളിൽ നരകത്തെക്കുറിച്ചുള്ള വിവരണമുണ്ടാകുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചില്ലെങ്കിൽ അവരുടെ വിധി വളരെ മോശമായിരിക്കും എന്നതിനാൽ അവരെ ഈ വിവരണം തിന്മയിൽ നിന്നകറ്റി നിർത്തുന്നു. തങ്ങളുടെ ഈ ജീവിതത്തിലുള്ള പ്രവൃത്തികൾ കാണപ്പെടാതെ പോകില്ലെന്നും തങ്ങൾ ചെയ്ത പ്രവൃത്തികൾക്ക് കണക്കുകൾ ബോധിപ്പിക്കണമെന്നുമുള്ള വിചാരം ദൈവ വിശ്വാസവും പരലോക വിശ്വാസവും ജനങ്ങളിലുണ്ടാക്കുന്നു. തങ്ങളുടെ പ്രവൃത്തികൾ മറ്റുള്ളവർ കാണാതെ ഇരുട്ടറയിൽ വെച്ച് ചെയ്താലും കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നവർ വിശ്വസിക്കുന്നു. മുൻ വിവരിച്ച ഖുർആൻ സൂക്തത്തിൽ പ്രസ്താവിക്കുന്നു: "പാപം ചെയ്യുമ്പോൾ നിങ്ങൾ ഭയപ്പെടുന്നില്ല, നിങ്ങളുടെ കണ്ണുകളും കാതുകളും ചർമങ്ങളും നിങ്ങൾക്കെതിരിൽ സാക്ഷി പറയുമെന്ന്. നിങ്ങൾ ചെയ്യുന്നതിലധികവും അല്ലാഹു പോലും അറിയുന്നില്ല എന്ന് നിങ്ങൾ ധരിച്ചുകളഞ്ഞു. മരണശേഷം തങ്ങളെ കാത്തിരിക്കുന്ന ദൈവിക വിധികളിൽ നിന്ന് തങ്ങളുടെ പ്രവൃത്തികളെ മറച്ചുവെക്കാൻ ആർക്കും സാധ്യമല്ല എന്ന ഒരു താക്കീതാണിത്."

## പൊതുവായ ആശയങ്ങൾ

ഈ വിവരണങ്ങളിൽ മുഴുവൻ പൊതുവായ ചില ആശയങ്ങളുണ്ട്. പരലോക ജീവിതാവസ്ഥക്ക് നിദാനം ഐഹിക ജീവിതത്തിലെ പ്രവൃത്തികളാണ്. സന്ദർഭവശാൽ ഇതിന്റെ ഫലമായി പറയപ്പെട്ടിരിക്കുന്നത് ഈ ലോകത്തിലേക്കുള്ള വ്യത്യസ്ത രൂപത്തിലുള്ള മടക്കമാണ്. ഇത് മരണാനന്തര ജീവിതത്തിന്റെ സ്ഥലത്തെക്കുറിച്ചുള്ള വെറുമൊരു ആശയക്കുഴപ്പമാണ്. അല്ലാതെ അതിന്റെ പ്രകൃതിയെക്കുറിച്ചല്ല. സൽസ്വഭാവിയായ ഒരു മനുഷ്യന് മരണാനന്തരം പ്രതിഫലം നൽകപ്പെടുന്നു. എന്നാൽ പാപിയായ ഒരാൾ ശിക്ഷിക്കപ്പെടുന്നു. ഈ സംസ്കാരങ്ങളെല്ലാം പറയുന്നത് വിധിന്യായം ഐഹിക ജീവിതത്തിലെ സ്വഭാവത്തെ ആധാരമാക്കിയാണെന്നതാണ്.

മരണാനന്തര ജീവിതത്തിന്റെ രംഗം ഈ ജീവിതത്തിൽ കയ്യെത്താത്തത്ര വിദൂരത്താണ്. മനുഷ്യൻ കാണാത്ത കാര്യങ്ങളെക്കുറിച്ച് വിവരിച്ച് പൊതുജനത്തെ ആശയക്കുഴപ്പത്തിലാക്കാനാണിതെന്ന് ഒരു ദോഷൈകദൃക്ക് വാദിച്ചേക്കാം. എന്നിരിക്കിലും നാം മനസ്സിലാക്കേണ്ടത് ഐഹിക ജീവിതം ശരീരവും ആത്മാവും ചേർന്നതാണെങ്കിൽ പരലോക ജീവിതത്തിൽ ആത്മാവ് ആണെന്നാണ്. ഈ ജീവിതത്തിൽ തന്നെ നമുക്ക് അനുഭവവേദ്യമായ മറ്റു രംഗങ്ങളുണ്ട്. അത് നമുക്ക് ജീവിതത്തിന്റെ ആത്മീയ വശം കാണിച്ചുതരുന്നു. അതീന്ദ്രിയജ്ഞാനങ്ങളും സ്വപ്നങ്ങളും അവയിൽപ്പെടുന്നു. ആത്മീയമായ ഈ പ്രതിഭാസങ്ങളുടെ യുക്തി കണ്ടെത്താൻ ശാസ്ത്രം പരിശ്രമിക്കുന്നു. ഇക്കാര്യത്തിൽ സംസ്ക്കാരങ്ങൾ എത്രത്തോളം യോജിക്കുന്നുവെന്നത് അത്ഭുതമുളവാക്കുന്നതാണ്.

ഇങ്ങനെയൊരു സിദ്ധാന്തം വ്യത്യസ്ത സംസ്കാരങ്ങളിൽ സ്വതന്ത്രമായി വികാസം പ്രാപിച്ചതാണെന്ന് വിചാരിക്കാൻ ന്യായമില്ല. ആ സംസ്കാരങ്ങൾ തമ്മിൽ പരസ്പരം ബന്ധപ്പെടാൻ താരതമ്യേന സമീപകാലത്ത് മാത്രമാണ് സാധ്യമായിട്ടുള്ളത്. ഇവിടെ വിശ്വാസങ്ങളുടെ ഏകമായ ഉത്ഭവ സ്ഥാനത്തെക്കുറിച്ചുള്ള വാദഗതിയെ വിശുദ്ധ ഖുർആൻ അനുകൂലിക്കുന്നു.

ദൈവവുമായി ബന്ധം സ്ഥാപിച്ച ആദ്യപ്രവാചകനായ ആദം നബിയെ സംബന്ധിച്ച് വിശുദ്ധഖുർആൻ പ്രസ് താവിക്കുന്നു.

"ഞാൻ ഭൂമിയിൽ ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നുവെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം ഓർമിക്കുക. അവർ പറഞ്ഞു: അവിടെ കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ നിശ്ചയിക്കാൻ പോകുന്നത്? നാമാകട്ടെ നിന്റെ മഹത്വം കൊണ്ട് നിന്നെ സ്തുതിക്കുകയും നിന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ മറുപടി പറഞ്ഞു: 'നിങ്ങൾക്കറിയാത്തത് എനിക്കറിയാം.' (സൂറ ബഖറ 31-ാം വാക്യം)"

മനുഷ്യകുലത്തിന് ആദ്യമായി നിയമസംഹിത കൊണ്ടുവന്നത് ആദമായിരുന്നു. ആദം ആദ്യത്തെ മനുഷ്യനായിരുന്നില്ല. പുരാണങ്ങളിൽ കാണുന്ന അതേ രീതിയവലംബിച്ചുകൊണ്ട് ആദ്യമായി ജീവിച്ചത് ആദമായിരുന്നുവെന്നും അദ്ദേഹത്തിന് മുമ്പുള്ള മനുഷ്യർക്ക് മാർഗദർശനമായി ദൈവിക നിയമം ഉണ്ടായിരുന്നില്ലെന്നും വാദിക്കാവുന്നതാണ്. ഒരിക്കൽ ഒരു നിയമം മനുഷ്യന്റെ മേൽ ചുമത്തിയാൽ സ്വാഭാവികമായും അവർ അതിനെ ലംഘിച്ച് പാപികളാവുമെന്നും അതിന് മുമ്പ് മനുഷ്യന് മനസ്സാക്ഷിയില്ലാതെയും പാപത്തെക്കുറിച്ചുള്ള ധാരണയില്ലാതെയും പ്രവർത്തിക്കുമായിരുന്നു എന്നത് കൊണ്ടായിരിക്കാം, ഒരു പ്രതിനിധിയെ നിശ്ചയിക്കുന്നതിൽ

**ശേഷം പേജ് 37 ൽ**

# ദൈവീക ജ്ഞാനത്തിന്റെ ഹൃദയബന്ധം

പാപവിമുക്തിയുടെ അതിസൂക്ഷ്മമായ വശങ്ങളിലേക്ക് വെളിച്ചം വീശുന്ന ലേഖനം. വിവ: നജീബ് ഖാൻ

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)

**ദൈവീക** ജ്ഞാനം എന്നതിന്റെ അടിസ്ഥാന യാഥാർഥ്യം വാക്കുകളിൽ വിശദീകരിക്കുവാൻ സാധിക്കുന്ന കാര്യമല്ല. അങ്ങനെയായിരുന്നുവെങ്കിൽ എല്ലാവർക്കും അത് ഓർത്തിരിക്കാനും മനസ്സിലാക്കാനും കഴിയുമായിരുന്നു. എന്നാൽ അങ്ങനെ സാധ്യമല്ല. നബി(സ) യെക്കാളും മനുഷ്യരോട് സ്നേഹവും അനുകമ്പയും പ്രകടിപ്പിക്കാൻ ആർക്കെങ്കിലും സാധ്യമാണോ? നബി(സ)യെ കുറിച്ച് അല്ലാഹു പറയുന്നു. എല്ലാവരും എന്തുകൊണ്ട് വിശ്വാസികളായി ത്തീരുന്നില്ലെന്ന് കരുതി നീ നിന്നെത്തന്നെ നശിപ്പിച്ചുകളയുമോ?

നീ അവർക്കു വേണ്ടി നിന്നെത്തന്നെ നശിപ്പിച്ചു കളയുമോ എന്ന് അല്ലാഹു നബി (സ)യോടു ചോദിക്കത്തക്ക വിധത്തിൽ നബി(സ) ജനങ്ങളുടെ ഗുണകാംക്ഷിയായിരുന്നു. ദൈവീകജ്ഞാനത്തെ വാക്കുകളിൽ വിവരിക്കുവാൻ കഴിയുമായിരുന്നുവെങ്കിൽ നബി (സ) വിവരിക്കുമായിരുന്നു. എന്നാൽ നബി(സ) അങ്ങനെ വിവരിച്ചിട്ടില്ല. ഇതിൽ നിന്നും മനസ്സിലാകുന്നത് ദൈവീകജ്ഞാനം (മഅ്രിഫത്തെ ഇലാഹി) വാക്കുകളിൽ വിവരിക്കുവാൻ കഴിയുന്ന കാര്യമല്ലെന്നാണ്. ഇതിന്റെ ബന്ധം ഹൃദയവുമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഇർഫാനെ ഇലാഹി എന്നാൽ ദൈവത്തെ പ്രാപിക്കുന്നതിനാണ് പറയുന്നതെന്ന് ഞാൻ പറഞ്ഞു. ഇതിന്റെ യഥാർഥ്യം വാക്കുകളിൽ പ്രകടിപ്പിക്കുക സാധ്യമല്ല. അങ്ങനെ കഴിയുമായിരുന്നുവെങ്കിൽ നബി (സ)യും മസീഹ് മൗഊദ് (അ)ഉം എല്ലാവരെയും ജ്ഞാനികൾ ആക്കിത്തീർക്കുമായിരുന്നു. ഞാനും ഇതിന്റെ യാഥാർഥ്യം വിവരിക്കുകയല്ല. അതിന് സാധിക്കുകയുമില്ല. എന്നാൽ ഇത് കരസ്ഥമാക്കാനായി പറയപ്പെട്ടിട്ടുള്ള മാർഗങ്ങൾ വിശദീകരിക്കുകയാണ് ഞാൻ ചെയ്യുന്നത്.

ശിഷ്യന്റെ അവസ്ഥ ഗുരുവിന് അറിയാൻ കഴിയില്ലെന്ന് പറയാറുണ്ട്. അതുപോലെ ഗുരുവിന്റെ അവസ്ഥ ശിഷ്യനും അറിയാൻ കഴിയില്ല. അവരവരുടെ ഹൃദയത്തിൽ ഉണ്ടാവുന്ന അവസ്ഥാ വിശേഷങ്ങൾ പരസ്പരം അറിയാൻ കഴിയില്ല എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരാളുടെ ഹൃദയാവസ്ഥ മറ്റൊരാൾക്ക് അറിയാൻ കഴിയില്ല. യഥാർഥത്തിൽ ഇത് വാക്കുകളിൽ പ്രകടിപ്പിക്കാൻ കഴിയാത്ത വൈജ്ഞാനിക കഴിവാണ്. കരസ്ഥമാക്കുന്നവർക്ക് പോലും ഇത് വിവരിക്കുക അസാധ്യമാണ്. എന്നാൽ ഇത് പ്രാപ്യമാക്കാൻ സാധിക്കുന്ന മാർഗങ്ങൾ വിശദീകരിക്കാൻ സാധിക്കും. അത് വിശദീകരിക്കുന്നതാണ്. ഇവ പ്രാവർത്തികമാക്കിയതിന് ശേഷം സംജാതമാകുന്ന അവസ്ഥാ വിശേഷത്തെ കുറിച്ച് ഇന്ന് വരെ ആരും വിശദീകരിച്ചിട്ടില്ല. എനിക്കും വിശദീകരിക്കാൻ സാധ്യമല്ല. പഞ്ചസാര ഉണ്ടാക്കുന്നത് എങ്ങനെയാണ് എന്ന് പറയാൻ കഴിയും, എന്നാൽ അത് കഴിക്കുന്നത് വരെ അതിന്റെ രുചി പറഞ്ഞുകൊടുക്കുക സാധ്യമല്ല. അതുപോലെ ഇർഫാനെ ഇലാഹി എന്താണെന്ന് പറഞ്ഞു കൊടുക്കാം. എന്നാൽ അതിന്റെ അവസ്ഥ എന്താണെന്ന് വിവരിക്കുക അസാധ്യമാണ്. എന്നാൽ ആരെങ്കിലും അത് കരസ്ഥമാക്കിയാൽ അതിന്റെ അവസ്ഥ അയാൾക്ക് സ്വയംമനസ്സിലാകുന്നതാണ്.

### ദൈവത്തെ തിരിച്ചറിയാനുള്ള മാർഗങ്ങൾ

ഇനി ഞാൻ ഇർഫാനെ ഇലാഹി കരസ്ഥമാക്കേണ്ട ശരിയായ മാർഗങ്ങളും രീതികളും എന്തൊക്കെയാണെന്ന് വിവരിക്കുകയാണ്. വിശുദ്ധ ഖുർആൻ വിവരിക്കുന്ന ഗുണനാമങ്ങളുടെ

അടിസ്ഥാനത്തിൽ ആ സത്തയെ അന്വേഷിക്കുകയാണ് ഇർഫാനെ ഇലാഹിയുടെ അർഥമെന്ന് ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. ഇനി അതിനെ അന്വേഷിക്കേണ്ട മാർഗങ്ങൾ എന്തൊക്കെയാണെന്നാണ് നോക്കേണ്ടത്. മറ്റു വസ്തുക്കളെ പോലെ മനുഷ്യൻ ദൈവത്തെ തന്റെ മുമ്പിൽ കാണുകയും തന്റെ അവയവം കൊണ്ട് സ്പർശിക്കുകയും ചെയ്യുകയെന്നാണ് അന്വേഷിക്കുകയെന്നത് കൊണ്ട് അർത്ഥമാക്കുമ്പോൾ ദൈവത്തിലുള്ള എല്ലാ കാര്യങ്ങളും മനുഷ്യരിലും ഉണ്ടായിരിക്കേണ്ടതാണ്. കാരണം നമ്മുടെ അവയവങ്ങൾ സ്പർശിക്കുന്ന വസ്തുക്കൾ എല്ലാം പദാർഥരൂപത്തിൽ തന്നെയുള്ളവയാണെന്ന് നമുക്ക് കാണാവുന്നതാണ്. പദാർഥത്തിന്റെ അംശം എത്രകണ്ട് വസ്തുക്കളിൽ കുറഞ്ഞ് വരുമോ അത്രകണ്ട് നേർത്ത രീതിയിലാണ് വസ്തുക്കളെ അനുഭവിച്ചറിയാൻ കഴിയുക. വസ്തുക്കളിൽ ഏതുവരെ സാദൃശ്യം ഉണ്ടാകുന്നില്ലയോ അതുവരെ അതിൽ പരസ്പരബന്ധം ഉടലെടുക്കുകയില്ലെന്നതാണ് അതിനു കാരണം. ഉദാഹരണത്തിന് പോത്തിന്റെയും അറിവിന്റെയും ഇടയിൽ ഒരു തരത്തിലുമുള്ള സാദൃശ്യവും ഇല്ലാത്തതിനാൽ പോത്തിന്റെ മുന്നിൽ എത്ര നല്ല തത്ത്വങ്ങൾ വിശദീകരിച്ചാലും അതിന് ഒരിക്കലും മനസ്സിലാവുകയില്ല. അതുപോലെ തത്തയിൽ നാവിന്റെ കാര്യത്തിൽ സാദൃശ്യമുണ്ടെങ്കിലും ബുദ്ധിപരമായ കാര്യത്തിൽ സാദൃശ്യം ഇല്ലാത്തതുകൊണ്ട് അത് ശബ്ദത്തെ അനുകരിക്കുമെങ്കിലും ഒരു കാര്യവും അത് മനസ്സിലാക്കുന്നില്ല. ആയതിനാൽ ഇർഫാനെ ഇലാഹിക്ക് സാദൃശ്യം ഉണ്ടായിരിക്കേണ്ടതാണ്. ദൈവവുമായി സാദൃശ്യം ഉണ്ടായിത്തീരുമ്പോഴും ദൈവത്തിന്റെ ഗുണങ്ങൾ മനുഷ്യനിൽ ഉത്ഭൂതമാകുമ്പോഴാണ് അവന് ഇർഫാൻ കരസ്ഥമാകുന്നത്. നമ്മുടെ അസ്തിത്വം ദൈവത്തെ പോലെ ആയിത്തീരുന്നതുവരെ ഇർഫാനെ ഇലാഹി കരസ്ഥമാവുകയില്ലെന്ന് ഞാൻ പറയുകയില്ല. എന്നാൽ അതായത്, ദൈവത്തിന്റെ സ്വഭാവം തനിക്ക് ഉണ്ടാക്കിയെടുക്കുകയെന്നത് നബി(സ) പറഞ്ഞത് ഞാൻ ആവർത്തിക്കുകയാണ്. നിങ്ങളിലും ദൈവത്തിലും ഒരു സാദൃശ്യം ഉണ്ടായിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾ ദൈവത്തെ കാണുന്നതാണ്. നബി(സ) പറഞ്ഞത് അതുകൊണ്ടാണ്. നിങ്ങൾ ദൈവത്തെപോലെ ആയിത്തീരുമെന്നല്ല പറഞ്ഞത് മറിച്ച് നിങ്ങളുടെ സ്വഭാവം ദൈവത്തിന്റെ സ്വഭാവം പോലെ ആക്കിത്തീർക്കുകയെന്നാണ് പറഞ്ഞിട്ടുള്ളത്. ആർക്കും തന്നെ ദൈവത്തിന്റെ അസ്തിത്വത്തെ കുറിച്ച് മനസ്സിലാക്കാൻ കഴിയാത്തതിനാൽ അവന്റെ സാദൃശ്യം സ്വായത്തമാക്കാനും കഴിയില്ല എന്നതാണ് വാസ്തവം. മറ്റു വസ്തുക്കളെ പോലെ അല്ലാഹുവിന്റെ അസ്തിത്വത്തെ മനുഷ്യന് കാണാൻ സാധ്യമല്ല. എന്നാൽ അവന് മനസ്സിലാക്കാൻ കഴിയുന്ന ദൈവത്തിന്റെ ഗുണങ്ങൾ തന്നിൽ സന്നിവേശിപ്പിച്ചുകൊണ്ട് ദൈവത്തെ കാണാൻ സാധിക്കുന്നതാണ്. അതുകൊണ്ടാണ് ദൈവത്തിന്റെ സ്വഭാവം തന്നിൽ രൂപപ്പെടുത്തിയെടുക്കുന്നതിലേക്ക് നബി(സ) ശ്രദ്ധ ചെലുത്തിയത്. അല്ലാഹുവിന്റെ സ്വഭാവം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ ഗുണവിശേഷങ്ങളാണ്.

എന്റെ നാവിൽ നിന്ന് 'സിഫാത്ത്' അഥവാ ഗുണങ്ങൾ എന്ന പദം ഉയർന്നപ്പോൾ തന്നെ ഒരു സുഹൃത്തിന്റെ സ്വപ്നം ഞാൻ ഓർത്തു പോയി. വാർഷിക സമ്മേളനത്തിന് ദൈവീക നാമങ്ങളെ കുറിച്ച് ഞാൻ പ്രസംഗിക്കുന്നതായി അദ്ദേഹം സ്വപ്നം കണ്ടു. അതുകൊണ്ട് ദൈവീക നാമങ്ങളെ കുറിച്ച് പ്രസംഗിക്കാൻ അദ്ദേഹം എന്നോട് പറയുകയുണ്ടായി. ഈ സ്വപ്നം എന്നോട് പറഞ്ഞ സന്ദർഭത്തിൽ വാർഷിക സമ്മേളനത്തിനായി മറ്റൊരു വിഷയം ഞാൻ തയ്യാറാക്കിയിരുന്നു. ഇപ്പോൾ 'സിഫാത്ത്' എന്ന പദം ഉച്ചരിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്വപ്നം ഞാൻ സാന്ദർഭികമായി ഓർത്തുപോയതാണ്.

മഅ്‌രിഫത്തെ ഇലാഹി കരസ്ഥമാക്കുന്നതിന് വേണ്ടി ദൈവത്തിന്റെ സവിശേഷ ഗുണങ്ങൾ തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കാരണം മനുഷ്യൻ ഏതുവരെ റബ്ബും റഹ്മാനും റഹീമും മുഹൈമിനും സത്താറും ഗഫ്ഫാറും ആയിത്തീരുന്നില്ലയോ അതുവരെ അല്ലാഹുവിന്റെ പ്രതിബിംബം ആയിത്തീരാൻ സാധ്യമല്ല. ദൈവീക ഗുണങ്ങളുടെ ഛായ എത്രകണ്ട് മനുഷ്യനിൽ ഉണ്ടായിക്കൊണ്ടിരിക്കുമോ അത്രകണ്ട് അവൻ ദൈവീക ഗുണങ്ങളെ ദർശിച്ചുകൊണ്ടിരിക്കും. എന്നാൽ ദാസനുമായി ബന്ധമുള്ള എല്ലാ ഗുണങ്ങളും തന്നിൽ വാർത്തെടുക്കുമ്പോഴാണ് അയാൾ പരിപൂർണ മനുഷ്യനും ജ്ഞാനിയും ആയിത്തീരുന്നത്. അതിനുശേഷം അയാൾക്ക് ദൈവസായൂജ്യം എളുപ്പമായിത്തീരുന്നു. അവനും ദൈവവുമായി ഒരു ബന്ധം ഉണ്ടായിത്തീരുന്നു.

ദൈവീക ഗുണങ്ങൾ തന്നിൽ എന്തിന് വേണ്ടിയാണ് വളർത്തിയെടുക്കേണ്ടത് എന്ന ചോദ്യം ഉന്നയിക്കാറുണ്ട്. ആരോ പറഞ്ഞത് പോലെ അതായത് ***"ചന്ദനം തലവേദനക്ക് നല്ലതാണെന്ന് പറയും എന്നാൽ ചന്ദനം ഉരച്ച് പുരട്ടുകയെന്നതും ഒരു തലവേദന തന്നെയല്ലേ"***

## ദൈവീക ഗുണങ്ങൾ സ്വായത്തമാക്കേണ്ട രീതികൾ

ഇർഫാനെ ഇലാഹി കരസ്ഥമാക്കുന്നതിനായി ദൈവീക ഗുണങ്ങൾ സ്വായത്തമാക്കേണ്ടതാണെന്ന കാര്യം മനസ്സിലായി കഴിഞ്ഞു. എന്നാൽ ദൈവീക ഗുണങ്ങൾ സ്വായത്തമാവേണ്ടത് എങ്ങനെയാണ് എന്ന കാര്യവും

മനസ്സിലാക്കേണ്ടതുണ്ട്. അധിക മാളുകളും മറ്റുള്ളവരോട് കരുണ കാണിക്കണമെന്നും കാഠിന്യം കാണിക്കരുതെന്നും ആഗ്രഹിക്കുന്നവരാണെങ്കിലും അവരുടെ ഹൃദയത്തിന്റെ കാഠിന്യം അങ്ങനെ പ്രവർത്തിക്കാൻ അവരെ അനുവദിക്കുന്നില്ല. അതുപോലെ മറ്റുള്ളവരുടെ ന്യൂനതകൾ മറച്ച് വെക്കണമെന്ന് പല ആളുകളും ആഗ്രഹിക്കാറുണ്ട്. എന്നാൽ സന്ദർഭം വരുമ്പോൾ അവരുടെ വായിൽ നിന്ന് അത് പുറത്താവുന്നു. ഇതുപോലെ മാപ്പാക്കുന്ന ശീലം വളർത്തിയെടുക്കാൻ പലരും ശ്രമിക്കാറുണ്ട്.എന്നാൽ അവർക്ക് അത് സാധ്യമാകുകയില്ല. പരിശ്രമവും പ്രയ്തനവും ഉണ്ടായിട്ടും ഈ ഗുണങ്ങൾ ജനങ്ങൾക്ക് ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ അല്ലാഹുവിന്റെ ഗുണങ്ങൾ അവരിൽ നിന്ന് പ്രകടമാകും വിധം എങ്ങനെ മനുഷ്യന്റ കർമങ്ങൾ ആയിത്തീരും എന്ന ചോദ്യം അവശേഷിക്കുന്നു. .

## ദൈവീക ഗുണങ്ങളെക്കുറിച്ചുള്ള അറിവ്

മനുഷ്യൻ അല്ലാഹുവിന്റെ ഗുണങ്ങളെക്കുറിച്ചുള്ള അറിവ് സമ്പാദിക്കണമെന്നതാണ് ഒന്നാമത്തെ അനിവാര്യമായ കാര്യം. ആർക്കാണ് ഇതിനെക്കുറിച്ച് അറിവില്ലാത്തത് ഇത് വളരെ നിസ്സാരമായ കാര്യമല്ലേ എന്നൊന്നും ധരിക്കരുത്. കാരണം അധികം ആളുകൾക്കും ദൈവീകഗുണ നാമങ്ങൾ മന:പാഠമാകാറില്ല. ഇനി മന:പാഠമായാൽ തന്നെ അവയുടെ അർഥം അറിയുകയില്ല. ദൈവീക നാമങ്ങൾ മന:പാഠമാക്കുന്ന സമ്പ്രദായം പൊതുവായി മുസ്ലീംകളിൽ കാണാമെങ്കിലും അതിന്റെ അർഥം അവർക്ക് അറിയുകയില്ല. അർഥം അറിയാതെ വാക്കുകൾ കൊണ്ട് മാത്രം ഒരു പ്രഭാവവും ഉണ്ടാവുകയോ അവയിലൂടെ കർമപരമായ ഒരു പരിവർത്തനം സംജാതമാവുകയോ ഇല്ല. അധികം ആളുകൾക്കും അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഓർമയില്ല എന്നുളളതാണ് ഒന്നാമത്തെ കാര്യം. ഓർമയുള്ളവർക്കാകട്ടെ അതിന്റെ അർഥം അറിയുകയുമില്ല. ഇനി അർഥം അറിയുന്നവർക്കാണെങ്കിൽ അവനെ കുറിച്ച് ഒരു തരത്തിലുള്ള ബന്ധവും അവരുടെ ബുദ്ധിയിൽ സംജാതമാകുന്നില്ല. ബന്ധം ഉണ്ടാകാത്തതുവരെ വാക്കുകൾ ഒരു ഗുണവും ചെയ്യുകയില്ല. ഉദാഹരണത്തിന് 'ശാത്തുൻ' എന്ന പദം ആടിനെയാണ് സൂചിപ്പിക്കുന്നത്. ആട് എന്താണെന്ന് അറിയാത്തവനോട് 'ശാത്തുൻ' എന്ന പദം ആടിനെയാണ് സൂചിപ്പിക്കുന്നത് എന്ന് പറഞ്ഞാൽ അവന് ഒന്നും തന്നെ മനസ്സിലാവുകയില്ല. മനുഷ്യന്റെ ബുദ്ധിയിൽ ഒരുവസ്തുവിന്റെ ശരിയായ രൂപം നൽകാൻ കഴിയാത്ത ഒരു അർഥം അവന് അറിയുന്നതും അറിയാത്തതും ഒരുപോലെയാണ്. അതിനാൽ അർഥം അറിഞ്ഞത് കൊണ്ടുമാത്രം കാര്യമില്ല. മറിച്ച് അവയുടെ രൂപപ്രകൃതങ്ങളും ബുദ്ധിയിൽ വരേണ്ടത് അനിവാര്യമാണ്. എന്നാൽ അധികം ആളുകളും അവരുടെ അവസ്ഥയെ സംബന്ധിച്ച് തികച്ചും അജ്ഞരാണ്. ഉദാഹരണമായി, ആരോടെങ്കിലും റബ്ബിന്റെ അർഥം ചോദിച്ചാൽ 'പരിപാലകൻ' എന്ന് പറയും. എന്നാൽ അവന്റെ ഹൃദയത്തിൽ പരിപാലകന്റെ അവസ്ഥയോ അർഥമോ രൂപമോ ഉണ്ടാവുകയി ല്ല. അല്ലാഹുവിന്റെ ഗുണനാമങ്ങൾ (സിഫാത്ത്) അറിയുകയെന്നതിന്റെ ഉദ്ദേശ്യം നാമങ്ങളോ അർഥങ്ങളോ ഓർത്തിരിക്കുക എന്നല്ല. അല്ലാഹുവിന്റെ നാമങ്ങൾ നാവിൽ വരുമ്പോൾ അല്ലെങ്കിൽ കാതിൽ കേൾക്കുമ്പോൾ തന്നെ അതിന്റെ അവസ്ഥാവിശേഷങ്ങളും ഹൃദയത്തിൽ ഉൽഭൂതമാകണം. ഉദാഹരണത്തിന്, റഹ്മാൻ എന്നതിന്റെ അർഥം 'ആവശ്യപ്പെടാതെ നൽകുന്നവൻ' എന്നാണ്. ഈ വാക്ക് നാവിൽ വരുമ്പോൾ തന്നെ ഹൃദയത്തിൽ 'ചോദിക്കാതെ നല്കുന്നവൻ' എന്ന യാഥാർഥ ആശയം അതായത് അല്ലാഹു നമ്മുടെ അദ്ധ്വാനം കൂടാതെ നമുക്ക് തന്നനുഗ്രഹിച്ചിട്ടുള്ള ഔദാര്യങ്ങൾ വൈദ്യുതി പ്രവാഹം പോലെ നമ്മുടെ മുന്നിലൂടെ അല്ലെങ്കിൽ നമ്മുടെ ഹൃദയത്തിലൂടെ കടന്നു പോകണം. അല്ലാഹുവിന്റെ ഈ ഗുണം ചിത്രഭാഷയിലൂടെ നമ്മുടെ മുന്നിൽ പ്രകടമാകണം. ഈ കഴിവ് കരസ്ഥമായിട്ടില്ലാത്തവർ അല്ലാഹുവിന്റെ പൂർണമായ അവസ്ഥാരൂപം ഹൃദയത്തിൽ സംജാതമാകുന്നതിനായി സ്വയം ചിന്തിച്ച് ഈ വിശദീകരണങ്ങൾ സ്വന്തം ഹൃദയത്തിൽ കൊണ്ടു വരിക. അല്ലാഹുവിന്റെ ഏതെങ്കിലും ഗുണത്തിന്റെ അർഥം ചോദിക്കുമ്പോൾ പറയുമെങ്കിലും അതിന്റെ ആശയം ചോദിച്ചാൽ നിശ്ശബ്ദരാകുന്നവരാണ് അധികം ആളുകളും. അവരുടെ അവസ്ഥ ഈ പദ്യശകലം ബാഹ്യാർഥത്തിൽ ധരിച്ചവനെ പോലെയാണ്, അതായത്

***ഹം ഹുവേ തും ഹുവേ കെ മീർ ഹുവേ***

***ഉസ്കി സുൽഫോം കെ സബ് അസീർ ഹുവേ***

ഞങ്ങളെയും നിങ്ങളെയും മീർ സാഹിബിനെയും അവളുടെ മുടിയിൽ കെട്ടി ജയിലിൽ കൊണ്ടു പോയി.*

(മേൽ കവിതാ ശകലത്തിന്റെ യഥാർഥ അർഥം മീർ സാഹിബടക്കം നമ്മളെല്ലാവരും അവളുടെ മുടിയുടെ അഴകിൽ ആകൃഷ്ടരായി പോയി എന്നാണ്.)

ചുരുക്കത്തിൽ വാക്കുകളോടൊപ്പം അതുമായി ബന്ധപ്പെട്ടു കിടക്കുന്ന ശരിയായ അവസ്ഥയും സംജാതമാകുന്നതുവരെ, വാക്കുകളുടെ അർഥം മാത്രം അറിഞ്ഞതുകൊണ്ട് കാര്യമായില്ല. അതുകൊണ്ട് ദൈവത്തിന്റെ ഓരോ ഗുണത്തിന്റെയും അർഥം അറിയുകയെന്നത് മനുഷ്യന് അനിവാര്യമാണ്. ആ ഗുണത്തിന്റെ സകലമാന അവസ്ഥയും അവന്റെ ഹൃദയ

ത്തിൽ ഇറക്കുന്നതിനായി അത് വിശദീകരിക്കുകയും വേണ്ടതാണ്. ഉദാഹരണത്തിന്, റബ്ബ് എന്ന പദത്തിന്റെ അർഥം സൃഷ്ടിക്കുന്നവൻ ജനിപ്പിച്ച് അഭിവൃദ്ധി നല്കുന്നവൻ എന്നാണ്. അഭിവൃദ്ധി നൽകുക എന്നതിന്റെ അർഥം എന്താണ്? എങ്ങനെയാണ് ഏതെല്ലാം തരത്തിലാണ് പുരോഗതി നൽകുന്നത് എന്നീ കാര്യങ്ങൾ വിശദീകരിച്ച് മനസ്സിലാക്കുക. ഈ ഗുണനാമത്തിന്റെ പൂർണമായ ആശയവും അവസ്ഥയും ഹൃദയത്തിൽ ഉൽഭൂതമാകുന്നതുവരെ അതിനെ വിശദീകരിച്ചുക്കൊണ്ടിരിക്കുക.

ചുരുക്കത്തിൽ, അല്ലാഹുവിന്റെ ഗുണനാമങ്ങൾ തന്നിൽ സന്നിവേശിപ്പിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ ഈ ഗുണനാമങ്ങളുടെ ഉദ്ദേശ്യം എന്താണെന്ന് അറിഞ്ഞു കഴിയുമ്പോൾ മാത്രമാണ് അതിന്റെ യഥാർഥ അറിവ് കരസ്ഥമാകുന്നത്. ദൈവീക ഗുണങ്ങളുടെ യഥാർഥ അറിവ് കരസ്ഥമായി കഴിഞ്ഞാൽ പിന്നെ നന്മയുടെയും തിന്മയുടെയും അറിവ് സ്വയം സംജാതമാകുന്നതാണെന്ന് നല്ലവണ്ണം ഓർക്കുക. കാരണം ഈ ഗുണനാമങ്ങളെ അവലംബമാക്കി അതനുസരിച്ച് പ്രവർത്തിക്കുന്നതിന്റെ പേരാണ് നന്മയെന്നത്. ഇതിനെ ഉപേക്ഷിച്ചുകൊണ്ട് ഇതിനെതിരിൽ പ്രവർത്തിക്കുന്നതിന്റെ പേരാണ് തിന്മ. അല്ലാഹുവിന്റെ ഗുണനാമങ്ങൾക്കനുസൃതമായി തങ്ങളുടെ കർമങ്ങളെ മാറ്റുകയും അതിന് വിപരീതമായി വരുന്ന കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുക എന്നതാണ് വിശുദ്ധ ഖുർആനിൽ അടിസ്ഥാനപരമായി പറഞ്ഞിട്ടുള്ളത്. നന്മയുടെയും തിന്മയുടെയും എത്ര കണ്ട് വിവരണങ്ങൾ ഉണ്ടോ അതൊക്കെയും ഇതിന്റെ വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ആണ്. അധികം ആളുകൾക്കും നന്മ തിന്മകൾ എന്താണെന്ന് അറിയാത്തതിനാൽ പലപ്പോഴും തിന്മയെ നന്മയായും നന്മയെ തിന്മയായും തെറ്റിദ്ധരിക്കുന്നു. അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഏതു കാര്യത്തെയാണ് ഉദ്ദേശിക്കുന്നതെന്ന് അവർക്കറിയില്ലയെന്നതാണ് അതിന് കാരണം.

## നന്മതിന്മകളുടെ വ്യതിരിക്തത

എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവ് നേടിയിട്ടുള്ളവരും ഒരു പരിധിവരെ ഹിതവും അഹിതവുമായ കാര്യങ്ങളുടെ വിശദീകരണം അറിയുന്നവരും ലോകത്ത് ഉണ്ടായിരുന്നിട്ടും അതനുസരിച്ച് പ്രവർത്തിക്കാൻ അവർക്ക് സാധിക്കുന്നില്ല. ഇതിനു പരിഹാരമെന്താണ്? അവർക്ക് ദൈവീകജ്ഞാനവും ആത്മശുദ്ധിയും കരഗതമാവുന്നതിന്, അവരുടെ ആഗ്രഹമനുസരിച്ച് അല്ലാഹു അനുവദിച്ചു തന്ന കർമങ്ങൾ പ്രകാരം പ്രവർത്തിക്കാനും അവരെ തടഞ്ഞ കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ കഴിവുകിട്ടുന്നതിനുമായി അവർ എന്തു മാർഗമാണ് സ്വീകരിക്കേണ്ടത്?

ദൈവീകജ്ഞാനം കരസ്ഥമാക്കാനായി ഒട്ടും പരിശ്രമിക്കാത്തവർക്ക് ദൈവത്തിന്റെ ഗുണങ്ങളെക്കുറിച്ച് ഒരു തരത്തിലുള്ള അറിവും ഉണ്ടാവുകയില്ല. അത്തരക്കാർക്ക് അല്ലാഹുവിനെക്കുറിച്ചുള്ള അറിവ് നല്കുക എന്നതാണ് പരമപ്രധാനമായ കാര്യം. എന്നാൽ ദൈവത്തെ അഗീകരിക്കുന്നവരും ഇസ്‌ലാമിനെ അനുധാവനം ചെയ്യുന്നവരും ദൈവസാമീപ്യവും ജ്ഞാനവും കരസ്ഥമാക്കണമെന്ന് ആഗ്രഹിക്കുന്നവരുമാണ് ഇന്നത്തെ എന്റെ അഭിസംബോധകർ. അതിനാൽ നമുക്ക് ആദ്യം ഇവരുടെ പ്രശ്നത്തെപ്പറ്റി തന്നെ ചിന്തിക്കാം, അവരുടെ മാർഗത്തിൽ എന്തൊക്കെ തടസങ്ങളാണ് ഉള്ളതെന്നും അവയെ എങ്ങനെ ദൂരീകരിക്കാമെന്നും നോക്കാം.

***(ഇർഫാനെ ഇലാഹി (ദൈവജ്ഞാന ലബ്ധിക്കുള്ള മാർഗങ്ങൾ) എന്ന പുസ്തകത്തിൽ നിന്ന് )***

**പേജ് 33 ൽ നിന്ന് തുടർച്ച**

മലക്കുകൾ പ്രകടിപ്പിച്ച ഭയം എന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു.

ഒരു ജനതക്കും അവരുടെ കഴിവിനപ്പുറമുള്ള ഭാരം ചുമത്തപ്പെടുന്നതല്ലെന്ന് വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു. സ്രഷ്ടാവിന്റെ മാർഗദർശനമില്ലാതെ ഒരു ജനതയും ജീവിച്ചിട്ടില്ല. ഇതിന്റെ സൂചന ഒന്നാമതായി ആദമിന്റെ കാലംവരെ മനുഷ്യന് ദൈവികനിയമം മനസ്സിലാക്കാനുള്ള കഴിവുണ്ടായിരുന്നില്ല എന്നും വെളിപാടിന്റെ പ്രക്രിയ ആരംഭിച്ചശേഷം മദ്ധ്യപൗരസ്ത്യദേശങ്ങളിലെയും ഏഷ്യയിലെയും ജനങ്ങൾ മാത്രമായിരുന്നില്ല അതിന്റെ ഗുണഭോക്താക്കൾ എന്നുമാണ്. അതേപ്രകാരം ആഫ്രിക്കയിലേയും ആസ്ത്രേലിയയിലെയും അമേരിക്കയിലെയും ജനങ്ങൾക്ക് ഗുണപ്രദമായ രീതിയിൽ ദൈവിക മാർഗദർശനം ലഭിച്ചിരുന്നു.

ഇത് രണ്ടുവിധത്തിൽ ബൈബിളിലെ വിവരണവുമായി വ്യത്യസ്തമാണ്. ഒന്നാമതായി ആദം ആദ്യത്തെ മനുഷ്യനായി ഗണിക്കപ്പെടുന്നില്ല. മതത്തോടുകൂടിയുള്ള ആദ്യത്തെ മനുഷ്യനായിരുന്നു അദ്ദേഹം. മദ്ധ്യപൗരസ്ത്യദേശങ്ങളിലെ ജനങ്ങൾക്ക് മാത്രമായിരുന്നില്ല വെളിപാട് ലഭിച്ചത്. മനുഷ്യവർഗത്തിന് മുഴുവനും അവർക്കനുയോജ്യമായ വിധത്തിൽ വെളിപാട് ലഭിച്ചിരുന്നു. ലഭിച്ച സന്ദേശം ലോകത്തിലെ വ്യത്യസ്ത ഭാഗങ്ങളിൽ വ്യത്യസ്തമായ സങ്കീർണതകളോടെയായിരിക്കാം. എന്നാൽ അവ പരസ്പര വിരുദ്ധമായിരുന്നില്ല. ലോകംമുഴുവനുമുള്ള പരമ്പരാഗത വിശ്വാസങ്ങളിൽ സ്വർഗനരകങ്ങളെക്കുറിച്ചുള്ള വിഷയം ഉണ്ടായിരിക്കണമെന്നത് തികച്ചും ബുദ്ധിപൂർവകമാണ്. ശരിയായ വിശദവിവരങ്ങൾ കാലപ്പഴക്കത്താൽ വികൃതമായതാവാം. പക്ഷേ അതിന്റെ അടിസ്ഥാനതത്ത്വങ്ങൾ ഒന്നുതന്നെയായിരുന്നു.

**(വിവ: കെ.വി. എച്ച്. )**

കുറിപ്പുകൾ

# കുമ്പസാരം ഒരു മുക്തി മാർഗമോ?

**മുസാഫിർ**

കേരളത്തിൽ ലൈംഗിക പീഡനകേസുകളിൽ 18 മാസങ്ങൾക്കിടയിൽ അറസ്റ്റിലായത് 12 ക്രൈസ്തവ പുരോഹിതന്മാരാണ്. കേരളത്തിലെ കത്തോലിക്കാ സഭയിലും യാക്കോബായ ഓർത്തോഡക്സ് സഭയിലും ഇത്തരം വിവാദങ്ങൾ കത്തിപ്പടരുകയാണ്. കുമ്പസാരവുമായി ബന്ധപ്പെട്ട ലൈംഗിക പീഡനങ്ങൾക്കാണ് മിക്ക പുരോഹിതന്മാരും പ്രതിക്കൂട്ടിൽ നിൽക്കുന്നത്. ഈ രണ്ട് സഭകളുമാണ് കേരളത്തിൽ കുമ്പസാരം അംഗീകരിച്ച സഭകൾ. പ്രൊട്ടസ്റ്റന്റ് സഭകളുടെ കൂട്ടായ്മയായ സി എസ് ഐ സഭ (The Church of South India (CSI))യും സി എൻ ഐ സഭ (The Church of North India (CNI))യും മറ്റു മാർത്തോമാ സഭകളിലും നവ എപ്പിസ്കോപലിതര സഭകളിലും കുമ്പസാര ശുശ്രൂഷ ഇല്ല. അവർ ദൈവത്തോട് നേരിട്ടാണ് പാപങ്ങളേറ്റു പറഞ്ഞ് പ്രാർഥിക്കാറ്. ഓർത്തോഡക്സ് സഭയിൽ വൈദികനു മുമ്പിൽ കുമ്പസാരിച്ച ഒരു സ്ത്രീയുടെ കുമ്പസാര രഹസ്യം വെളിപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി അവരെ അഞ്ച് പുരോഹിതന്മാർ പീഡിപ്പിച്ചുവെന്നാണ് ആരോപണം. ഓർത്തോഡക്സ് സഭാ പുരോഹിതന്മാർ വിവാഹ ജീവിതം നയിക്കുന്നവരുമാണ് എന്നും ഓർക്കണം. അവർക്കെതിരെയുള്ള പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ്



അന്വേഷണം നടക്കുകയാണ്. ഇവിടെ ചർച്ച ചെയ്യുന്നത് അത്തരം ക്രിമിനൽ കേസുമായി ബന്ധപ്പെ കാര്യമല്ല. കുമ്പസാരത്തിന്റെ ദൈവശാസ്ത്രപരമായ ധാർമിക യുക്തിയെ പറ്റിയാണ്. കുമ്പസാരം നിരോധിക്കണമെന്ന ദേശീയ വനിതാകമ്മീഷന്റെ അഭിപ്രായത്തോട് യോജിക്കാൻ സാദ്ധ്യമല്ല. നൂറ്റാണ്ടുകളോളമായി ആചരിച്ചു വരുന്ന മതാചാരങ്ങളിൽ വീഴ്ചയും പിഴവുകളുമുണ്ടെങ്കിൽ തന്നെ അത് ബോധവത്ക്കരണത്തിലൂടെ ക്രമേണ പരിഷ്ക്കരിക്കുകയല്ലാതെ നിയമ നിരോധനങ്ങളിലൂടെ ഇല്ലാതാക്കുക എന്നത് ഒരു ജനാധിപത്യ രീതിയല്ല. ഇവിടുത്തെ പ്രബുദ്ധരായ ക്രിസ്തീയ സമുദായം ശാന്തശീലവും സമാധാന കാംക്ഷികളുമാണ് എന്നതിൽ തർക്കമില്ല.

മനുഷ്യൻ ചെയ്യുന്ന അകൃത്യങ്ങൾക്കും പാപങ്ങൾക്കുമുള്ള പരിഹാരത്തിന് കുമ്പസാരമാണ് ക്രിസ്തുമതത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. പാപമുക്തിക്കുള്ള അധികാരം കത്തോലിക്കാ സഭകളിൽ കുമ്പസാര കൂദാശ നടത്തുന്ന അവിവാഹിതനും ബ്രഹ്മചര്യമനുഷ്ഠിക്കുന്നയാളുമായ പുരോഹിതനാണ് നൽകിയിരിക്കുന്നത്. മറ്റുമതങ്ങളിൽ നിന്ന് വിഭിന്നമായി ദൈവത്തിനും ആരാധകനുമിടയിൽ ഇത്രയും പച്ചയായ രീതിയിൽ പൗരോഹിത്യം മദ്ധ്യസ്ഥത വഹിക്കുന്നത് ക്രിസ്തുമതത്തിൽ മാത്രമേ കാണാൻ കഴിയൂ. ഈ ആചാരമുണ്ടാക്കുന്ന കുറ്റകൃത്യങ്ങളും സാമൂഹിക പ്രശ്നങ്ങളും ധാർമിക ശോഷണവും ദിനേനയെന്നോണം വത്തിക്കാനിലും അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും ആസ്ത്രേലിയയിലും നമ്മുടെ നാടുകളിലടക്കം ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലും വർധിച്ചു വരികയാണ്. പുരോഹിതനു മുമ്പിൽ പാപങ്ങൾ ഏറ്റു പറഞ്ഞാൽ പാപി പാപവിമുക്തനാവും എന്നാണ് ക്രിസ്തീയ സിദ്ധാന്തം. എന്നാൽ ദുർബലനായ മനുഷ്യൻ ചെയ്യുന്ന ധാർമിക പാപങ്ങൾ പാപമുക്തിക്കായി മറ്റൊരു മനുഷ്യനു മുമ്പിൽ ഏറ്റുപറയാനോ വെളിപ്പെടുത്താനോ പാടില്ല എന്നാണ് പൗരോഹിത്യത്തെ വെറുക്കുന്ന ഇസ്ലാമിന്റെ അദ്ധ്യാപനം. എല്ലാ കുറ്റകൃത്യങ്ങളും പാപങ്ങളാണ്. എന്നാൽ എല്ലാ പാപങ്ങളും കുറ്റകൃത്യമാകണമെന്നില്ല. ക്രിമിനൽകുറ്റങ്ങൾക്കുള്ള പരിഹാരം രാജ്യത്തെ നിയമ

വ്യവസ്ഥയാണ് കൈകാര്യം ചെയ്യേണ്ടത്. ഇസ്‌ലാമിൽ ദൈവത്തിന്റെ ഒരു ഗുണനാമമായി പറഞ്ഞിരിക്കുന്നത് സത്താർ എന്നാണ്. അതിനർഥം മറച്ചുവെക്കുന്നവൻ എന്നാണ്. ദൈവം മറച്ചുവെക്കുന്ന ധാർമിക പാപങ്ങൾ ദൈവത്തിന് മുമ്പിൽ മാത്രമേ ഏറ്റു പറയാൻ പാടുള്ളൂ. അതോടൊപ്പം തന്നെ ചെയ്ത പാപങ്ങളിൽ നിന്ന് മോചനത്തിന് യാന്ത്രികമായ കുമ്പസാരമല്ല പാപത്തിൽ നിന്ന് വിട്ടുനിന്ന് സൽക്കർമങ്ങളിലൂടെ പാപിയായ മനുഷ്യൻ സാത്വിക ജീവിതം നയിച്ച് മുക്തി മാർഗം കൈകൊള്ളുകയും വേണം.

എല്ലാ മതങ്ങളിലും ആത്മീയ മുക്തിക്കായി പ്രായശ്ചിത്തത്തിന്റെയും പരിശുദ്ധി ആർജിക്കലിന്റെയും ഒരു രീതിയുണ്ട്. അതായത് ദുർബലനായ മനുഷ്യന്റെ പാപമുക്തിക്ക് പ്രായശ്ചിത്തം ഒരു മാർഗമാണ്. അത് ദൈവത്തോടാണ് നിർവഹിക്കേണ്ടത്. ക്രിസ്തുമതത്തിൽ ആചരിക്കപ്പെടുന്ന കുമ്പസാരം അങ്ങനെയുള്ള ഒരു ആദ്ധ്യാത്മിക മാർഗമായി കണക്കാക്കാൻ കഴിയില്ല എന്നാണ് ദൈവശാസ്ത്രവും അനുഭവവും പഠിപ്പിക്കുന്നത്. ഏക ദൈവ സങ്കൽപ്പത്തിലധിഷ്ഠിതമായ ഇസ്‌ലാം മതം ക്രിസ്തുമതത്തിലെ ദൈവ സങ്കൽപ്പവുമായി അടിസ്ഥാനപരമായി തന്നെ വ്യത്യസ്തമാണ്. മനുഷ്യനെന്നല്ല ഒരു സൃഷ്ട വസ്തുവും ദൈവമോ ദൈവത്തിന്റെ അംശമോ അല്ല എന്ന് ഇസ്‌ലാം അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയും അടിയുറച്ച് വിശ്വസിക്കുകയും ചെയ്യുന്നു. അത്തരം വിശ്വാസങ്ങൾ ദൈവ പരിശുദ്ധിക്ക് കളങ്കം ചാർത്തലാണെന്നാണ് ഇസ്‌ലാം പറയുന്നത്. മനുഷ്യൻ അവന്റെ പരിമിതിയിലും പരാധീനതയിലും ദുർബലനായാണ് സൃഷ്ടിക്കപ്പെട്ടത്. മനുഷ്യനായി പിറന്ന എല്ലാവർക്കും ഈ തത്ത്വം ബാധകമാണ്. വിശുദ്ധഖുർആൻ പറയുന്നു: ***'നിങ്ങൾക്ക് ഭാരം ലഘൂകരിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നു. കാരണം മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്.' (വി. ഖുർആൻ. 4:29)***

കുമ്പസാരത്തെ ചൂഷണം ചെയ്തുകൊണ്ടുള ലൈംഗിക കുറ്റകൃത്യങ്ങൾക്ക് പ്രധാന കാരണം മനുഷ്യന് പ്രകൃതിപരമായി പാലിക്കാൻ ബുദ്ധിമുട്ടുള്ള ബ്രഹ്മചര്യം ആത്മീയ മോക്ഷത്തിനുള്ള മാർഗമാണെന്ന് പറഞ്ഞ് അവർ ആചരിക്കുന്നത് കൊണ്ടാണെന്ന് വ്യക്തമാണ്. വിശുദ്ധ ഖുർആൻ ക്രിസ്ത്യാനികൾ ചെയ്യുന്ന ജീവകാരുണ്യ പ്രവർത്തനത്തെയും സേവനങ്ങളെയും പ്രശംസിക്കുകയും അവർ പിന്തുടരുന്ന ബ്രഹ്മചര്യ ജീവിതം അഥവാ സന്യാസ ജീവിതം കൃത്രിമമാണെന്നും അത് യേശുവിന്റെ അധ്യാപനമല്ലെന്നും മനുഷ്യ പ്രകൃതിക്ക് വിരുദ്ധമായ ബ്രഹ്മചര്യം അവർക്ക് പാലിക്കാൻ സാദ്ധ്യമല്ല എന്ന് സൂചന നൽകുകയും ചെയ്യുന്നു. ***'മറിയമിന്റെ പുത്രൻ ഈസായേയും നാം തുടർന്നയച്ചു. അദ്ദേഹത്തിന് നാം ഇഞ്ചീൽ നൽകി, അദ്ദേഹത്തെ പിൻപറ്റിയവരുടെ ഹൃദയത്തിൽ നാം കൃപയും കാരുണ്യവും സംജാതമാക്കി. പക്ഷേ സന്യാസി സമ്പ്രദായത്തെ അവർ നൂതനമായി കെട്ടിചമച്ചുണ്ടാക്കിയതാണ്. അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിക്കുക എന്നല്ലാതെ മറ്റൊന്നും നാം അവരോട് പറഞ്ഞിട്ടില്ല. എന്നിട്ട് അവർ അത് വേണ്ട വിധം പാലിച്ചുമില്ല. എന്നാൽ അവരിൽ നിന്ന് സത്യവിശ്വാസം കൈക്കൊണ്ടവർക്ക് നാം അവരുടെ പ്രതിഫലം നൽകി.' (വി. ഖുർആൻ 57:28)***

പാപം ചെയ്യാനുള്ള പ്രവണത മനുഷ്യ സഹജമായതിനാൽ പാപിക്ക് പാപവിമുക്തനായി പരിശുദ്ധി ആർജിക്കാനുള്ള മാർഗങ്ങൾ എല്ലാ മതങ്ങളും വിളംബരപ്പെടുത്തുന്നുണ്ട്. ഭഗവത് ഗീതയിൽ ഏത് പാപിക്കും പാപമുക്തനാകാൻ കഴിയും എന്ന് ആശ്വാസം നൽകുന്നു. ***പാപികളിൽ വെച്ച് നീ വലിയ പാപിയാണെന്ന് വന്നാൽ കൂടി ഈ ജ്ഞാനമാകുന്ന കപ്പലേറി പാപമാകുന്ന കടലെല്ലാം കടക്കുവാൻ നിനക്ക് സാധിക്കും നിശ്ചയം. (ഭഗവത് ഗീത 4: 36)*** പാപങ്ങൾ ഏറ്റു പറയാൻ ഒരു പാപമുക്തി മാർഗം ബൈബിൾ വേദപുസ്തകവും പറയുന്നുണ്ട്. പക്ഷേ ആരോട് എന്നതാണ് പ്രശ്നം. പഴയനിയമത്തിൽ ദൈവത്തോട് മാത്രമേ പാപ മോചനത്തിനുള്ള അർഥന ആകാവൂ എന്ന് വ്യക്തമായും കാണാം. ***'എന്റെ പാപം ഞാൻ നിന്നോട് ഏറ്റു പറഞ്ഞു. എന്റെ അപരാധം ഞാൻ മറച്ചുവെച്ചില്ല. ഞാൻ പറഞ്ഞു: എന്റെ അതിക്രമങ്ങൾ ഞാൻ കർത്താവിനോട് ഏറ്റു പറയും. അപ്പോൾ എന്റെ പാപത്തിന്റെ കുറ്റം നീ ക്ഷമിച്ചു. (സങ്കീർത്തനം: 32:5) ദൈവമേ നിന്റെ അചഞ്ചല സ്നേഹത്തിന് അനുസൃതമായി എന്നോട് കരുണ കാണിക്കേണമേ .....എന്റെ പാപത്തിൽ നിന്ന് എന്നെ ശുദ്ധീകരിക്കേണമേ കാരണം എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ സദാ എന്റെ കൺമുമ്പിലുണ്ട്.' (സങ്കീർത്തനം 51: 1-4)***

പാപവിമുക്തിക്ക് പ്രായശ്ചിത്തത്തോടെ ദൈവത്തിന് മുന്നിൽ ഏറ്റു പറയുക എന്നത് ഇസ്‌ലാമിലും ഒരു മാർഗമായി അല്ലാഹു പറയുന്നു. പാപമോചനം തേടുക എന്ന അർഥത്തിൽ ഇസ്‌ലാമിൽ ഉപയോഗിക്കുന്ന പദമാണ് 'ഇസ്തിഗ്ഫാർ'. മറയ്ക്കുക എന്നർഥമുള്ള 'ഗുഫ്റാൻ' എന്ന ധാതുവിൽ നിന്നാണ് ഇതിന്റെ നിഷ്പത്തി. മാത്രമല്ല ദൈവത്തിന്റെ ഒരു ഗുണനാമം മറച്ചു വെക്കുന്നവൻ (സത്താർ) എന്നുമാണ്. ദൈവം ഏകനാണെന്നും ആ ഏകനായ ദൈവത്തോട് മാത്രമേ ആരാധനയും പ്രാർഥനയും അർഥനയും പാടുള്ളൂ എന്നുമുള്ള ശക്തമായ അടിത്തറയിലാണ് ഇസ്‌ലാംമതം നിലകൊള്ളുന്നത്. പാപമോചനത്തി

നും പ്രാർഥനക്കും മധ്യസ്ഥനെ സ്വീകരിക്കുന്നത് ദൈവത്തിൽ പങ്ക് ചേർക്കലാണെന്നും അത് കഠിനമായ ആത്മീയ പാപമാണെന്നും ഖുർആൻ പറയുന്നു. വിശുദ്ധ ഖുർആനിലെ പ്രാരംഭ അധ്യായമായ സൂറ: ഫാത്തിഹയിൽ ***'നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായമർഥിക്കുകയും ചെയ്യുന്നു.'(1 :5)*** എന്ന പ്രഖ്യാപനമാണുള്ളത്. ദൈവത്തിനും ആരാധകനുമിടയിൽ യാതൊരു വിധ മധ്യസ്ഥനേയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. മനുഷ്യന്റെ അർഥനകളും വേദനകളും വിലാപങ്ങളും കേൾക്കാൻ ദൈവം മനുഷ്യനുമായി ഏറ്റവും അടുത്തവനാണെന്ന് ഖുർആൻ പറയുന്നു: ***'ജീവനാഡിയേക്കാൾ നാം അവനുമായി (അല്ലാഹുവുമായി) അടുത്തവനാണ്' (സൂറ: ഖാഫ്: 50:17)*** യാതൊരു മദ്ധ്യസ്ഥനേയയും കൂടാതെ അല്ലാഹുവിനെ മനുഷ്യൻ നേരിട്ട് ആരാധിക്കാനാണ് ഖുർആന്റെ ആഹ്വാനം. വിശുദ്ധ ഖുർആൻ പറയുന്നു: ***'നിങ്ങളുടെ നാഥൻ പറയുന്നു, നിങ്ങൾ എന്നോട് പ്രാർഥിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും' (40:61) 'അത്കൊണ്ട് നീ സഹനം കൈകൊള്ളുക. അല്ലാഹുവിന്റെ വാഗ്ദാനം സത്യം തന്നെയാണ്. നിന്റെ ബലഹീനതക്ക് നീ മാപ്പ് അപേക്ഷിക്കുക. സായാഹ്നത്തിലും പ്രഭാതത്തിലും നിന്റെ നാഥനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ വാഴ്ത്തുക.' (അൽ മുഅ്മിൻ-40: 56) 'അല്ലാഹുവിനോട് നീ പൊറുത്തു തരുന്നതിന് അപേക്ഷിക്കുക. നിശ്ചയമായും അല്ലാഹു അങ്ങേയറ്റം പൊറുത്തു കൊടുക്കുന്നവനും കരുണാമയനുമാകുന്നു.' (അന്നിസാഅ് 4:107)*** അല്ലാഹുവിന്റെ പൊറുമയെ പറ്റി റസൂൽ തിരുമേനി(സ)പറഞ്ഞ ഒരു ഹദീസ് ഇപ്രകാരമാണ്. ***'അല്ലാഹു പ്രസ്താവിച്ചു ആദമിന്റെ സന്താനമേ, നീ എന്നിൽ പ്രതീക്ഷയർപ്പിച്ച് പ്രാർഥിച്ചുകൊണ്ടിരുന്നാൽ നിന്നോട് ഞാൻ പൊറുക്കുന്നതാകുന്നു. നിന്നിൽ നിന്ന് സംഭവിച്ച കുറ്റകൃത്യങ്ങൾ ഞാൻ പരിഗണിക്കുന്നതല്ല. ആദമിന്റെ സന്താനമേ, നിന്റെ പാപങ്ങൾ പ്രത്യക്ഷ വാനത്തോളം ഉയരത്തിലെത്തിയ ശേഷമാണ് നീ എന്നോട് മാപ്പപേക്ഷിക്കുന്നതെങ്കിലും നിനക്ക് മാപ്പ് തരിക എന്നത് എനിക്ക് പ്രയാസമുള്ളതല്ല. ആദമിന്റെ സന്താനമേ, ഭൂമിയോളം വലുപ്പത്തിൽ പാപങ്ങൾ പ്രവർത്തിക്കുകയും പിന്നീട് എനിക്ക് പങ്കാളികളെ ചമക്കാതെ നീ എന്നെ കണ്ടുമുട്ടുകയും ചെയ്താൽ ഭൂമിയോളം വിശാലമായ മാപ്പുമായി ഞാൻ നിന്നെ സമീപിക്കും.' (തിർമിദി.)***

ദൈവസങ്കൽപ്പത്തിൽ ഇസ്‌ലാമുമായും ക്രിസ്തുമതത്തിന്റെ മാതൃമതമായ യഹൂദമതമായും ക്രിസ്തു മതത്തിന് അടിസ്ഥാനപരമായി തന്നെ ഭിന്നതകളുണ്ട്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനും അദൃശ്യനുമാണ് ദൈവം. ആ പരാശക്തി അനാദിയും അനന്തനും സർവശക്തനും സർവവ്യാപിയും സർവജ്ഞാനിയുമാണ്. ദൈവം ജാതനോ ജനകനോ അല്ല. ദൈവത്തെ മനുഷ്യപുത്രനായ യേശുവായി സങ്കൽപ്പിക്കുകയും യേശുവിനെ പറ്റി ബൈബിൾ വരച്ചുകാട്ടുന്ന എല്ലാ മാനുഷിക ബലഹീനതകളും ദൈവത്തിൽ ആരോപിച്ച് ക്രൈസ്തവദർശനം ദൈവസങ്കൽപ്പം വികൃതമാവുകയും ചെയ്യുന്നു. പ്രപഞ്ച യാഥാർഥ്യങ്ങൾക്കും മനുഷ്യയുക്തിക്കും ദഹിക്കാത്ത ഈ ദൈവശാസ്ത്രം ഇരുമ്പുലക്ക വിഴുങ്ങി ചുക്കുവെള്ളം കുടിച്ചാൽ മതി എന്ന് പറയുന്നത് പോലെ അപ്രായോഗികവും അയുക്തികവുമാണ്. ദൈവസങ്കൽപ്പത്തിലെ ഈ അടിസ്ഥാന വ്യതിയാനത്തിൽ നിന്നുമാണ് പുരോഹിതന്മാർക്ക് ദിവ്യത്വവും പാപമോചനാധികാരവും കൽപ്പിക്കുന്ന മറ്റുപല ദൈവശാസ്ത്ര വ്യതിയാനങ്ങളും ഉരുവം കൊള്ളുന്നത്.

മനുഷ്യന്റെ പാപത്തെ പറ്റിയും പാപമോചനത്തെ പറ്റിയും പല ദൈവശാസ്ത്ര വൈകല്യങ്ങളും അയുക്തികതയും ക്രൈസ്തവ ദൈവസങ്കൽപ്പത്തിൽ കാണാം. അതിൽ പാപമോചനം മറ്റൊരു രീതിയിലാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിൽ മനുഷ്യന്റെ മുക്തി മാർഗത്തിൽ പുരോഹിതന്മാർക്കുള്ള പങ്ക് അനിവാര്യവും അനിഷേധ്യവുമാണ്. ഖുർആൻ ഇത് നിരാകരിച്ചുകൊണ്ട് മഹാനായ യേശുവിന്റെ യഥാർഥ അദ്ധ്യാപനമെന്തായിരുന്നുവെന്ന് പറയുന്നു: ***'തങ്ങളുടെ മത പണ്ഡിതന്മാരെയും പുരോഹിതന്മാരേയും മർയമിന്റെ മകൻ മസീഹിനേയും അല്ലാഹുവിന് പുറമേ അവർ രക്ഷകർത്താക്കന്മാരാക്കി വെച്ചിരിക്കുകയാണ്. വാസ്തവത്തിൽ ഒരേയൊരു ദൈവത്തെ ആരാധിക്കാനല്ലാതെ അവരോട് കൽപ്പിക്കപ്പെട്ടിട്ടില്ല. അവനല്ലാതെ ഒരു ദൈവവും ഇല്ലതന്നെ. അവർ പങ്കാളിത്തം കൽപ്പിക്കുന്നതിൽ നിന്നും അവൻ പരിശുദ്ധനാണ്.'(അത്തൗബ 9:31).***

ക്രിസ്തുമതത്തിൽ പുരോഹിതന്മാരുടെ കാർമികത്വത്തിൽ നടക്കുന്ന കൂദാശകൾ അവരുടെ മതകീയ ജീവിതത്തിന്റെ അവിഭാജ്യഘടകമാണ്. ഏഴു കൂദാശകളിൽ ഒന്നാണ് കുമ്പസാരം. മറ്റുള്ളവ മാമ്മോദിസ, മൂറോന ഭിഷേകം, വിശുദ്ധ കുർബാന, വിവാഹം, പൗരോഹിത്യം, രോഗീലേപനം എന്നിവയാണ്. Catholic Encyclopedia യിൽ The Sacrament of Penance (കുമ്പസാര കൂദാശ) എന്ന തലക്കെട്ടിലെ വിവരണം നോക്കൂ: ***'ജ്ഞാനസ്നാന കൂദാശക്ക് ശേഷം പാപം ചെയ്തയാൾക്ക് യേശുവിനാൽ വ്യവസ്ഥ ചെയ്യപ്പെട്ടതും പുരോഹിതനിലൂടെ നൽകപ്പെടുന്നതുമായ പാപവിമോചനമാണ് (Priest's Absolution) കുമ്പസാര കൂദാശ'.***

ദൈവ പുത്രൻ എന്ന നിലക്ക് കൂദാശ അധികാരം യേശുവിന്

കൈവരുന്നതിന്റെ അവ്യക്തമായ ഒരു രേഖാചിത്രം ബൈബിൾ പുതിയ നിയമം നൽകുന്നു: ***'എന്നാൽ മനുഷ്യ പുത്രന്ന് ഭൂമിയിൽ പാപമോചനാധികാരം ഉണ്ടെന്ന് നിങ്ങൾ അറിയാൻ വേണ്ടി' (യോഹന്നാൻ 2:5), (ലൂക്കോസ് 5:24).*** യേശു ആ അധികാരം ഒരു ഊത്തിലൂടെ തന്റെ അപ്പോസ്തന്മാർക്ക് നൽകുന്നു. ***'യേശുവീണ്ടും പറഞ്ഞു നിങ്ങൾക്ക് സമാധാനം! അവൻ ഇതു പറഞ്ഞിട്ടു തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ടപ്പോൾ ശിഷ്യന്മാർ സന്തോഷിച്ചു. യേശു വീണ്ടും പറഞ്ഞു: നിങ്ങൾക്ക് സമാധാനം, പിതാവ് എന്നെ അയച്ചിരിക്കുന്നത് പോലെ ഞാനും നിങ്ങളെ അയക്കുന്നു. ഇത് പറഞ്ഞിട്ട് അവൻ അവരുടെ മേൽ ഊതി. അവൻ പറഞ്ഞു: പരിശുദ്ധാത്മാവിനെ സ്വീകരിക്കുക. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ക്ഷമിച്ചാൽ അവ ക്ഷമിക്കപ്പെടും നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ നിലനിർത്തിയാൽ അവ നിലനിർത്തപ്പെടും.' (യോഹന്നാൻ 20: 21 23 വരെ)*** അപ്പോസ്തലന്മാർ ആ ഊത്തിലൂടെ ലഭിച്ച കൂദാശ അധികാരം സഭക്കും സഭ പുരോഹിതന്മാർക്കും നൽകുന്നു. അങ്ങനെയാണ് പാപമോചനാധികാരം സംക്രമിക്കുന്നത്. ഈ ബൈബിൾ വചനത്തിലൊന്നും തന്നെ പുരോഹിതന്മാർക്കോ അപ്പോസ്തലന്മാർക്കോ പാപ പരിഹാരത്തിന്റെ മധ്യവർത്തിയാകാനുള്ള വേദപുസ്തകം പോലും നൽകുന്നില്ല എന്നതാണ് വാസ്തവം. സ്വകൽപ്പിതമായ വ്യാഖ്യാനത്തിൽ നിന്നാണ് പുരോഹിതന്മാർക്ക് കുമ്പസാര അധികാരം ലഭിക്കുന്നത്.

ക്രിസ്തു സഭ റോമൻ വത്കൃതമാവുന്നതിന് മുമ്പ് ആദിമനൂറ്റാണ്ടുകളിൽ തന്നെ യേശുവിന്റെ വത്സലശിഷ്യനായ സെന്റ് തോമസ് കേരളത്തിലെത്തി സഭ സ്ഥാപിച്ചിട്ടുണ്ട്. യേശുവും ശിഷ്യൻ തോമസും ഒരുമിച്ചാണ് ഇന്ത്യയിലേക്ക് പുറപ്പെട്ടത് എന്നത് ഒരു ചരിത്ര യാഥാർഥ്യമാണ്. നിർഭാഗ്യവശാൽ എല്ലായിടത്തും സംഭവിച്ചത് പോലെ കേരളത്തിലെ ക്രിസ്തുസഭയുടെ ആദിമചരിത്രത്തിന്റെ അഭാവം ക്രിസ്തുവിന്റെ യഥാർഥ അദ്ധ്യാപനങ്ങളെ പറ്റി അറിയാനുള്ള വഴി മുടക്കിയിരിക്കയാണ്. കേരളത്തിലെ നസ്രാണികൾ എന്ന് വിളിക്കപ്പെട്ടിരുന്ന പുരാതന ക്രിസ്ത്യാനികൾ പതിനഞ്ചാം നൂറ്റാണ്ടിൽ അതിക്രൂരമായാണ് റോമൻ വത്ക്കരിക്കപ്പെട്ടത്. അതിന് മുമ്പ് കേരളത്തിലെ തനത് ക്രിസ്ത്യാനികൾക്ക് കുമ്പസാരം എന്ന വാക്കും ഈ ആചാരവും അറിയില്ലായിരുന്നു. കുമ്പസാരം ഒരു മലയാള പദമല്ല. ആ പദത്തിന്റെ നിഷ്പത്തി പോർച്ചുഗീസ് ഭാഷയിലാണ്. കപ്പൽ പൊളിഞ്ഞാൽ രക്ഷപ്പെടുവാൻ ഉപയോഗിക്കുന്ന പലക എന്നാണ് പോർട്ടുഗീസു ഭാഷയിൽ ആ പദത്തിന്റെ അർഥം. ഓർത്തോഡക്സ് സഭകളിൽ റോമൻ കത്തോലിക്കരിൽ നിന്നായിരിക്കാം ഈ ആചാരം പകർന്നത്. കുമ്പസാരം പോലെ കുരിശ് എന്ന പദവും മലയാളമല്ല, അത് പോർട്ടുഗീസാണ്. ഇതിൽ നിന്ന് മനസ്സിലാവുന്നത് കുരിശാരാധനയും കുമ്പസാരവും കേരളത്തിലെ പ്രാക്തന വിശുദ്ധിയുള്ള പുരാതന നസ്രാണി ക്രിസ്ത്യാനികൾക്ക് അറിയില്ലായിരുന്നു എന്നാണ്. ക്രൂരന്മാരായ പോർട്ടുഗീസുകാർ നിർബന്ധിച്ചു നടപ്പാക്കിയ ആചാരങ്ങളാണ് ഇതൊക്കെ. എ.ഡി 1599 ൽ കേരളത്തിലെ പുരാതന ക്രിസ്ത്യാനികളെ നിർബന്ധിച്ച് റോമൻ വത്ക്കരിക്കാൻ എറണാകുളത്തെ ഉദയംപേരൂരിൽ വിളിച്ചു ചേർത്ത സുന്നഹദോസിൽ പാസ്സാക്കിയ കനോനകളിൽനിന്ന് ഇക്കാര്യം വ്യക്തമാകും.

***'കുമ്പസാരം എന്നാൽ കപ്പൽ മുറിഞ്ഞു പോയാൽ രക്ഷപ്പെടുവാനുള്ള പലക എന്നാണർത്ഥം.... നസ്രാണികൾ ഒക്കെയും മുഴുവനായ ദൃഢതയുണ്ടാവാൻ കുറഞ്ഞത് ആണ്ടിൽ ഒരിക്കൽ അമ്പത് നൊയമ്പിൽ കുമ്പസാരിക്കണം. ഈ വണ്ണം ചെയ്യാത്തവർക്ക് ചാവ് ദോഷം ഉണ്ട്. മഹറോൺ ചൊല്ലുന്നത് ന്യായം താനും. എന്നാൽ ഇത്രയും കാലം ഈ കൽപ്പന ഈ ഇടവകയിൽ നടക്കാത്തതിനെ കൊണ്ട് ശുദ്ധമാന ഈ സൂനഹദോസ് അറിയിക്കുന്നു നസ്രാണികൾ ഒക്കെയും തങ്ങൾക്ക് നന്മതിന്മ അറിയാൻ ദൃഢത ഉണ്ടാവാൻ ആണ്ടിൽ ഒരിക്കൽ അമ്പത് നൊയമ്പിൽ കുമ്പസാരിച്ചേ മതിയാവൂ. അത്കൊണ്ട് അമ്പതുനൊയമ്പിന്റെ തലേനൊയമ്പു തൊട്ട് പുതു ഞായറാഴ്ച്ച കുമ്പസാരിച്ച് കുർബാന കൈകൊള്ളാത്തവർക്ക് ചാവ് ദോഷം ഉണ്ട്. എന്നാൽ ന്യായമായ മുടക്കം ആയിട്ട് ഈ കൽപ്പന തക്കവണ്ണം പുതുഞായറാഴ്ച്ചക്കകം എത്തിയില്ലെങ്കിൽ അമ്പതാം പെരുന്നാൾക്കകം എത്തിച്ചേ മതിയാകൂ. അത്കൊണ്ട് ഈ പ്രമാണത്തിന് തക്കവണ്ണം ഇരിക്കാത്തവർക്ക് ഇടവകയിലെ മൂപ്പൻ ആകുന്ന പട്ടക്കാരൻ അവർക്ക് പള്ളിയിൽ നിന്ന് മഹറോൺ ഉണ്ടെന്ന് അറിയിക്കണം.' (ഉദയം പേരൂർ സൂനഹദോസിന്റെ കാനോനകൾ- വിവർത്തനം: ഡോ. സ്കറിയാ സ്കറിയാ, പേജ് 172)***

ചുരുക്കത്തിൽ ഒരു മനുഷ്യന് മുമ്പിൽ തന്റെ ബലഹീനതകൾ ഏറ്റുപറയുന്ന കുമ്പസാരം എന്നത് ഒരുആദ്ധ്യാത്മിക മാർഗമല്ല. വ്യക്തിയുടെ അന്തസ്സിനും അഭിമാനത്തിനും ജീവന് പോലും ഭീഷണിയുയർത്തുന്ന ഒരു അനാചാരമാണത്. ക്രിസ്തീയ പൗരോഹിത്യം തങ്ങളുടെ അപ്രമാദിത്യം വിശ്വാസികളിൽ അടിച്ചേൽപ്പിക്കാൻ കണ്ടെത്തിയ ഈ ആചാരം യഥാർഥ ക്രിസ്തുമതം അംഗീകരിക്കില്ല. അത് മഹാനായ യേശുവിന്റെ അദ്ധ്യാപനവുമല്ല.

# പഴയങ്ങാടി അഹ്മദിയ്യാ ശതാബ്ദി ആഘോഷത്തിന് ഉജ്ജ്വല തുടക്കം

**പ്രൊഫ. മഹ്മൂദ് അഹ്മദ്**

പഴയങ്ങാടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശതവാർഷികാഘോഷ ഉദ്ഘാടനം 2018 ജൂലൈ 15ന് ദക്ഷിണേന്ത്യയിലെ അഹ്മദിയ്യാ പ്രവർത്തനങ്ങളുടെ മുഖ്യ സാരഥി ശിറാസ് അഹ്മദ് സാഹിബ് നിർവ്വഹിച്ചു. നൂറു വർഷങ്ങൾക്ക് മുമ്പ് ത്യാഗത്തിന്റേയും സഹനത്തിന്റേയും കനൽ വഴിയിൽ പഴയങ്ങാടിയിലെ പൂർവികർ തുടങ്ങിവെച്ച സത്യസഹന ശാന്തി യാത്രയുടെ ഓർമകളിൽ ശതാബ്ദി ആഘോഷങ്ങൾക്ക് സമാരംഭിച്ചു.

1918 ജൂലൈ മാസത്തിലാണ് പഴയങ്ങാടിയിൽ ദക്ഷിണേന്ത്യയിലെ ആദ്യത്തെ അഹ്മദിയ്യാ മസ്ജിദിന് മസീഹ് മൗഊദി (അ)ന്റെ സഹാബിയായ ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി (റ) തുടക്കമിട്ടത്. 1920 ഏപ്രിൽ 12ന് ഹദ്റത്ത് മൗലാനാ സയ്യിദ് അബ്ദുറഹീം സാഹിബ് ബിഹാരി (റ) ആണ് മസ്ജിദ് ഉൽഘാടനം ചെയ്തത്. പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്ത് ആരംഭിച്ച കാലത്തു ജമാഅത്തിന്റെ സിക്രട്ടരി സീരെ വീട്ടിൽ കുഞ്ഞഹമ്മദ് സാഹിബായിരുന്നു. പഴയങ്ങാടിയിലെ അഹ്മദിയ്യാ മസ്ജിദിനു സ്ഥലം നൽകിയതും പള്ളി നിർമിച്ചതും അദ്ദേഹമാണ്.

സമ്മേളനം ഉൽഘാടനം ചെയ്തു കൊണ്ടു ശിറാസ് അഹ്മദ് സാഹിബ് ചെയ്ത പ്രസംഗം ആത്മീയതയും സാന്മാർഗ്ഗിക മൂല്യങ്ങളും അറിവിന്റെ ആഴിയിൽ നിന്ന് സംഭരിച്ചു നൽകുന്നതായിരുന്നു. അഹ്മദിയ്യാ ഖിലാഫത്തിന്റെ ഉയരത്തിലിരുന്നു കാലത്തിന്റെ ഖലീഫ പറയുന്നത് പരിശുദ്ധ



ഖുർആൻ തന്നെ ആയിരിക്കും. അല്ലാഹുവിൽ നിന്നുള്ള അറിവിലൂടെയാണ് ഖലീഫ സംസാരിക്കുന്നത്. ആധുനിക വിജ്ഞാനത്തിന്റെ മേലാപ്പിൽ നാം ശാസ്ത്രത്തെ കാണുന്നു. ഇന്ന് നമുക്ക് ശാസ്ത്രജ്ഞന്മാർ നൽകുന്ന ശാസ്ത്രദർശനങ്ങൾ വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തപ്പെട്ടതായി കാണുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ് റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) യുക്തി, ജ്ഞാനം, വെളിപാട് എന്ന പേരിൽ ഇംഗ്ലീഷിൽ രചിക്കുകയും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുകയും ചെയ്ത ആ ഗ്രന്ഥം സംസ്കാരത്തിന്റേയും ശാസ്ത്രത്തിന്റേയും ചരിത്രത്തിന്റേയും കലവറയാണ് നമുക്ക് തുറന്നു കിട്ടിയത്. എത്ര വലിയ ശാസ്ത്രജ്ഞനും അല്ലാഹുവിന്റെ ഇംഗിതം പറയാനാവില്ല. ഖലീഫക്ക് അല്ലാഹുവിന്റെ സഹായത്താൽ അല്ലാഹുവിന്റെ ഇംഗിതം പറയാനാവും. അഹ്മദിയ്യാ വിദ്യാർത്ഥികൾ ശാസ്ത്രത്തിൽ ഗവേഷണം നടത്തണം. കാരണം യഥാർത്ഥ ശാസ്ത്ര പഠനത്തിന്റെ ഒടുവിൽ അവർക്ക് അറിയാൻ കഴിയുക ദൈവാസ്തിക്യമാണ്. ശിറാസ് സാഹിബിന്റെ ഗഹനമായ പ്രഭാഷണം വിജ്ഞാനത്തിന്റെ വിദ്യുദ് പ്രവാഹത്താൽ സമ്മേളനത്തെ പ്രഭാവിതമാക്കി. മൗലവി മൻസിൽ അഹ്മദ് സാഹിബ് പ്രഭാഷണം പരിഭാഷപ്പെടുത്തി. .

പഴയങ്ങാടി അമീർ ജ: സി.ജി. സലാം സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശതാബ്ദി ആഘോഷത്തിന്റെ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സ്വാഗതമാശംസിച്ചു. ശതാബ്ദി വർഷത്തിലെ പരിപാടികൾക്ക് നേതൃത്വം നൽകുന്ന ഡോ. ഗുലാം അഹ്മദ് സാഹിബ് വേദിയിലുണ്ടായിരുന്നു. പഴയങ്ങാടി അഹ്മദിയ്യാ ജമാഅത്തിന്റെ നൂറു വർഷത്തെ റിപ്പോർട്ട് ശതാബ്ദി ആഘോഷ ക്ഷേമകാര്യ കൺവീനർ എസ്.വി. സദുറുദ്ദീൻ സാഹിബ് അവതരിപ്പിച്ചു. തുടർന്ന് ഇസ്‌ലാഹെ ഇർഷാദ്, ദക്ഷിണേന്ത്യാ നാസിർ നാഇബ് മൗലവി നാസിർ അഹ്മദ് സാഹിബ് ചെയ്ത മുഖ്യ പ്രഭാഷണത്തിൽ അഹ്മദികൾ വിനയത്തിലും ലാളിത്യത്തിലും ജീവിത ശുദ്ധിയിലും മാതൃകകളായിരിക്കണമെന്ന് അഭ്യർത്ഥിച്ചു. ജ: സി.എച്ച്. അബ്ദുശ്ശുക്കൂർ സാഹിബ് പഴയങ്ങാടി ജമാഅത്തിന്റെ ആദ്യകാല ചരിത്രം വികാരവിചാര സാന്ദ്രമായി അവതരിപ്പിച്ചു. അൻസാറുല്ലാഹ് ഭാരത് നാഇബ് സദർ യു. മൻസൂർ അഹ്മദ് സാഹിബ്, കണ്ണൂർ ജില്ലാ അമീർ അബ്ദുൽ അസീസ് സാഹിബ്, കുവൈത്ത് ദേശിയ സദർ കെ. അഹ്മദ് ഇസ്മാഈൽ സാഹിബ്, ബെംഗളൂർ അമീർ ബി. മുസദ്ദിഖ്




സാഹിബ്, പഴയങ്ങാടിയിലെ മുൻ അമീറും ഇപ്പോൾ കണ്ണൂർ ടൗൺ അമീറുമായ പി.പി. നാസിറുദ്ദീൻ സാഹിബ്, പഴയങ്ങാടി മുൻ അമീർ സി. സലീം അഹ്മദ് സാഹിബ് എന്നിവർ ആശംസകൾ അർപ്പിച്ചു. ജില്ലാ അമീർമാരായ ടി.കെ. അമീർ സാഹിബ് (മലപ്പുറം), എച്ച്. സുലൈമാൻ സാഹിബ് (പാലക്കാട്), ഷാഹുൽ ഹമീദ് സാഹിബ് (എറണാകുളം) എന്നിവരും സദസ്സിനെ അഭിസംബോധന ചെയ്തു.




മജ്‌ലിസ് അൻസാറുല്ലായുടെ എറണാകുളം - ആലപ്പുഴ ജില്ലാ സമ്മേളനം സൗത്ത് കേരള നാസിം എം. താജുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. ബി.ബി. അഹ്മദ് കബീർ, ടി.കെ. അബൂബക്കർ, മൗലവി സൈനുലാബ്ദീൻ, മൗലവി സുൽത്താൻ നസീർ എന്നിവർ സമീപം.




കോഴിക്കോട് ജില്ലാ അൻസാറുല്ലാഹ് വാർഷിക സമ്മേളനം ഭാരത് അൻസാറുല്ലാഹ് നായിബ് സദർ യു. മൻസൂർ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. കോഴിക്കോട് ജില്ലാ അമീർ ഡോ. സി. സലാവുദ്ദീൻ, നോർത്ത് ഇലാഖാ സദർ റഫീ അഹ്മദ്, ജില്ലാ മുബല്ലിഗ് മൗലവി ഹനീഫ് എന്നിവർ സമീപം.

അനുസ്മരണം:-

# വാഴയിൽ മഹ്മൂദ് സാഹിബ്



കൂടാളി ജമാഅത്തിലെ സജീവ അംഗമായിരുന്ന വി. മഹ്മൂദ് സാഹിബ് (86 വയസ്സ്) 30.04.2018ന് നിര്യാതനായി. (ഇന്നാലില്ലാഹി....)

പരേതൻ പ്രാദേശിക ജമാഅത്തിൽ ആദ്യകാല സിയാഫത്ത്, റിസ്താനാത്ത സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ഉംറ ചെയ്യുവാനുള്ള സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. ഭാര്യ: വി.പി. ഫാഹ്മിദ. മക്കൾ: മുനവ്വർ അഹ്മദ്, അൻവർ അഹ്മദ്, ഹമീദ് അഹ്മദ്, നെസീറ, റഫീഖ് അഹ്മദ്, ഹഫീസ് അഹ്മദ്, സെഹീറ. മരുമക്കൾ: ആമിന, റുക്സാന, ഫരീദ, സലീന, നാജിദ, പി.ഉമ്മർ (മുറിയക്കണ്ണി), നാസർ അഹ്മദ് (കോഴിക്കോട്). - *ഉമ്മർ പാറപ്പുറം*

# ആലപ്പുഴക്ക് ആശ്വാസമായി ഹ്യുമാനിറ്റി ഫസ്റ്റ്

ഹ്യുമാനിറ്റി ഫസ്റ്റ് ഇന്ത്യയുടെ കേരള ഘടക നിർദ്ദേശപ്രകാരം 27-07-2018ന് കൊല്ലം ജില്ലാ ഹ്യുമാനിറ്റി ഫസ്റ്റ് അംഗങ്ങളും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴയും സംയുക്തമായി കരുനാഗപ്പള്ളി ഖാഇദ് അഹ്മദ് സാബിതിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലെ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ദുരിത ബാധിതരുടെ ക്യാമ്പുകളിൽ ആഹാര പദാർഥങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

Published on 7.08.2018
Pages 44
Vol: 90 Issue. 8
RNI No. 3332/1957, Registered KL/EKM/726/2018-20
Price Rs. 30/-
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

# മജ്‌ലിസ് അൻസാറുല്ലാഹ്
# സംസ്ഥാന സമ്മേളനം



**പഴയങ്ങാടി ഗാർഡൻസിൽ**
**2018 സെപ്തംബർ 8,9**

- ഉദ്ഘാടന സമ്മേളനം
- സെമിനാറുകൾ
- തർബിയ്യത്ത് ക്ലാസ്സുകൾ
- വൈജ്ഞാനിക മത്സരങ്ങൾ
- കായിക മത്സരങ്ങൾ